Reg. M. No. 2293

ഒറ്റപ്രതി 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 | 1129 കന്നി 28—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1953 ഒക്ടോബർ 14 | ലക്കം 9

## തിരുസ്സഭാചരിത്രം

(പ്രഫസ്സർ പി. ടി. തോമസ് എം. എ.)

ക്രിസ്തുവിന്റെ ജനനം ചരിത്രസംഭവങ്ങളുടെ കാലം കുറിക്കുവാൻ ഉപകരിക്കുന്ന ഒരു സൂചികയായി സാധാരണക്കാർ കരുതിപ്പോരുന്നു. ക്രിസ്തുവിന്റെ ജനനംതൊട്ടു മുൻപോട്ടും പുറകോട്ടും സംവത്സരങ്ങളും ശതാബ്ദങ്ങളും എണ്ണിക്കുറിച്ചുകൊണ്ടു് ചരിത്രം കടന്നുപോകുന്നു. എന്നാൽ ക്രിസ്തുവിന്റെ ജനനത്തെ ആധാരമാക്കി സംവത്സരങ്ങൾ എണ്ണുമ്പോൾ ഒരു ക്രിസ്ത്യാനി പരോക്ഷമായിട്ടെങ്കിലും അയാളുടെ വിശ്വാസത്തെ സ്ഥിരീകരിക്കയാണു ചെയ്യുന്നതു്. അയാൾ ക്രിസ്തുവിന്റെ മനുഷ്യാവതാരത്തെ മനുഷ്യചരിത്രത്തിന്റെ മദ്ധ്യത്തിൽ അതർഹിക്കുന്ന സ്ഥാനത്തു് പ്രതിഷ്ഠിക്കുന്നു. ലൗകികവും ആദ്ധ്യാത്മികവുമായ പരിഗണനയിൽ ക്രിസ്തുവിന്റെ മനുഷ്യാവതാരത്തോടു തുല്യതവഹിക്കുന്ന മറ്റൊരുസംഭവവും ലോകം ദർശിച്ചിട്ടില്ല. കാരണം അതു് മനുഷ്യജാതിയുടെ പരിത്രാണം സാധിതപ്രായമാക്കിയ ദിവ്യമുഹൂർത്തമായിരുന്നു.

ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിൽ നിക്ഷിപ്തങ്ങളായിരിക്കുന്ന അപരിമേയങ്ങളായ ദിവ്യാനുഗ്രഹങ്ങൾ മനുഷ്യവംശത്തിനു് അനുഭവവേദ്യങ്ങളാക്കുവാൻ വേണ്ടി ക്രിസ്തു ഒരു സഭയെ സ്ഥാപിച്ചു. അതു് ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെ അവിച്ഛിന്നമായ പിൻതുടർച്ചയാണു്. കാലത്തിന്റെ അന്ത്യംവരെയും ക്രിസ്തുവിന്റെ പരിപാലനയും മാർഗ്ഗദർശിത്വവും ആ സ്ഥാപനത്തിനുണ്ടായിരിക്കും. ദൈവനിവേശിതമായ ഈ സ്ഥാപനത്തിന്റെ ഉത്ഭവം, വളർച്ച, പരിണാമം ഇവയുടെ ചരിത്രമാണു് തിരുസ്സഭാചരിത്രം.

സാമൂഹ്യജീവിയായ മനുഷ്യൻ അവന്റെ ബഹുമുഖമായ പുരോഗതിയെ സുഗമമാക്കുവാൻ വേണ്ടി അനവധി സ്ഥാപനങ്ങൾ നിർമ്മിച്ചിട്ടുണ്ടു്. അവ മനുഷ്യസഹജമായ അവസ്ഥാന്തരങ്ങൾക്കു വിധേയമായി വളരുകയും ക്ഷയിക്കുകയും കാലഗതിയിൽ നാമാവശേഷങ്ങളായിത്തീരുകയും ചെയ്യുന്നു. പഴയ സ്ഥാപനങ്ങളുടെ സ്ഥാനത്തു് പുതിയവ രംഗപ്രവേശം ചെയ്യുന്നു. അങ്ങനെ മനുഷ്യൻ ചരിത്രം സൃഷ്ടിക്കുന്നു; പരിവർത്തനങ്ങളിൽക്കൂടി പുരോഗമിക്കുന്നു. എന്നാൽ മനുഷ്യനിർമ്മിതങ്ങളായ ഈ എണ്ണമററ സ്ഥാപനങ്ങളുടെ മദ്ധ്യേ അതുല്യവും അത്ഭുതകരവുമായ ഒരു സ്ഥാപനം നിലനിന്നുപോരുന്നുണ്ടു് — ദൈവസ്ഥാപിതമായ തിരുസ്സഭ. ദൈവത്തിന്റെ പരിപാലനയ്ക്കു് അതു പ്രത്യേകതരത്തിൽ വിധേയമായിരിക്കുന്നതുകൊണ്ടുതന്നെ അതിന്റെ ചരിത്രം പഠിക്കുക എന്നുള്ളതു് അത്യന്തം വിജ്ഞാനപ്രദവും ഉൽബോധജനകവും ആയിരിക്കുമെന്നുള്ളതിനു സംശയമില്ല.

ദൈവസ്ഥാപിതമെന്നു് അവകാശപ്പെടുന്ന ഒരു സ്ഥാപനം ലോകദൃഷ്ടിയിൽ ഗൗരവതരമായ ഒരു ചുമതലയാണു് സ്വയം ഏറ്റെടുക്കുന്നതു്. ആ ചുമതല അതു് നിറവേററുകയുംവേണം. മനുഷ്യന്റെ ലൗകികവും ആദ്ധ്യാത്മികവുമായ പുരോഗതിക്കു് ഈ സ്ഥാപനം ഏതുവിധത്തിൽ സഹായകമായിരിക്കുന്നു എന്നു് നാം അറിഞ്ഞിരിക്കേണ്ടതാണു്. ആധുനികലോകത്തെ ബാധിച്ചിരിക്കുന്ന അസ്വാസ്ഥതകൾക്കു ശമനം വരുത്തുവാനും മനുഷ്യനെ അലട്ടിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്കു് ശരിയായ പരിഹാരം നിർദ്ദേശിക്കുവാനും ഈ സ്ഥാപനത്തിനുള്ള കഴിവിനെപ്പററി നമുക്കു് ആഴമായ ബോദ്ധ്യമുണ്ടാവണം. കത്തോലിക്കാസഭയിൽ വിശ്വസിക്കുന്ന ഏതൊരുവനും ലോകോദ്ധാരണത്തെ ലക്ഷ്യമാക്കിയുള്ള സഭയുടെ പ്രവർത്തനങ്ങളിൽ ആത്മാർത്ഥമായി സഹകരിക്കുവാൻ കടപ്പെട്ടവനാണു്. ഈ ഉദ്യമത്തിൽ വിജയംവരിക്കുവാൻ സഭയുടെ ഇതഃപര്യന്തമുള്ള ചരിത്രത്തെസംബന്ധിച്ചുള്ള അറിവു് അപരിത്യാജ്യമാണു്.



ക്രിസ്തുവും ധനവാനായ യുവാവും

ക്രിസ്തീയമെന്ന നാമംവഹിക്കുന്ന അനവധിസഭകൾ ഇന്നു ലോകത്തിലുണ്ടു്. വിശ്വാസത്തിന്റെ അടിസ്ഥാനതത്വങ്ങളിലും സാന്മാർഗ്ഗികവും ആദ്ധ്യാത്മികവുമായ പ്രബോധനങ്ങളിലും അനുഷ്ഠാനങ്ങളിലും പരസ്പരം വൈരുദ്ധ്യം കൈക്കൊള്ളുന്ന സഭകളുടെ ബാഹുല്യം ക്രിസ്തുമതത്തെ ലോകദൃഷ്ടിയിൽ അപഹാസ്യമാക്കിത്തീർത്തിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. യഥാർത്ഥ ക്രിസ്തീയമാർഗ്ഗത്തിന്റെ പ്രചരണത്തിനു് ഈ വൈരുദ്ധ്യം പ്രതിബന്ധമായി നില്ക്കുന്നു. ഞാൻ സത്യവും ജീവനും മാർഗ്ഗവുമാകുന്നു എന്നരുളിച്ചെയ്ത ദൈവമായ ക്രിസ്തു പരസ്പരവിരുദ്ധങ്ങളായ തത്വസംഹിത ലോകത്തിനു നൽകി എന്നു വിശ്വസിക്കുക സാമാന്യബുദ്ധിക്കു യോജിച്ചതല്ല. ക്രിസ്തു തന്റെ ശിഷ്യന്മാർക്കു നൽകിയതും അവർ അഭംഗുരമായി പരിപാലിച്ചുപോന്നതുമായ വിശ്വാസസത്യങ്ങൾക്കു് കാലഗതിയിൽ പാഷണ്ഡതകൾമൂലം വൈരൂപ്യം സംഭവിച്ചതെങ്ങനെയാണെന്നു് ക്രിസ്തുവിൽ വിശ്വസിക്കുന്ന ഓരോരുത്തനും ഉൽകണ്ഠാപൂർവ്വം അന്വേഷിക്കുകയും സത്യം അറിയുവാൻ ശ്രമിക്കയും ചെയ്യേണ്ടതാണു്. ഇതു് ഗൗരവമേറിയ ഒരു ആദ്ധ്യാത്മികകർത്തവ്യംകൂടിയാണു്. നിഷ്പക്ഷബുദ്ധിയോടും, വൈരാഗ്യലേശം കൂടാതെയും, മുൻവിധികൾക്കു വിധേയരാകാതെയും തിരുസ്സഭാചരിത്രം ശ്രദ്ധാപൂർവ്വം പഠിക്കുന്നവർക്കു് സത്യവിശ്വാസത്തിന്റെ സങ്കേതത്തിൽ ചെന്നെത്തുവാൻ സാധിക്കുന്നതാണു്. അവനവന്റെയും മററുള്ളവരുടെയും ആത്മരക്ഷയിൽ താല്പര്യമുള്ളവർക്കു് ജീവന്റെയും രക്ഷയുടെയും മാർഗ്ഗമായ സത്യം കണ്ടെത്തുവാനുള്ള ഏതൊരു പരിശ്രമവും അനുപേക്ഷണീയമാണു്.

കാലത്തിന്റെ അന്ത്യംവരെയും തന്റെ ദിവ്യദൗത്യം ഭൂമിയിൽ തുടർന്നു നിർവ്വഹിക്കുവാൻ വേണ്ടി ക്രിസ്തു സ്ഥാപിച്ച സഭ രക്ഷകന്റെ മൗതികശരീരമാണു്. ആ നിലയ്ക്കു് തിരുസ്സഭ ഒരു ദിവ്യസ്ഥാപനമാകുന്നു. മനുഷ്യന്റെ പരിമിതമായ ബുദ്ധിശക്തിക്കു ദുർഗ്രഹമായ പല ദിവ്യരഹസ്യങ്ങളും സഭ ഉൾക്കൊള്ളുന്നു. വിശ്വാസദീപ്തമായ ഒരു മനസ്സിനുമാത്രമേ സഭയുടെ ആദ്ധ്യാത്മികസ്വഭാവത്തേയും, അതിൽക്കൂടി പ്രവർത്തിക്കുന്ന ദൈവികചൈതന്യത്തേയും ഗ്രഹിക്കുന്നതിനു സാധിക്കൂ. തിരുസ്സഭയുടെ ആദ്ധ്യാത്മികപ്രഭാവത്തെ അനുഭവവേദ്യമാക്കുന്നതിനു് വിശ്വാസം നമ്മെ സഹായിക്കുന്നു. അതുപോലെതന്നെ തിരുസ്സഭാചരിത്രപഠനം നമ്മുടെ വിശ്വാസത്തെ കൂടുതൽ ശക്തിമത്തും ദൃഢവുമാക്കുന്നു.

ചരിത്രം എന്ന സംജ്ഞയിൽ വളർച്ചയും വികസനവും അന്തർലീനമായിരിക്കുന്നു. വളർച്ചയും വികാസവും കൂടാതെ ചരിത്രമില്ല. ഇതു തിരുസ്സഭയെസംബന്ധിച്ചും ശരിയാണു്. ഏററവും ലഘുവായ പ്രാരംഭങ്ങളിൽനിന്നു് തിരുസ്സഭയുടെ ദൈവശാസ്ത്രസംഹിതയും പ്രാർത്ഥനാക്രമവും കർമ്മാനുഷ്ഠാനങ്ങളും നൂററാണ്ടുകളിൽക്കൂടി വളർന്നു പരിപുഷ്ടിപ്പെട്ടിട്ടുണ്ടു്. എന്നാൽ സഭയുടെ വളർച്ചയ്ക്കു് ഒരു പ്രത്യേകതയുണ്ടു്. അതു് ജീവാത്മകമാണു്. വെറും യാന്ത്രികമായതല്ല. പക്വമായ ഒരു കായിൽനിന്നു് ഒരു വൃക്ഷം രൂപമെടുക്കുന്നതുപോലെ ജീവനുള്ള വളർച്ചയാണു സഭയുടേതു്. വൃക്ഷം എത്രതന്നെ വികസിച്ചാലും കായുടെയും വൃക്ഷത്തിന്റെയും കാതലായ ജീവാംശം ഒന്നുതന്നെയാണു്. മനുഷ്യജീവിതത്തെ സംബന്ധിക്കുന്ന നിത്യസത്യങ്ങളെ അഭംഗുരമായി പരിപാലിച്ചുകൊണ്ടാണു് സഭ വളർന്നിട്ടുള്ളതു്. കാലത്തിന്റെ ഗതിവിഗതികൾക്കോ, മനുഷ്യന്റെ പരിവർത്തനപ്രവണതകൾക്കോ തിരുസ്സഭയുടെ വിശ്വാസസത്യങ്ങളിലും ആരാധനക്രമത്തിലും ഭരണ

ക്രമത്തിലും സാരാംശത്തെ സംബന്ധിക്കുന്ന യാതൊരു മാററവും വരുത്തുവാൻ സാധിച്ചിട്ടില്ല. വിശുദ്ധ പത്രോസിനു ക്രിസ്തുവിൽനിന്നു ലഭിച്ച അധികാരംതന്നെയാണ് പീയൂസ് 12-ാമനിലും നിക്ഷിപ്തമായിരിക്കുന്നത്. ഒന്നാംശതാബ്ദത്തിൽ ഭൂഗർഭാലയങ്ങളിൽവച്ച് പുരാതനറോമയിലെ ആദിമക്രിസ്ത്യാനികൾ അനുഷ്ഠിച്ച ആരാധനാക്രമംതന്നെയാണ് സാരാംശത്തിൽ ഇന്നും ഏതൊരു കത്തോലിക്കാദൈവാലയത്തിലും അനുഷ്ഠിക്കപ്പെടുന്നത്. അന്ത്യോക്യയിലും റോമയിലും ആതൻസിലും പത്രോസ് പൗലോസ് ശ്ലീഹന്മാർ പ്രചരിപ്പിച്ച സത്യങ്ങൾതന്നെയാണ് ഇന്നും ലോകത്തിലെവിടെയുമുള്ള കത്തോലിക്കാദൈവാലയങ്ങളിൽ പ്രസംഗിക്കപ്പെടുന്നത്. പരിവർത്തനബഹുലമായ നൂററാണ്ടുകൾക്ക് തിരുസ്സഭയുടെ സാരാംശത്തിൽ യാതൊരു മാററവും വരുത്തുവാൻ സാധിച്ചിട്ടില്ല. സഭ അന്നും ഇന്നും ഒന്നുതന്നെ.

തിരുസ്സഭ സാർവ്വലൗകികമായ ഒരു സ്ഥാപനമാകുന്നു. ലോകത്തിലുണ്ടായിട്ടുള്ള എല്ലാ വർഗ്ഗങ്ങളോടും സംസ്കാരങ്ങളോടും പരിഷ്കാരങ്ങളോടും ചേർന്നുപോകുവാനുള്ള അത്ഭുതകരമായ കഴിവ് തിരുസ്സഭയ്ക്കുണ്ട്. ഇന്ന് തിരുസ്സഭ ഭൂമുഖം മുഴുവൻ വ്യാപിച്ചിരിക്കുന്നു. ലോകത്തിലുള്ള ക്രിസ്ത്യാനികളിൽ പകുതിയിലധികവും തിരുസ്സഭാസന്താനങ്ങളാണ്. ഏതാണ്ട് മുപ്പതുകോടിയിലധികം വരുന്ന സംഖ്യാബലം അവൾക്കുണ്ട്. ലോകത്തിന്റെ എല്ലാഭാഗങ്ങളിലും, എല്ലാവർഗ്ഗങ്ങളുടെയിടയിലും എല്ലാത്തരം ഭരണക്രമങ്ങളുടെ കീഴിലും സാർവ്വത്രികമായ പ്രചാരം ലഭിച്ചിട്ടുള്ള ഒരു ക്രിസ്തീയസഭവേറെയില്ല.

യൂറോപ്യൻ സംസ്കാരത്തിന്റെ പിള്ളത്തൊട്ടിലാണ് കത്തോലിക്കാസഭ. യൂറോപ്പിലെ വിഭിന്നജാതികളേയും വർഗ്ഗങ്ങളേയും ക്രിസ്തീയവിശ്വാസത്തിലേക്കു പരിവർത്തിപ്പിച്ച് ഒരു നൂതനസംസ്കാരത്തിന്റെ ഐക്യത്തിൽ കൂട്ടിയിണക്കിയതു് തിരുസ്സഭയാണ്. ആർനോൾഡ് ലൺ പറയുന്നു, "ഏതെങ്കിലും ഒരു കാലഘട്ടത്തിൽ കത്തോലിക്കാസഭയിൽനിന്നും രൂപം കൈക്കൊള്ളാത്തതായി ആധുനികജീവിതത്തിൽ ഒരു ഘടകവുമില്ല. ഭരണമീമാംസ, നിയമം, വിദ്യാഭ്യാസം, സാഹിത്യം, കല, ശാസ്ത്രം ഇവയ്ക്കെല്ലാം പ്രചോദനം നൽകിയിട്ടുള്ളതു് സഭയാണ്." യൂറോപ്പിലെ അതിഗംഭീരങ്ങളായ ക്രൈസ്തവദൈവാലയങ്ങൾ മിക്കവയും കത്തോലിക്കർ പണികഴിപ്പിച്ചിട്ടുള്ളവയാണ്. മതപരമായ കലാസൃഷ്ടികൾ അധികപങ്കും തിരുസ്സഭയുടെ സംഭാവനകളാണ്. ഏററം സുന്ദരങ്ങളായ പ്രാർത്ഥനകളെല്ലാം കത്തോലിക്കാസഭയുടേതാണെന്നു ജോൺ റസ്കിൻ അഭിപ്രായപ്പെടുന്നു. ഇത്രമാത്രം പരിപൂർണ്ണവും ശാസ്ത്രീയവുമായ ദൈവശാസ്ത്രസംഹിതയും സന്മാർഗ്ഗശാസ്ത്രവും മറേറതൊരു മതസംഘടനയ്ക്കാണുള്ളതു്. പുണ്യത്തിന്റെയും പരിശുദ്ധിയുടെയും ആത്മത്യാഗത്തിന്റെയും പരസ്നേഹത്തിന്റെയും ഉത്തുംഗശൃംഗങ്ങളിലേക്കുയരുവാൻ ഇത്രയധികം വ്യക്തികൾക്ക് ആവേശം നൽകിയിട്ടുള്ള സ്ഥാപനം മറേറതുണ്ട്? ഓരോരോ കാലഘട്ടങ്ങളിൽ ജീവിച്ചിരുന്ന പ്രതിഭാശാലികളായ എത്ര ചിന്തകന്മാരാണ് തിരുസ്സഭയിൽ അവരുടെ വൈജ്ഞാനികമായ അഭിനിവേശങ്ങളുടെ ലക്ഷ്യവും ഫലപ്രാപ്തിയും കണ്ടെത്തിയിട്ടുള്ളതു്. ആധുനികപാശ്ചാത്യസംസ്കാരം ദൈവത്തിൽനിന്നും തിരുസ്സഭയിൽനിന്നും വളരെ അകന്നുപോയിട്ടുണ്ടെങ്കിലും ഇന്നും അതിൽ അവശേഷിച്ചിട്ടുള്ള ഉത്തമാംശങ്ങളെല്ലാംതന്നെ തിരുസ്സഭയുടെ സംഭാവനകളാണെന്ന് ചരിത്രം തെളിയിക്കുന്നു.

പുറമേനിന്നുകൊണ്ടു തിരുസ്സഭയെ വീക്ഷിക്കുന്നവർക്ക് രണ്ടു കാര്യങ്ങൾ പ്രത്യേകം ശ്രദ്ധാവിഷയമാകുന്നതാണ്. ഒന്നു സഭയുടെ അധികാരത്തിൽ അവർക്കുള്ള അചഞ്ചലമായ വിശ്വാസവും, അവളുടെ പ്രബോധനങ്ങളുടെ സത്യാവസ്ഥയെപ്പററിയുള്ള നിസ്സന്ദേഹമായ ബോദ്ധ്യവുമാണ്. സന്മാർഗ്ഗത്തേയും വിശ്വാസത്തേയും സംബന്ധിക്കുന്ന കാര്യങ്ങളിൽ അവൾ ഔദ്യോഗികമായി ഒരു തീർപ്പുകല്പിക്കുമ്പോൾ അതു പ്രമാദരഹിതമായിരിക്കുമെന്ന് സഭ അവകാശപ്പെടുന്നു. ചരിത്രത്തിൽ അറിയപ്പെട്ടിട്ടുള്ള മററു യാതൊരു മതസംഘടനയും പുറപ്പെടുവിച്ചിട്ടില്ലാത്ത ഒരവകാശവാദമാണിതു്. തിരുസ്സഭയ്ക്കു പുറത്തുനില്ക്കുന്ന ആധുനികന്മാർക്ക് ഈ അവകാശവാദം അത്ര രുചിച്ചില്ലെന്നുവരാം. ചിലർക്ക് അതു വളരെ വിചിത്രമായും തോന്നിയേക്കാം. എന്നാൽ അപ്രമാദിത്വത്തിലുള്ള അടിയുറച്ച വിശ്വാസമാണ് തിരുസ്സഭയുടെ പ്രബോധനങ്ങൾക്ക് അതുല്യമായ പ്രേരണാശക്തിയും പ്രാബല്യവും നൽകുന്നതു്. ലോകമെങ്ങുമുള്ള അനേകകോടി കത്തോലിക്കർ സഭയുടെ ആജ്ഞകളെ നിസ്സങ്കോചം അനുസരിക്കുന്നതും അതുകൊണ്ടാണ്. മററു സഭകൾ സ്വാഭിപ്രായത്തിന്റെ സാധുതയെപ്പററിയുള്ള സംശയം ഹേതുവാൽ മൗനം അവലംബിക്കയോ ദുർബ്ബലത കാട്ടുകയോ ചെയ്യുന്ന ഘട്ടങ്ങളിൽ കത്തോലിക്കാസഭ ദൃഢമായസ്വരത്തിൽ അധികാരസമേതം സംസാരിക്കുന്നതും ഈ വിശ്വാസംകൊണ്ടാണ്. ക്രിസ്തുവിനാൽ നയിക്കപ്പെടുന്ന ഒരു സഭയ്ക്കു് വിശ്വാസത്തേയും സന്മാർഗ്ഗത്തേയും സംബന്ധിക്കുന്ന കാര്യങ്ങളിൽ പ്രമാദം സംഭവിക്കുന്നതു് ക്രിസ്തുവിന്റെ പരാജയമായിരിക്കും. അതു ക്രിസ്തുവിന്റെ പരിപൂർണ്ണതയിൽ കളങ്കം ചേർക്കുകയായിരിക്കും. സത്യമായ സഭ അപ്രമാദിത്വം അവകാശപ്പെടുന്നില്ലെങ്കിൽ അതായിരിക്കും ഏററം വിചിത്രം എന്നാണു തിരുസ്സഭ വിശ്വസിക്കുന്നതു്. ക്രിസ്തുവിന്റെ ദൈവത്വത്തിന്റെ അവശ്യഫലമാണ് തന്റെ സഭയുടെ അപ്രമാദിത്വം.

മറെറാരു സംഗതി തിരുസ്സഭയുടെ അലൗകികവും അത്ഭുതകരവുമായ ആന്തരികശക്തിയാണ്. ഇന്നു ലോകത്തിലുള്ളവയിൽവച്ച് ഏററം പ്രായംചെന്ന സ്ഥാപനമാണ് തിരുസ്സഭ; എന്നാൽ അതേസമയം അവൾ ഏററം യൗവനയുക്തയുമാണ്. അവളുടെ സുദീർഘമായ ചരിത്രത്തിൽ പലവട്ടം അതിരൂക്ഷമായ എതിർപ്പിനെ അവൾക്കു നേരിടേണ്ടിവന്നിട്ടുണ്ട്. വിനാശകരമായ അനവധി വിപത്ഘട്ടങ്ങളെ അവൾ തരണംചെയ്തിട്ടുണ്ട്. പുരാതന റോമാസാമ്രാജ്യം, കിരാതവർഗ്ഗങ്ങൾ, മുസ്ലീങ്ങൾ, 16-ാം നൂററാണ്ടിലെ സഭാവിരോധികൾ, നെപ്പോളിയൻ, ബിസ്മാർക്ക്, ഹിററ്ലർ തുടങ്ങിയ വൻപിച്ച ശത്രുക്കളോടു് തിരുസ്സഭ സമരത്തിലേർപ്പെടേണ്ടിവന്നിട്ടുണ്ട്. പലപ്പോഴും സഭയുടെ അന്തർദ്ധാനം ആസന്നമായിക്കഴിഞ്ഞു എന്ന് ശത്രുക്കൾ ഉൽഘോഷിക്കുകയും അതിൽ അവർ ആഹ്ളാദിക്കയും ചെയ്തിട്ടുണ്ട്. എന്നാൽ അത്ഭുതമെന്നേ പറയേണ്ടു, തിരുസ്സഭാവൈരികൾ അവളെ കുഴിച്ചുമൂടുവാൻ കോപ്പുകൂട്ടുമ്പോൾ അവൾ പൂർവ്വാധികം ഊർജ്ജസ്വലതയോടുകൂടി പുനരുജ്ജീവനം പ്രാപിക്കുന്നതായിട്ടാണ് അനുഭവം. ഈ അത്ഭുതം പലവട്ടം ലോകം ദർശിച്ചിട്ടുണ്ട്. ചില ഇരുളടഞ്ഞ ഘട്ടങ്ങളിൽ മനുഷ്യസഹജമായ ദുർബ്ബലത സഭയുടെ ആദ്ധ്യാത്മികചൈതന്യത്തെ നിഷ്പ്രഭമാക്കിത്തീർത്തിട്ടുണ്ട്. സഭയുടെ ഏററം ഉന്നതമായ അധികാരസ്ഥാനങ്ങൾപോലും അഴിമതികളുടെയും അധർമ്മങ്ങളുടെയും വിഹാരരംഗങ്ങളായി അധഃപതിച്ചുപോയിട്ടുണ്ട്. അപ്പോഴൊക്കെയും സഭാമാതാവിന്റെ മടിയിൽനിന്നും പരിഷ്കരണേച്ഛുക്കളായ വീരസന്താനങ്ങൾ ആദ്ധ്യാത്മികചൈതന്യത്താൽ പ്രചോദിതരായി മുൻപോട്ടുവരികയും സഭയെ ഉദ്ധരിക്കയും ചെയ്തിട്ടുണ്ട്. ചരിത്രപരമായ ഈ പരമാർത്ഥം ഗ്രഹിക്കുന്നവർക്ക് തിരുസ്സഭയിൽ അജയ്യവും അനശ്വരവും ജീവസന്ധായകവുമായ ഒരു ദിവ്യശക്തി നിസ്തന്ദ്രം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതായി ബോദ്ധ്യപ്പെടും.

സുപ്രസിദ്ധ ആംഗലേയചരിത്രകാരനായ മെക്കോളെ തിരുസ്സഭയെപ്പററി രേഖപ്പെടുത്തിയിട്ടുള്ള അഭിപ്രായം മേൽപ്പറയപ്പെട്ട ചരിത്രവസ്തുതയുടെ ഒരു സ്ഥിരീകരണമാണ്. "പരിശുദ്ധ മാർപ്പാപ്പാമാരുടെ സുദീർഘമായ പരമ്പരയോടു താരതമ്യപ്പെടുത്തുമ്പോൾ ലോകത്തിലെ ഏററം പ്രശസ്തമായ രാജവംശങ്ങൾപോലും ഇന്നലത്തേതാണെന്നു തോന്നിപ്പോകുന്നു. മാർപ്പാപ്പാസ്ഥാനം, ജീർണ്ണിച്ചുകൊണ്ടിരിക്കുന്ന ഒരു പൗരാണികവസ്തുവായിട്ടല്ല, പ്രത്യുത ജീവനും യുവത്വവും നിറഞ്ഞുതുളുമ്പുന്ന ഒരു സ്ഥാപനമായിട്ടാണ് നിലകൊള്ളുന്നതു്. ലോകത്തിന്റെ വിദൂരമായ കോണുകളിലേക്ക് വിശുദ്ധ അഗസ്റ്റിനെപ്പോലെ തീക്ഷ്ണമതികളായ മിഷനറിമാരെ ഇന്നും കത്തോലിക്കാസഭ അയച്ചുകൊണ്ടിരിക്കുന്നു. ആററിലായെ നേരിട്ട അതേ ആത്മവീര്യത്തോടുകൂടി തന്നെ ഇന്നും അവൾ രാജസ്ഥാനങ്ങളുടെ ശത്രുത്വത്തെ നേരിട്ടുകൊണ്ടിരിക്കുന്നു. അവളുടെ ആധിപത്യത്തിന്റെ പര്യവസാനം സമീപിച്ചിരിക്കുന്നതായി യാതൊരു ലാഞ്ഛനയും കാണുവാനില്ല. ലോകത്തിൽ ഇന്ന് നിലവിലിരിക്കുന്ന എല്ലാ ഭരണകൂടങ്ങളുടെയും ജന്മം അവൾ ദർശിച്ചിട്ടുണ്ട്. അവയുടെയെല്ലാം അന്ത്യവും അവൾ ദർശിക്കയില്ലെന്നു നമുക്കു തീർച്ചയാക്കിക്കൂടാ. സാക്സൺ വർഗ്ഗക്കാർ ബ്രിട്ടനിൽ കാലുകുത്തുന്നതിനു മുൻപു്, ഫ്രാങ്കുവർഗ്ഗക്കാർ റൈൻനദി തരണംചെയ്യുന്നതിനും മുൻപു്, പുരാതനഗ്രീസിന്റെ പ്രഭാഷണപാടവം അന്ത്യോക്യയിൽ പ്രചുരപ്രചാരത്തിലിരുന്ന കാലത്തു്, മെക്കായിലെ ക്ഷേത്രങ്ങളിൽ വിഗ്രഹാരാധനകൾ നടത്തപ്പെട്ടിരുന്ന ആ വിദൂരഭൂതകാലത്തു്, കത്തോലിക്കാസഭ പ്രശസ്തമായ ഒരു സ്ഥാനം പ്രാപിച്ചുകഴിഞ്ഞിരുന്നു. ഒരുപക്ഷേ ന്യൂസീലണ്ടുകാരനായ ഒരു സഞ്ചാരി വിസ്തൃതമായ ശൂന്യതയുടെ മദ്ധ്യത്തിൽ ലണ്ടൻ പാലത്തിന്റെ ജീർണ്ണിച്ച ഒരു വളപ്പിന്മേൽ നിലയുറപ്പിച്ചുകൊണ്ടു് സെൻറ് പോൾസ് ദൈവാലയത്തിന്റെ നഷ്ടശിഷ്ടങ്ങളുടെ ഒരു ചിത്രം വരയ്ക്കുവാൻ ഉദ്യമിക്കുന്ന കാലത്തും അവൾ അക്ഷയമായ ശക്തിവിശേഷങ്ങളോടുകൂടി വിരാജിക്കുന്നുണ്ടാവും."


# ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

ക്ലിപ്തബാദ്ധ്യതയോടുകൂടി 1938-ൽ തിരുവിതാംകൂർ-കൊച്ചിയിൽ രജിസ്റ്റർചെയ്യപ്പെട്ടതു്.

## ഹെഡ് ഓഫീസ്: ചങ്ങനാശ്ശേരി

ശാഖകൾ: ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

| | | |
|---|---|---|
| അധികൃതമൂലധനം. | രൂ. | 10,00,000—0—0 |
| വാഗ്ദത്തമൂലധനം. | " | 6,00,000—0—0 |
| പിരിഞ്ഞുകിട്ടിയ മൂലധനം. | " | 5,95,750—0—0 |

## ഡയറക്ടേഴ്സ്

1. ശ്രീ പോൾ വറുഗീസ് ബി. എ., ബി. എൽ., ചങ്ങനാശേരി (ചെയർമാൻ)
2. " കുഞ്ചെറിയാ കെ. പുരക്കൽ, പുളിങ്കുന്നു്
3. " തോമസ് ററി. കുരിയാളശ്ശേരിൽ, ചമ്പക്കുളം
4. " ഡോമിനിക്ക് ജോസഫ് കുരുവിനാക്കുന്നേൽ, ഇടമററം, ഭരണങ്ങാനം
5. " മൈക്കൾ എ. കള്ളിവയലിൽ ബി. എ., കൊണ്ടൂപറമ്പിൽ, വിളക്കുമാടം
6. " തോമസ് ററി. മാറാട്ടുകുളം എം. എ., ചങ്ങനാശേരി
7. " മൈക്കൾ ജെ. കള്ളിവയലിൽ ബി. എസ്സ് സി, കാളകെട്ടി (സെക്രട്ടറി)
8. " കുഞ്ചെറിയാ ററി. മാറാട്ടുകുളം എം. എ., ചങ്ങനാശേരി (മാനേജിംഗ് ഡയറക്ടർ)


ആദ്ധ്യാത്മികവീഥി (6)

# ശത്രുക്കളേയും ഭയപ്പെടണം

ദൈവത്തിന്റെ വത്സലമക്കളേ,

കീഴ്ക്കാംതൂക്കായ മലഞ്ചെരുവിൽക്കൂടിയുള്ള റോഡിൽ സഞ്ചരിക്കുന്നയാൾ അഗാധഗർത്തത്തിൽനിന്നു നിവൃത്തിയുള്ളിടത്തോളം മാറിയേ നടക്കുകയുള്ളുവെന്നു കഴിഞ്ഞപ്രാവശ്യം പറഞ്ഞല്ലോ. അതു യാദൃച്ഛികമായി വീണെങ്കിലോ എന്നുള്ള ഭയം കൊണ്ടുമാത്രമായിരുന്നു. എന്നാൽ അവനെ എങ്ങനെയെങ്കിലും കുഴിയിൽ തള്ളിയിട്ടു കൊല്ലണമെന്നുള്ള ദുരുദ്ദേശത്തോടുകൂടി കുറെ ശത്രുക്കളും അവന്റെ കൂടെയുണ്ടെങ്കിൽ അവൻ എത്ര കൂടുതൽ സൂക്ഷിക്കേണ്ടിയിരിക്കുന്നു!

നമ്മുടെ പിതാവിന്റെ ഭവനത്തിലേക്കുള്ള യാത്ര മലഞ്ചെരുവിലുള്ള റോഡിനെക്കാൾ ദുർഘടം പിടിച്ച ഒരു വഴിയിൽക്കൂടിയാണ്. നാം പിതൃഭവനത്തിൽ എത്തിച്ചേരാതെയിരിക്കാൻവേണ്ടി വഴിയിൽവച്ചുതന്നെ നമ്മെ നാശകൂപത്തിൽ തള്ളിയിടുവാൻ ആഗ്രഹിക്കുന്ന ശത്രുക്കൾ വളരെയുണ്ട്. നമ്മുടെ ആദിമാതാപിതാക്കന്മാരെ പറുദീസായിൽനിന്നു ബഹിഷ്കരിക്കാൻ ഇടയാക്കിയ ആ പഴയ അസൂയാലു ഇന്നും മരിച്ചിട്ടില്ല. അവന്റെ അസൂയക്കു കുറവുവന്നിട്ടുമില്ല. അവനും അവന്റെ താളത്തിനു തുള്ളാൻ എപ്പോഴും തയ്യാറ് എടുത്തുനില്ക്കുന്ന ലോകവും അതിൽ കൂടുതലായി നമ്മോടുകൂടി നിരന്തരം വസിക്കുന്ന അഞ്ചാംപത്തിക്കാരായ ദുർവാസനകളും നമ്മെ കുഴിയിൽ ചാടിക്കാൻ ഒത്തൊരുമിച്ചു ശ്രമിച്ചുകൊണ്ടിരിക്കയാണ്.

ഇവരുടെയെല്ലാം പിടിയിൽ പെടാതെ രക്ഷപെടുന്നതിനു വെറും അലസമായ ഒരു ക്രിസ്തീയജീവിതം മതിയാകുകയില്ല. അപകടം ഗ്രഹിച്ചുകൊണ്ടു ബുദ്ധിപൂർവ്വം വേണ്ട മുൻകരുതലുകൾ ചെയ്തുകൊണ്ടുവേണം ആപത്തിൽനിന്നു രക്ഷപെടാൻ. പുണ്യപൂർണ്ണതയ്ക്കായി ശ്രമിക്കുന്നവൻ ഏതാദൃശമുൻകരുതലുകൾ തന്നെയാണെടുക്കുന്നതു്. അവർ പാപത്തിനുള്ള അവസരങ്ങളിൽനിന്നു ശ്രദ്ധാപൂർവ്വം മാറുകയും ജപവും തപവും വഴിയായി ദൈവത്തിൽനിന്നു നൂതനശക്തി പ്രാപിക്കയും ചെയ്യുന്നു.

ഈവിധത്തിൽ നോക്കിയാലും പുണ്യപൂർണ്ണതയ്ക്കായുള്ള ശ്രമം ഉപകാരപ്രദം എന്നുതന്നെയല്ല, അവശ്യാവശ്യവുമാണെന്നു കാണാം. നാം എത്രയധികം ശ്രമിക്കുന്നുവോ അത്രമാത്രം നമ്മുടെ നിത്യരക്ഷ സുരക്ഷിതമായിരിക്കും.

പുണ്യപൂർണ്ണതയ്ക്കായി ശ്രമിക്കുവാൻ തീവ്രമായ ആഗ്രഹം ജനിപ്പിക്കുന്നതിനാണ് ജീവിതവിശുദ്ധികൊണ്ടു് മററുള്ളവർക്കും നമുക്കുതന്നെയും എന്തുമാത്രം പ്രയോജനമുണ്ടെന്നു കാണിക്കുവാൻ ഞാൻ ഇതുവരെ ശ്രമിച്ചതു്. പ്രസ്തുത ആഗ്രഹം എത്ര അത്യന്താപേക്ഷിതമാണെന്നു് അടുത്ത പ്രാവശ്യം പറയാം.

പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവ്.

ചെറുകഥ

# അസൂയ

(ജി. സി. ടീലാർ)

മഹാസമ്പന്നനായിരുന്നു പൂൾവീയൂസ്. തൻെറ തൊഴുത്തിലെ ആടുമാടുകളെയും പെട്ടിയിലെ പണവും എണ്ണിനോക്കുമ്പോഴായിരുന്നു അയാൾക്കു സംതൃപ്തിയും സൗഭാഗ്യവും. സ്വന്തം സുഖസൗകര്യങ്ങൾക്കുവേണ്ടി ഒരു ഭൃത്യഗണത്തെയും അയാൾ സംരക്ഷിച്ചിരുന്നു. മൃഗങ്ങളെപ്പോലെ അവർ ജോലിചെയ്യേണ്ടിയിരുന്നുവെങ്കിലും ഭക്ഷണത്തിനുള്ള വകപോലും പ്രതിഫലമായി അവർക്കു ലഭിച്ചിരുന്നില്ല. വസ്ത്രമില്ലാത്തവൻ. പുറത്തേക്കു പോകേണ്ട എന്നായിരുന്നു അയാളുടെ



നിർദ്ദേശം.

"പാവപ്പെട്ട സഹോദരാ, താങ്കൾ എന്താണ് ഇങ്ങനെ അർദ്ധനഗ്നനായി നടക്കുന്നത്? യജമാനൻ ഒരു നല്ലവസ്ത്രം വാങ്ങിത്തരികയില്ലയോ?"

"വെളുക്കുമ്പോൾ മുതൽ വൈകുന്നതുവരെ ഞങ്ങൾ പണിയെടുക്കണം. എന്നാലും പൂൾവീയൂസ് ഞങ്ങളുടെ ആഹാരത്തിനുള്ള വകപോലും തരികയില്ല. പിന്നെ എങ്ങനെ ഒരു നല്ല വസ്ത്രം ധരിക്കും?"

ബ്രദർ ജൂനിപ്പറിൻെറ കണ്ണുകളിൽ ജലം നിറഞ്ഞു. സ്വന്തം ഉടുപ്പിൽ ഒരു ഭാഗം കീറി ആ ഭൃത്യനു നൽകി അദ്ദേഹം. അയാൾ കുതിച്ചുചാടി അതു ദേഹത്തു ചുററിക്കൊണ്ടു്.

പൂൾവീയൂസിനു തൻെറ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം വീണ്ടും വീണ്ടും സൂക്ഷിച്ചുനോക്കി. ഭൃത്യൻ തന്നെ. "നിനക്കിതെവിടെനിന്നു കിട്ടി?" ചോദ്യം.

"ജൂനിപ്പർ സന്യാസി തന്നതാണ്."

"ജൂനിപ്പർ! നീ എന്തിനു് അയാളിൽനിന്നു വാങ്ങി ഇതു്?"

"ആ സഹോദരൻ കണ്ടിച്ചു് എൻെറ ദേഹത്തു ചുററിയതാണ്."

"ശരി, ശരി അയാൾ എന്നെ ആക്ഷേപിക്കുവാൻ നടക്കയാണ്. ഞാൻ ക്രൂരനും ദുഷ്ടനുമാണെന്നു് ജനങ്ങളുടെമുമ്പിൽ അയാൾക്കൊരു പ്രഖ്യാപനം നടത്തണം. ഇന്നയാൾ വിജയിച്ചു. അയാളെ ഒരു പാഠംപഠിപ്പിക്കാതെ ഈ പൂൾവീയൂസ് അടങ്ങുകയില്ല. പറയണം; അയാൾ ഇപ്പോൾ എങ്ങോട്ടാണു പോയിരിക്കുന്നതു?"

"യജമാനൻ കോപിക്കാതിരിക്കണം. അദ്ദേഹം ഒരു മനുഷ്യനല്ല, മാലാഖായാണ്."

"മിണ്ടടങ്ങു ഭോഷാ! പൂൾവീയൂസ് ഒരു മനുഷ്യനല്ല പിശാചാണെന്നുകൂടി നീ പറയുമായിരിക്കും. നീ എന്നെ പഠിപ്പിക്കുവാൻ വരുന്നോ? അയാൾ എങ്ങോട്ടുപോയി എന്നാണെൻെറ ചോദ്യം. അതിനുത്തരം പറയൂ."

"നിക്കൊളാസ് പ്രഭുവിൻെറ അതിത്തികളിലേക്കു് ആണു തോന്നുന്നതു്."

"കൊള്ളാം. അയാളുടെ കൈവശം എന്തുണ്ടു?"

"ഒരു സഞ്ചി. അതിൻറകത്തു് ഒരു സൂചിയും ഒരു കല്ലും ഒരു ലോഹക്കഷണവും."

"ഭേഷ്! നീ ഉടൻപോയി കുതിരവണ്ടിക്കാരനെ ഇങ്ങു പറഞ്ഞയക്കൂ."

നിക്കൊളാസും പൂൾവീയൂസും പഴയ സുഹൃത്തിനെ വളരെ ആദരപൂർവ്വം സ്വീകരിച്ചു നിക്കൊളാസ്. പൂൾവീയൂസ് മുഖവുര രചിച്ചു: "വിററർബോയുമായുള്ള യുദ്ധത്തിൽ അങ്ങേക്കു വിജയം ആശംസിക്കുവാനാണു ഞാൻ വന്നിരിക്കുന്നതു്." നിക്കൊളാസ് ആഹ്ലാദഭരിതനായി ഉൽഘോഷിച്ചു: "ഒരു ഭരണാധികാരിക്കു് യഥാർത്ഥസ്നേഹിതന്മാർ വളരെ ചുരുങ്ങും. താങ്കളെ ഒരു യഥാർത്ഥസ്നേഹിതനായിട്ടാണു ഞാൻ പരിഗണിച്ചിരിക്കുന്നതു്."

"അങ്ങയുടെ വാക്കുകൾ എന്നെ പുളകിതഗാത്രനാക്കിയിരിക്കുന്നു. ഇന്നും ഇന്നലെയും തുടങ്ങിയതല്ല നമ്മുടെ മൈത്രി. അതുകൊണ്ടു് ഒരു പ്രധാനസംഗതി പറഞ്ഞുകൊള്ളട്ടെ." ഉൽക്കണ്ഠാകുലനായി നിക്കൊളാസ്. "പറയണം, പറയണം: താങ്കൾ അനുവാദം ചോദിക്കേണ്ട ആവശ്യമേ ഇല്ല."

"എന്നാൽ പറയാം. യുദ്ധത്തിൽ വിററർബോ തോൽക്കുമെന്നു തീർച്ചയായിരിക്കുന്നു. അതിനാൽ അങ്ങയെ ഏതെങ്കിലും വിധത്തിൽ നിഗ്രഹിക്കുവാനാണ് അവരുടെ പ്ലാൻ. സംഹാരദൂതൻ പുറപ്പെട്ടുകഴിഞ്ഞിരിക്കുന്നു."

"ഇതു വാസ്തവമോ? പൂൾവീയൂസ്?"

"ഞാൻ എന്തിനു കള്ളംപറയുന്നു? അല്പം ക്ഷമിക്കുക. അപ്പോൾ എല്ലാം അങ്ങേക്കുതന്നെ ബോദ്ധ്യമാകും."

"ഓഹോ, എന്നാൽ ഞാൻ ഉണർന്നിരിക്കണം. ആരാണ് ഇങ്ങോട്ടു വരുന്നതെന്നറിയാമോ?"

"ആളിൻെറ പേർ അവർ പുറത്തു വിട്ടിട്ടില്ല. കപടവേഷത്തിലാണ് അയാൾ വരുന്നതു്."

"എന്നാൽ എങ്ങനെ ഞാൻ ആളെ തിരിച്ചറിയും?"

"അതിനൊരു മാർഗ്ഗമുണ്ടു്. ഒരു ഭിക്ഷുവിൻെറ വേഷത്തിലാണ് അയാൾ പുറപ്പെട്ടിരിക്കുന്നതെന്നുകേട്ടു. വിശദവിവരങ്ങൾ ഞാൻ തിരക്കി. അതിൽനിന്നും ലക്ഷണം ഏകദേശം പറയാം. ആളിനു് അധികം ഉയരമില്ല. താടിമീശയുണ്ടു്. അയാൾ ഇട്ടിരിക്കുന്ന ഉടുപ്പു കീറിപ്പറിഞ്ഞതും ഒരു ഭാഗം മുഴുവനായി കണ്ടിച്ചുകളഞ്ഞിട്ടുള്ളതുമാണ്. ഒരു ഭ്രാന്തനാണെന്നു തോന്നും കണ്ടാൽ. കൈവശം ഒരു സഞ്ചിയുണ്ടു്. അതിൽ ഒരു കഠാരിയും ഒരു കല്ലും ഒരു ലോഹക്കഷണവും കാണും. കഠാരി അങ്ങയെ കുത്തിക്കൊല്ലുവാനുള്ളതാണ്. കല്ലും ലോഹക്കഷണവും കൂട്ടിഉരച്ചു് അഗ്നിയുണ്ടാക്കി കൊട്ടാരത്തിനു തീവയ്ക്കുവാനും."

"ഇതെല്ലാം വാസ്തവമോ? പൂൾവീയൂസ്!" അവിശ്വാസിയെപ്പോലെ വീണ്ടും ചോദിച്ചു നിക്കൊളാസ്.

"ഇതിൽ ഏതെങ്കിലുമൊന്നു വാസ്തവമല്ലാതെ വരുന്നപക്ഷം എന്തു ശിക്ഷയും ഞാൻ അനുഭവിച്ചുകൊള്ളാം." പൂൾവീയൂസിൻെറ മറുപടി.

നിക്കൊളാസിൻെറ സംശയങ്ങളെല്ലാം അസ്തമിച്ചു; കൊട്ടാരവാതിൽക്കൽ നാലു കാവൽക്കാരെ നിറുത്തി; രഹസ്യത്തിൽ ചില നിർദ്ദേശങ്ങളും അവർക്കു കൊടുത്തു. ടൊഗ്ലിയാററിയായിരുന്നു കാവൽഭടന്മാരിൽ പ്രധാനൻ. അല്പസമയം കഴിഞ്ഞേയുള്ളു; അപ്പോൾ ശ്രീലാലചരമായി അവരുടെ ഭാവനയിൽ കുടികൊണ്ടിരുന്ന ഒരു രൂപം. ഉടൻ അയാളെ ബന്ധിച്ചു് നിക്കൊളാസിൻെറ മുമ്പിൽ അവർ ഹാജരാക്കി. സഞ്ചി അഴിച്ചുനോക്കിയപ്പോൾ നീളമുള്ള ഒരു സൂചിയും ഒരു കല്ലും ഒരു ലോഹക്കഷണവും അതിനുള്ളിൽ! പൂൾവീയൂസിനു ഹൃദയംകൊണ്ടു കൃതജ്ഞത പറഞ്ഞിട്ടു്, നിക്കൊളാസ് രോഷാകുലനായി ആജ്ഞാപിച്ചു: 'ഇവൻെറ കഴുത്തിൽ ഒരു കയറുകെട്ടി തൂണിനോടു ബന്ധിച്ചു് ഇവനെ കുതിരച്ചാട്ടകൊണ്ടു് ആറുഡസൺ അടി അടിക്കുക.'ആ മനുഷ്യൻ

പുതിയ പദ്ധതിയിൽ ചേന്ന ഒരു മിഡിൽസ്കൂളിൽ ഹിന്ദി, മലയാളം പഠിപ്പിക്കുന്നതിനു് പരീക്ഷായോഗ്യതയുള്ള ഒരദ്ധ്യാപകനെ ആവശ്യമുണ്ടു്. ഉടൻ ആവശ്യപ്പെടുക:

മാനേജർ,
സെൻറ് ജോർജ്ജ് മിഡിൽസ്കൂൾ,
പുത്തമ്പള്ളി, വരാപ്പുഴ P. O.

ഒരു പ്രതിഷേധവും പ്രകടിപ്പിച്ചില്ല. ആ ക്രൂരന്മാർ അയാളുടെ കഴുത്തിൽ കയറിട്ടു മുറുക്കി, ഒരു തൂണിനോടു ചേർത്തു കെട്ടി അടിയും തുടങ്ങി. ദേഹത്തുനിന്നും രക്തം ഇടമുറിയാതെ ഒഴുകിക്കൊണ്ടിരുന്നു. എങ്കിലും അയാൾ പ്രശാന്തൻ സുസ്മേരവദനനുമായിട്ടാണു കാണപ്പെട്ടതു്.

നിക്കൊളാസ് അത്ഭുതപരതന്ത്രനായി. "ആ മനുഷ്യനെ കെട്ടഴിച്ചു കൊണ്ടുവരിക. ഒന്നുകൂടി അയാളെ വിസ്തരിക്കണം." അവർ കല്പന അനുസരിച്ചു.

നിക്കൊളാസ് ഉപവിഷ്ടനായി. ചോദ്യം: "സത്യംപറയൂ.നീ ആരാണ്?"

"ഞാൻ ഒരു മഹാപാപിയാണേ."

"നിക്കൊളാസിൻെറ കോട്ടയെ വിററർബോയ്ക്കു് ഒററിക്കൊടുക്കുവാൻ നീ ഉദ്ദേശിച്ചിരുന്നോ?"

വിൻസെൻറ് ഡി പോൾ
സ്വീററ്സർലണ്ടു്: 10" × 8" വിൻസെ. ഡിപോൾ പടം 12ണ
അമേരിക്കൻ: 1954-ലെ ആർട്ടു് കലണ്ടർ 1ക. 8ണ.
ഇററലി: സ്ലീവാപ്പാത പടങ്ങൾ 14" × 10", 6" × 4", 5" × 3"
ജർമ്മൻ: ചെറിയ പടം 100ക്കു് 1ക10ണ മുതൽ 6ക 8ണവരെ
അമേരിക്കൻ: ക്രിസ്മസ്കാർഡു് 100ക്കു് 18ക. ഒന്നിനു് 4ണ
കൊന്ത, കൊന്തരൂപം, പുസ്തകം മുതലായവ സ്റ്റോക്കുണ്ടു്.
തിരുഹൃദയഡിപ്പൊ, ബ്രോഡ്‌വേ, എറണാകുളം-1

"ഞാൻ ഒരു മഹാവഞ്ചകനാണേ. എനിക്കു കാരുണ്യത്തിനു് അർഹതയില്ല."

"ഈ സൂചികൊണ്ടു് നിക്കൊളാസിനെ കുത്തിക്കൊല്ലുവാനും ഈ കൊട്ടാരത്തിനു തീവയ്ക്കുവാനും നീ കരുതിയിരുന്നോ?"

"സർവ്വശക്തനായ ദൈവം തടഞ്ഞില്ലായിരുന്നെങ്കിൽ ഇതിലും വലിയ ദുഷ്കൃത്യങ്ങൾ ഞാൻ ചെയ്തുപോയേനെ."

സകല തെളിവുകളും ലഭിച്ചു എന്ന മട്ടിൽ നിക്കൊളാസ് വിസ്താരം മതിയാക്കി. അടുത്ത കല്പന എന്തെന്നു കേൾക്കുവാൻ ടൊഗ്ലിയാററി അക്ഷമനായി കാത്തുനില്ക്കുന്നുണ്ടായിരുന്നു.

"ഇവൻ ഒരു കൊലപാതകിയും കൊള്ളിവയ്പുകാരനുമാണെന്നു തെളിഞ്ഞുകഴിഞ്ഞിരിക്കുന്നു. അതുകൊണ്ടു് ഞാൻ ആജ്ഞാപിക്കുന്നതെന്തെന്നാൽ, ഇവനെ പടക്കുതിരയുടെ വാലിൽ കെട്ടി വലിച്ചിഴച്ചു് ഇവിടെനിന്നും തൂക്കുമരത്തിൻെറ ചുവട്ടിലേക്കു കൊണ്ടുപോകുക. അവിടെവച്ചു് ഇവൻെറ കഴുത്തിൽ കയറിട്ടു് കഴുവുമരത്തിൽ ഇവനെ തൂക്കിനിർത്തുക. അങ്ങനെ ഇവൻ തുലയട്ടെ വിററർബോയ്ക്കു് ലജ്ജയും അപമാനവും വരുത്തിവച്ചുകൊണ്ടു്."

അപ്പോഴുംവിവർണ്ണവദനനായില്ല ആ മനുഷ്യൻ. ടൊഗ്ലിയാററി വേഗം ഒരു കറുത്ത പടക്കുതിരയെ വരുത്തി അതിൻെറ വാലിനോടു ചേർത്തു് അയാളുടെ പാദങ്ങളെ ബന്ധിച്ചു. കുതിരപ്പുറത്തു ചാടിക്കയറി ടൊഗ്ലിയാററി "ഹിക്കപ്പ്, ഹിക്കപ്പ്, ഓഹോ!" എന്നു നീട്ടി കണ്ഠത്തിൽനിന്നും തള്ളിയിട്ടു് ചാട്ടകൊണ്ടൊരടിയും. കുതിര അതിവേഗം പാഞ്ഞു. അത്ഭുതകരമായ ഒരു കാഴ്ചയായിരുന്നു അതു്. ആകാശത്തിൽ പൊങ്ങിയും താണും ടൊഗ്ലിയാററി കുതിരപ്പുറത്തു്. പാവപ്പെട്ട ഒരു മനുഷ്യൻ കുതിരയുടെ വാലിൽ തൂങ്ങിക്കിടന്നു് കല്ലിലും മുള്ളിലുംകൂടി വലിയുന്നു! അനേകം ആളുകൾ ആ കഴുവുമരത്തിൻെറ ചുവട്ടിൽ ഓടിക്കൂടി.

"എന്തിനാണ് ഈ പാവപ്പെട്ട മനുഷ്യനെ ഇവർ ഇങ്ങനെ ചെയ്യുന്നതു?" ദീനദയാലുവായ ഒരു മനുഷ്യൻ അടുത്തുനിന്ന ഒരാളോടു ചോദിച്ചു.

"എന്തിനോ! നിങ്ങൾക്കറിയാവുന്നിടത്തോളം എനിക്കും അറിയാം ഇക്കാര്യത്തിൽ."

"ആ മനുഷ്യൻ ആരാണെന്നെങ്കിലുമറിയാമോ?"

"അതും അറിഞ്ഞുകൂടാ. കണ്ടിട്ടു് അയാൾ നിരപരാധിയാണെന്നു തോന്നുന്നു."

"അതു ശരിയാണ്. കുതിര ഇത്രയുംദൂരം അയാളെ വലിച്ചിഴച്ചുകൊണ്ടുവന്നിട്ടും അയാളുടെ കണ്ണിൽനിന്നും ഒററത്തുള്ളി കണ്ണുനീർപോലും വീണില്ലല്ലോ."

"അയാൾ ഒരു ഭോഷനാണെന്നാണെനിക്കു തോന്നുന്നതു്. ചാകാൻ പോകയാണെന്നുള്ള വിചാരംപോലും അയാൾക്കുള്ളതായി കാണുന്നില്ല."

"വാസ്തവമാണ്. ആത്മരക്ഷയെക്കുറിച്ചെങ്കിലും അയാൾക്കു വിചാരംവേണ്ടേ. ഞാൻ ഫ്രാൻസിസ്കൻ സന്യാസഭവനത്തിൽച്ചെന്നു് ഒരച്ചനെ വിളിച്ചുകൊണ്ടുവരാം. ആ മനുഷ്യൻെറ ആത്മാവിനെങ്കിലും ആശ്വാസം ലഭിക്കട്ടെ." അയാൾ ഓടി.

ഫാദർ ഏലിയാസാണു കതകുതുറന്നിറങ്ങിവന്നതു്. "എന്താണു സഹോദരാ, താങ്കൾ ഇത്ര ഓടിക്കിതച്ചുവന്നതു?" അദ്ദേഹം ചോദിച്ചു.

"എൻെറ അച്ചാ, വേഗം വരണേ. നിക്കൊളാസ് പ്രഭു ഒരു പാവപ്പെട്ട മനുഷ്യനെ കൊലയ്ക്കു വിധിച്ചിരിക്കുന്നു."

"വധശിക്ഷയ്ക്കർഹമായ കുററം വല്ലതും അയാൾ ചെയ്തിട്ടുണ്ടാകും."

"ഒരു കുററവും ചെയ്തിട്ടുള്ള ആളാണെന്നു തോന്നുകയില്ല അയാളെ കണ്ടാൽ."

"പുറമേ കാണുന്ന കാഴ്ചയിൽനിന്നും മനുഷ്യൻ വിധിക്കുന്നു. എന്നാൽ ദൈവം ഹൃദയത്തെ വിളക്കുകൊണ്ടു പരിശോധിക്കുന്നു എന്നു വായിച്ചിട്ടില്ലേ?"

"അതുണ്ടു്. അങ്ങനെയെങ്കിൽ അയാളുടെ അന്ത്യനാഴികയിൽ അയാൾക്കു് അല്പം ആശ്വാസം നൽകാമല്ലോ. ആത്മാവിനെക്കുറിച്ചയാൾക്കു് ഒരു ചിന്തയുമില്ലാത്തതുപോലെ തോന്നുന്നു."

"ആണ്ടുകുമ്പസാരം മുടക്കമുള്ള മനുഷ്യനായിരിക്കുമോ?"

"അറിഞ്ഞുകൂടാ. ഏതായാലും ഒന്നു കുമ്പസാരിപ്പിക്കുകൂടി ചെയ്യണം."

അവർ ഇരുവരുംകൂടി അതിവേഗം നടന്നു. കഴുവുമരത്തിൻെറ ചുവട്ടിൽ കൂടിയിട്ടുള്ള ജനബാഹുല്യംനിമിത്തം വഴികളെല്ലാം അടഞ്ഞിരിക്കയാണ്. "ഉള്ളിലേക്കു കടക്കാൻ എന്താണു വഴി?" എന്നു ഫാദർ ഏലിയാസ് ചോദിച്ചമാത്രയിൽ കൂട്ടുകാരൻ മുഷ്ടിചുരുട്ടി ആൾത്തിരക്കി



പുന്നത്തുറ, യുവജനസമാജ്ഞരായി നടത്തപ്പെട്ട ഏകാന്തധ്യാനത്തിൽ സംബന്ധിച്ചവർ.

ലേക്കു കയറി. അയാളുടെ പുറകേ അദ്ദേഹവും.

"നിങ്ങൾ അല്പമൊന്നു മാറി നില്ക്കിൻ സഹോദരങ്ങളെ, എന്റെ അന്ത്യശ്വാസം ഞാൻ തടവുകൂടാതെ വലിച്ചുകൊള്ളട്ടെ." ആ ഫലിതം കേട്ടിട്ടു ജനക്കൂട്ടത്തിനു ചിരിക്കുവാൻ കഴിഞ്ഞില്ല. ഏതോ പരിചയമുള്ള ഒരു സ്വരമാണതെന്നു ഫാദർ ഏലിയാസിനു തോന്നി. അദ്ദേഹം ഒന്നു കുതിച്ചു കഴുവുമരത്തിന്റെ ചുവട്ടിലേക്കു്. കുതിരവാലിൽ തൂങ്ങിക്കിടന്നിരുന്ന മനുഷ്യന്റെ മുടുപടം അദ്ദേഹം എടുത്തുമാററി. ഒരു ഞെട്ടലുണ്ടാക്കി ആ കാഴ്ച. അദ്ദേഹത്തിന്റെ നയനങ്ങൾ ബാഷ്പകലുഷിതമായി. "ഞാൻ നിക്കൊളാസിന്റെ പക്കൽ പോയി വരുവോളം നിങ്ങൾ ദയവായി ക്ഷമിക്കുക." അദ്ദേഹം ആരാച്ചാരന്മാരോടു പറഞ്ഞു.

ക്ഷണം എത്തി ഫാദർ ഏലിയാസ് നിക്കൊളാസിന്റെ കൊട്ടാരത്തിൽ. നിക്കൊളാസ് ബഹുമാനപുരസ്സരം അദ്ദേഹത്തെ സ്വീകരിച്ചിട്ടു ചോദിച്ചു: "അങ്ങ് എന്താണിത്ര ധൃതിയിൽ? എന്റെ സേവനം അങ്ങേക്കാവശ്യമുണ്ടോ?"

"മഹാ പ്രഭോ. എനിക്കധികം പറയുവാനില്ല. ഒരു പ്രധാന സംഗതി അങ്ങയെ അറിയിച്ചുകൊള്ളട്ടെ. ഇന്നു് ഈ സ്ഥലത്തു് ഏററം വലിയ അനീതിയും അക്രമവും നടന്നിരിക്കുന്നു. ഒരു പക്ഷേ അതു കാര്യമറിയാതെ സംഭവിച്ചതാകാം." അത്ഭുതത്തോടുകൂടി നിക്കൊളാസ് പറഞ്ഞു: "ഇവിടെ എന്തു സംഭവിച്ചു എന്നാണങ്ങു പറയുന്നതു്? എനിക്കൊന്നും മനസ്സിലാകുന്നില്ല."

"എന്നാൽ ഇതാണു സംഭവം: ഫ്റാൻസിസ്കൻ സഭയിലെ ഏററം വലിയ വിശുദ്ധന്മാരിലൊരാളെയാണു് ഇന്നു് മരണത്തിനു വിധിച്ചിരിക്കുന്നതു് അവിടുന്നു്."

"എന്തു്! ഞാൻ സ്വപ്നം കാണുകയാണോ! അങ്ങേക്കു് ആളു പിശകിപ്പോയിരിക്കാം. ഞാൻ ആ മനുഷ്യനെ വളരെനേരം വിസ്തരിച്ചു. അയാൾ കുററക്കാരനാണെന്നു തെളിഞ്ഞതിൻശേഷമാണു് ഞാൻ വിധി പ്രസ്താവിച്ചതു്."

"അയാളിൽ തെളിഞ്ഞു എന്നു പറയുന്ന കുററമെന്താണു്?"

"നിക്കൊളാസ് പ്രഭുവിനെ കുത്തിക്കൊല്ലുവാനും കൊട്ടാരത്തിനു തീവയ്ക്കുവാനും അയാൾ ആയുധങ്ങളോടുകൂടി വന്നു."

"അതിനുള്ള തെളിവു?"

നിക്കൊളാസ് മറുപടി പറഞ്ഞില്ല. വിജയഭാവത്തിൽ എഴുന്നേററു് അകത്തുപോയി ഒരു സഞ്ചി എടുത്തുകൊണ്ടുവന്നു് അഴിച്ചു. ഒരു നീണ്ട സൂചിയും ഒരു കല്ലും ഒരു ലോഹക്കട്ടയുമായിരുന്നു അതിലെ സാധനങ്ങൾ. ആ വിനീതമായ സഞ്ചിയും അതിലെ ഉള്ളടക്കവും കണ്ടപ്പോൾ അതിന്റെ ഉടമസ്ഥനെക്കുറിച്ചുള്ള ഓർമ്മ ആ വൈദികനെ ആക്രമിച്ചു. കണ്ണീർകണങ്ങൾ ഇടച്ചുകൊണ്ടു് പറഞ്ഞു അദ്ദേഹം. "പ്രഭോ, ഈ സഞ്ചിയും അതിലെ സാധനങ്ങളും എനിക്കു പരിചയപ്പെട്ടവതന്നെ. ആ നീണ്ട സൂചി ജൂനിപ്പർസഹോദരൻ കൊണ്ടുനടക്കുന്നതാണു് ചെരിപ്പിന്റെ വള്ളി കുത്തിപ്പിടിപ്പിക്കുവാൻ. ആ ലോഹക്കട്ടയും കല്ലുംകൊണ്ടു്, അദ്ദേഹം കാട്ടിലോ വിജനപ്രദേശത്തോ ആയിരിക്കുമ്പോൾ തീയുണ്ടാക്കി വല്ലതും ചുട്ടുതിന്നുന്നു."

ജൂനിപ്പർ എന്ന പേരു കേട്ടപ്പോൾ നിക്കൊളാസ് വിവർണ്ണവദനനായി. അദ്ദേഹത്തിന്റെ ദേഹമാസകലം വിറച്ചു. സ്വരം ഇടറി. "പിതാവേ, ഞാൻ ചെയ്തതു മഹാ അപരാധംതന്നെ. ഒരു വലിയ തെററിദ്ധാരണമൂലം അങ്ങനെ സംഭവിച്ചു. ഇനി ഞാനെന്താണു ചെയ്യുക!"

"ദൈവത്തോടും ജൂനിപ്പരോടും മാപ്പപേക്ഷിച്ചുകൊണ്ടു് ചെയ്ത തെററിനു പരിഹാരം ചെയ്യുക. അപ്പോൾ മനസ്സമാധാനമുണ്ടാകും."

"മരിച്ച ജൂനിപ്പർ സഹോദരനുവേണ്ടി ഞാനെന്തുചെയ്യും?"

"പ്രഭോ, ജൂനിപ്പർ മരിച്ചിട്ടില്ല. ഞാൻ തിരിയെ ചെല്ലുന്നതുവരെ വിധിനടത്തു നിറുത്തിവയ്ക്കുവാൻ ഞാൻ ചട്ടം കെട്ടിയിട്ടാണിങ്ങോട്ടോടിയതു്."

"എന്നാൽ ദൈവം എന്നെ അനുഗ്രഹിച്ചു. നമുക്കു് അങ്ങോട്ടുതന്നെ പോകാം."

ഇരുവരും കഴുവുമരത്തിന്റെ ചുവട്ടിൽ. നിക്കൊളാസിനെ കണ്ടപ്പോൾ ജനക്കൂട്ടം ഒഴിഞ്ഞുമാറി വഴികൊടുത്തു. നിക്കൊളാസിന്റെ ഗംഭീരമായ ആജ്ഞ അന്തരീക്ഷത്തിൽ മുഴങ്ങി: "ആ മഹാ വിശുദ്ധനെ വേഗം കെട്ടഴിച്ചു വിടുക." വിജയത്തിന്റെ ആർപ്പുവിളികൾ നടത്തി ജനക്കൂട്ടം. ബന്ധനവിമുക്തനായ ജൂനിപ്പർ എഴുന്നേററുനിന്നപ്പോൾ അവർ അത്ഭുതപരതന്ത്രരായി. ഒരു മഹാ വിശുദ്ധനായി കരുതപ്പെട്ടിരുന്ന ജൂനിപ്പർ അനേകം മുറിവുകൾ പതിഞ്ഞു രക്തത്തിൽ കുളിച്ചുനില്ക്കുന്ന കാഴ്ച പരമ ദയനീയമായിരുന്നു. പശ്ചാത്താപവിവശനായി നിക്കൊളാസ് അദ്ദേഹത്തിന്റെ മുമ്പിൽ മുട്ടുകുത്തി. പക്ഷേ നിക്കൊളാസ് വഴിയായി അന്നു തന്നെ സന്ദർശിച്ചതിനു് പീഡനങ്ങൾ ഏററ കർത്താവിനു് അദ്ദേഹം കൃതജ്ഞതാസ്തോത്രം ചെയ്യുകയാണു ചെയ്തതു്. ഒരു വലിയ ശാപം തങ്ങളുടെ തലയിൽ തൂങ്ങുന്നതായി ടൊറ്റ്ളിയാററിയും കൂട്ടരും കണ്ടു. അവരും ജൂനിപ്പറുടെ കാല്ക്കൽ വീണു മാപ്പപേക്ഷിക്കയുണ്ടായി. യാതൊന്നും സംഭവിക്കാത്തമട്ടിൽ ആഹ്ലാദചിത്തനായി നടന്നുപോയി ജൂനിപ്പർ അത്ഭുതത്താൽ മൂകിഭൂതരായ ജനക്കൂട്ടത്തിന്റെ മദ്ധ്യത്തിൽ.

വിമർശനവീഥി

# ഇടതുപക്ഷപാർട്ടികൾക്കു് ക്ഷേമരാഷ്ട്രനിർമ്മാണം അസാദ്ധ്യം

തിരു-കൊച്ചിയിലെ ഇടതുപക്ഷ പാർട്ടികൾ ഒന്നായിനിന്നു് അടുത്തുവരുന്ന തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനെതിരായി മത്സരിച്ചു് വിജയംവരിക്കുവാനും അങ്ങനെ ഭരണാധികാരം പിടിച്ചെടുക്കുവാനും കോപ്പുകൂട്ടിക്കൊണ്ടിരിക്കുകയാണല്ലോ. കോൺഗ്രസ്സ് മുതലാളിത്തത്തിന്റെ വശത്താകയാൽ സാധാരണക്കാരന്റെ ക്ഷേമം പുലർത്താൻ തക്കവണ്ണം ഭരണം നടത്താൻ അതിനു സാധിക്കുകയില്ലെന്നും, മുതലാളിത്തവിരോധികളായ ഇടതുപക്ഷപാർട്ടികൾക്കുമാത്രമേ സാധാരണക്കാരൻ ആഗ്രഹിക്കുന്ന ക്ഷേമരാഷ്ട്രം നിർമ്മിക്കുവാൻ കഴികയുള്ളുവെന്നുമാണു് പ്രസ്തുത സംരംഭത്തിനുള്ള ന്യായമായി പറയുന്നതു്. ഈ ന്യായവാദത്തിന്റെ പൊള്ളത്തരം പ്രധാനമന്ത്രി നെഹ്റു ഏററവും വിദഗ്ദ്ധമായരീതിയിൽ ഈയിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. മദ്രാസിൽവച്ചു് ഈ ഒക്ടോബർ 2-ാം നു- കോൺഗ്രസ്സ് പ്രവർത്തകരുടേയും നിയമനിർമ്മാതാക്കളുടേയും യോഗത്തിൽ അദ്ദേഹം പ്രസംഗിക്കുകയായിരുന്നു. ക്യാപ്പിററലിസത്തിന്റെയും സോഷ്യലിസത്തിന്റെയും കമ്മ്യൂണിസത്തിന്റെയും ദോഷവശങ്ങളെ ഏററവും സമർത്ഥമായും യഥാർത്ഥമായും അദ്ദേഹം ആ പ്രസംഗത്തിനിടയിൽ വെളിപ്പെടുത്തി.

നെഹ്റു മാർക്സിനേയും കമ്മ്യൂണിസത്തേയുംപററി

"മാർക്സ് ഒരു വലിയ ആളായിരുന്നു. 100 വർഷങ്ങൾക്കുമുമ്പാണു് മാർക്സ് ജീവിച്ചിരുന്നതു്. ഈ 100 വർഷങ്ങൾക്കുള്ളിൽ ലോകത്തിനു വ്യത്യാസം വന്നിട്ടുണ്ടു്. ആ വ്യത്യാസത്തിൽ നിന്നുകാണാം, മാർക്സ് പലകാര്യങ്ങളിലും ആശ്ചര്യകരമായ വിജ്ഞാനം ഉള്ളവനായിരുന്നെന്നു്. എന്നാൽ പല കാര്യങ്ങളിലും മാർക്സിനു് അബദ്ധം പിണഞ്ഞിട്ടുണ്ടെന്നും അവയിൽനിന്നു കാണാം. 100 കൊല്ലങ്ങൾക്കുമുമ്പോ 1000 കൊല്ലങ്ങൾക്കുമുമ്പോ എഴുതപ്പെട്ടതു മുഴുവനും സ്വീകരിക്കുന്നതു ബാലിശമാകുന്നു. വ്യക്തികൾ എന്ന നിലയിൽ കമ്മ്യൂണിസ്റ്റുകാർ നല്ലമനുഷ്യരാണു്. എന്നാൽ സാമുദായികപ്രവർത്തകരെന്നനിലയിൽ അവർ കൂടുതൽക്കൂടുതൽ മുരടിച്ചവരും മുദ്രാവാക്യം ഉരുവിടുന്നവരും ആയിത്തീർന്നിരിക്കയാണു്.

## കൃതജ്ഞത

ഈശോയുടെ തിരുഹൃദയത്തിന്റെ അനുഗ്രഹത്താലും, പ. മാതാവിന്റെ വിമലഹൃദയത്തിന്റെയും, വി. കൊച്ചുത്രേസ്യായുടേയും മാദ്ധ്യസ്ഥത്താലും സിസ്റ്റർ അൽഫോൻസായുടെ സഹായത്താലും ഉദ്ദിഷ്ടകാര്യം ലഭിച്ചതിനു് കൃതജ്ഞത.

കെ. കെ. അന്നക്കുട്ടി, മാള

കമ്മ്യൂണിസ്റ്റുകളെപ്പോലെയുള്ള ഒരുകൂട്ടം മുക്കടമുഷ്ടിക്കാരെ ഞാൻ കണ്ടിട്ടേയില്ല."

കാൾമാർക്സ് ജീവിച്ചിരുന്ന കാലത്തു് ക്യാപ്പിററലിസം അതിന്റെ ഏററം ദുഷ്ടമായ രൂപത്തിലാണു് വർത്തിച്ചിരുന്നതു്. വ്യവസായപ്രവർത്തകരായ മുതലാളിമാർ പാവപ്പെട്ട തൊഴിലാളികളെ തങ്ങൾക്കു് കൂടുതൽ കൂടുതൽ ആദായം ഉണ്ടാക്കുവാനുള്ള ഉപകരണങ്ങളായി ഗണിച്ചിരുന്നു. തൊഴിലാളികളോടു ചെയ്യുന്ന ഈ ദൂഷണംകണ്ടു് ഹൃദയംതകർന്നു് അതിനൊരു നിവാരണം ഉണ്ടാക്കുവാൻ കാൾമാർക്സ് നിശ്ചയിച്ചു. അതിനുവേണ്ടി ഒരു സിദ്ധാന്തസംഹിത അദ്ദേഹം കെട്ടിപ്പടുത്തു. ഒരു യഥാർത്ഥ ചരിത്രകാരനോ യഥാർത്ഥ തത്വചിന്തകനോ അല്ലാതിരുന്നതിനാൽ, വലിയ ഒരു വിപ്ലവകാരി ആയിരുന്നതിനാൽ, തത്വജ്ഞാനവും ചരിത്രജ്ഞാനവും സംസ്ഥാപിച്ചിട്ടുള്ള യാഥാർത്ഥ്യങ്ങളെ വിസ്മരിക്കുകയും നിഷേധിക്കുകയും ചെയ്തുകൊണ്ടു സാർവ്വലൗകികവിപ്ലവത്തിനു് പ്രചോദനംനൽകുന്ന സമരാഹ്വാനങ്ങളെ പുറപ്പെടുവിച്ചുകൊണ്ടുമാണു് അദ്ദേഹം ആ സിദ്ധാന്തസംഹിത കെട്ടിപ്പടുത്തതു്. ദൈവം, ആത്മാവു്, മരണാനന്തരജീവിതം, സനാതനസന്മാർഗ്ഗം മുതലായി മനുഷ്യവംശം എന്നെന്നും മൊത്തത്തിൽ സ്വീകരിച്ചുപോന്നിട്ടുള്ളതും അനിഷേദ്ധ്യങ്ങളുമായ ന്യായങ്ങളാൽ തെളിയിക്കാവുന്നതുമായ മൗലികതത്വങ്ങളെ മാർക്സ് യാതൊരു തെളിവും നൽകാതെ നിഷേധിച്ചു. ഭീഷിച്ച ക്യാപ്പിററലിസം പരമകാഷ്ഠയിൽ എത്തിയിരുന്ന തന്റെ ജീവിതകാലത്തു് മനുഷ്യസമുദായത്തിൽ താൻ ദർശിച്ച മുതലാളി-തൊഴിലാളി വിഭജനത്തെ മനുഷ്യസമുദായത്തിൽ എന്നും എവിടെയും ഉള്ള വിഭജനമായി അദ്ദേഹം സങ്കല്പിക്കുകയും, ആ വിഭജനത്തെ വർഗ്ഗസമരത്തിനുള്ള അടിസ്ഥാനമായി സ്വീകരിക്കുകയും, പ്രസ്തുത വർഗ്ഗസമരം കൊണ്ടേ മനുഷ്യസമുദായം പുരോഗമിക്കുകയുള്ളുവെന്നു് സ്വപ്നംകാണുകയും, തൽഫലമായി അഖിലലോകതൊഴിലാളികളോടു് സംഘടിച്ചു് മുതലാളിവർഗ്ഗത്തെ സംഹരിക്കുവാൻ ആഹ്വാനം നൽകുകയുംചെയ്തു. മുതലാളികൾ ലോകസമ്പത്തു മുഴുവനും കരസ്ഥമാക്കുമെന്നും, അവർ ക്രമേണ എണ്ണത്തിൽ കുറയുകയും വണ്ണത്തിൽ കൂടുകയും ചെയ്യുമെന്നും, കൂടുതൽ കൂടുതൽ നിർദ്ധനരായിത്തീർന്നുകൊണ്ടിരിക്കുന്ന തൊഴിലാളിവർഗ്ഗം ആ മുതലാളികളെ സംഹരിക്കുമെന്നും, അതിന്റെ ഫലമായി തൊഴിലാളികൾ മാത്രമുള്ള ഒരു വർഗ്ഗരഹിതസമുദായം ഉദയംചെയ്യുമെന്നുമായിരുന്നു മാർക്സിന്റെ പ്രവചനം. ഈ പ്രവചനം നിശ്ശേഷം തെററിപ്പോയെന്നു് മാർക്സിന്റെകാലത്തിനു ശേഷമുള്ള സാമുദായികസാമ്പത്തികസംഭവഗതികൾ തെളിയിച്ചിരിക്കുന്നു.

അമേരിക്കയിലെ അനുഭവം മാർക്സിനെ ഖണ്ഡിക്കുന്നു

മാർക്സിന്റെ ഈ സിദ്ധാന്തസംഹിതയും അതിനെ ആധാരമാക്കിയുള്ള അദ്ദേഹത്തിന്റെ പ്രവചനവും തെററിപ്പോയെന്നു് ഏററവും വലിയ മുതലാളിത്തരാജ്യമെന്നു് കമ്മ്യൂണിസ്റ്റുകാർതന്നെ ആക്ഷേപിക്കുന്ന അമേരിക്കയിലെ (യു. എസ്സ്. എ. യിലെ) കഴിഞ്ഞ 50 കൊല്ലത്തെ അനുഭവം പ്രസ്പഷ്ടമായി തെളിയിക്കുന്നുണ്ടു്. ഇന്നു ലോകത്തുള്ള എല്ലാ രാജ്യത്തെയുംകാൾ സാമ്പത്തികസുസ്ഥിതിയിൽ വളരെയധികം മികച്ചുനില്ക്കുന്നതു് യു. എസ്സ്. എ. ആണെന്നു ആരും സമ്മതിക്കണം. അവിടത്തെ ഉല്പാദനത്തോടു് കിടപിടിക്കുന്ന ഉല്പാദനം മറെറാരു രാജ്യത്തും കാണുന്നില്ല. തൊഴിലാളികളുടെ ജീവിതത്തോതും, സുഖസൗകര്യങ്ങളും, രാഷ്ട്രീയവും സാമ്പത്തികവുമായ സ്വാതന്ത്ര്യങ്ങളും, മുതലാളികളോടും ഗവൺമെൻറിനോടുതന്നെയും കൂട്ടായി വിലപേശാനും അവകാശവാദം ചെയ്യാനുമുള്ള കഴിവും ആ രാജ്യത്തിലെപ്പോലെ മറെറാരിടത്തും സ്ഥിതിചെയ്യുന്നില്ല. എന്നുവരികിലും തൊഴിലാളികളും മുതലാളികളും തമ്മിലുള്ള വർഗ്ഗസമരം അവിടെ ദുർല്ലഭമായേ കാണുന്നുള്ളു. വിഭവോല്പാദനത്തിൽ തങ്ങൾ ഇരുകൂട്ടരും അവശ്യം വേണ്ടവരാണെന്നും, ഇരുകൂട്ടരുടേയും സഹകരണാത്മകമായ പ്രവർത്തനങ്ങൾകൊണ്ടേ ഉല്പാദനാഭിവൃദ്ധി സാദ്ധ്യമാകയുള്ളുവെന്നും ഉള്ള ബോദ്ധ്യത്താൽ ഏതാണ്ടു് പങ്കുകാരെപ്പോലെ പ്രവർത്തിക്കുവാനുള്ള മനോഭാവം അവർ ഇരുകൂട്ടരിലും



For favours received

Excuse delay.
P. J. J.

കൂടുതൽക്കൂടുതൽ കണ്ടുവരികയാണു്. തൊഴിലാളികൾക്കു് താരതമ്യേന തൃപ്തികരമായ കൂലിക്കുപുറമെ ബോണസായും ആദായത്തിൽ വീതമായും ഗണ്യമായ സഹായങ്ങൾ മുതലാളിമാർ നൽകുന്ന സമ്പ്രദായം അവിടെ വർദ്ധിച്ചുവരുന്നുമുണ്ടു്. ചുരുക്കിപ്പറഞ്ഞാൽ കാൾമാർക്സ് പ്രവചിച്ച ക്യാപ്പിററലിസമല്ല യു. എസ്സ്. എ. യിൽ നിലവിലിരിക്കുന്നതു്.

ക്യാപ്പിററലിസത്തിനു മാററം ഭവിച്ചെന്നു് നെഹ്റു

ക്യാപ്പിററലിസത്തിനു വന്നുചേർന്നിട്ടുള്ള രൂപഭേദത്തേയും ആ രൂപഭേദത്താൽ മാർക്സിന്റെ വിഭാവനയിലും പ്രവചനത്തിലും പ്രത്യക്ഷമായിരിക്കുന്ന അബദ്ധത്തേയും ശ്രീ നെഹ്റു ഈ പ്രസംഗത്തിൽത്തന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. "ക്യാപ്പിററലിസം (അതായതു് മാർക്സ് ദർശിച്ചതും അപലപിച്ചതുമായ ക്യാപ്പിററലിസം) ഇക്കാലത്തിനു യോജിക്കാത്ത ഒരു പഴഞ്ചരക്കായിത്തീർന്നിരിക്കുകയാണു്. ഇന്നത്തെ ലോകത്തിൽ അതിനു് യാതൊരർത്ഥവുമില്ല. ക്യാപ്പിററലിസത്തിന്റെ കോട്ടയായിരുന്ന അമേരിക്കയിൽപ്പോലും 50 കൊല്ലത്തിനു മുമ്പുള്ളതിൽനിന്നു് വ്യത്യസ്തമായിട്ടാണു് അതിരിക്കുന്നതു്. അതിന്റെ ഘടന മുഴുവനും മാറിയിരിക്കുകയാണു്. സ്വകാര്യസംരംഭം ആരാധനാക്ഷേത്രമായിരുന്ന സ്ഥിതി പോയിട്ടു് വഴിവക്കിലെ പുണ്യതീർത്ഥം എന്ന നിലപോലും അതിനില്ല."

മാർക്സിന്റെകാലത്തെ ക്യാപ്പിററലിസം മതത്തിന്റെയോ സന്മാർഗ്ഗത്തിന്റെയോ പൊതുജനാഭിപ്രായത്തിന്റെയോ രാജ്യനിയമത്തിന്റെയോ നിയന്ത്രണത്തിനു് വിധേയമാകാതെ, വ്യവസായപ്രവർത്തകരുടെ ആദായവർദ്ധനവുമാത്രം ലക്ഷ്യമാക്കി ഏററവും സ്വതന്ത്രമായി വിഹരിക്കയായിരുന്നു. ഇപ്പോഴാകട്ടെ അന്നത്തെപ്പോലെ ക്യാപ്പിററലിസത്തിന്റെ മൗലികമായ വശം സ്വാതന്ത്ര്യസംരംഭമാണെങ്കിലും, അതു് മതത്തിന്റേയും സന്മാർഗ്ഗത്തിന്റേയും പൊതുജനാഭിപ്രായത്തിന്റേയും രാജ്യനിയമത്തിന്റേയും നിയന്ത്രണത്തിനു് വിധേയമാക്കപ്പെട്ടിരിക്കുകയാണു്. മുതലാളിമാർക്കു അവർ മുടക്കുന്ന മൂലധനത്തിന്റെ ന്യായമായ പലിശയും വ്യവസായത്തിൽ അവർ ചെലുത്തുന്ന പ്രയത്നത്തിന്റെ മിതമായ പ്രതിഫലവും അനുവദിക്കുന്നതും, അതേ സമയംതന്നെ തൊഴിലാളികളുടെ കൂലിയും വേലയുടെ സമയവും സാഹചര്യങ്ങളും സംബന്ധിച്ചുള്ള സകലവിധ ദൂഷണവും നിരോധിക്കുന്ന

ളുമായ രാജ്യനിയമങ്ങൾ ഏതു മുതലാളിത്തരാജ്യത്തും ഏർപ്പെടുത്തിക്കൊണ്ടാണിരിക്കുന്നതു്. മതത്തിന്റെയും സന്മാർഗ്ഗത്തിന്റെയും പൊതുജനാഭിപ്രായത്തിന്റെയും പിന്തുണ ഈ നിയമങ്ങൾക്കു സർവ്വത്ര ലഭിച്ചുകൊണ്ടുമിരിക്കുന്നു. ഇതിനും പുറമെ മുതലാളിത്തരാജ്യങ്ങളിൽ നിലവിലിരിക്കുന്ന പ്രജായത്തഭരണാദർശങ്ങളനുസരിച്ചു് തൊഴിലാളിസംഘടനകളുടെ ന്യായമായ പ്രവർത്തനങ്ങൾക്കു് സർവ്വസ്വാതന്ത്ര്യവും ലഭിച്ചിരിക്കുന്നതിനാൽ, അവിടങ്ങളിൽ ട്രേയ്ഡ് യൂണിയനുകൾ വളരെയധികം ശക്തി പ്രാപിക്കുകയും അവക്കു് ക്യാപ്പിററലിസത്തിന്റെ പണ്ടുണ്ടായിരുന്ന ദൂഷ്യവശങ്ങളെ എതിർത്തുനില്ക്കുവാൻ കഴിവുണ്ടാവുകയും ചെയ്തിരിക്കുന്നു.

### സോഷ്യലിസത്തെയും നെഹ്റു വിമർശിക്കുന്നു

ഇസങ്ങളിലും അയവില്ലാത്ത സിദ്ധാന്തങ്ങളിലും മുദ്രാവാക്യങ്ങളിലും ശരണംവയ്ക്കുന്ന ദുർവാസനകളെ പ്രസ്തുത പ്രസംഗത്തിൽ അപലപിക്കവേ ശ്രീ നെഹ്റു സോഷ്യലിസ്റ്റുകാരെയും വിമർശിക്കുകയുണ്ടായി. "സോഷ്യലിസ്റ്റുകാർ സമസ്തവും രാഷ്ട്രസാല്ക്കരിക്കണമെന്നാവശ്യപ്പെടുന്നു. രാഷ്ട്രസാൽക്കരണത്തിനു് താൻ എതിരല്ല. സകലർക്കും തൊഴിലുണ്ടായിരിക്കുകയാണു് സർവ്വപ്രധാനമായ കാര്യം. അങ്ങനെ തൊഴിലുണ്ടാകുന്ന സ്ഥിതിയിലേക്കു് ആനയിക്കുവാൻ ഏതേതു വ്യവസായത്തിന്റെ രാഷ്ട്രസാല്ക്കരണത്തിനു് കഴിയുമെന്നു് മനസ്സിലാക്കുവാനാണു് താൻ ആഗ്രഹിക്കുന്നതു്. രാഷ്ട്രസാല്ക്കരണമാണു് തങ്ങളുടെയും സാമാന്യമായ നയം. എന്നാൽ വല്ല കല്പനയുംകൊണ്ടു് ഒററയടിക്കു സകലത്തേയും രാഷ്ട്രസാല്ക്കരിക്കുന്ന നയം സ്വീകാര്യമല്ല. കൂടുതൽ ഉല്പാദനമാണു് ആവശ്യകമായിരിക്കുന്നതു്. രാഷ്ട്രസാൽക്കരണം ഓരോ വിഷയത്തിലും അതാതിന്റെ ഗുണം മനസ്സിലാക്കി ഓരോന്നായി നടത്തപ്പെടട്ടെ."

രാഷ്ട്രസാൽക്കരണത്തെ ഒരു ലക്ഷ്യമായിട്ടാണു് കാൾമാർക്ക്സിന്റെ അനുഗാമികളായ സോഷ്യലിസ്റ്റുകാരും പരിഗണിക്കുന്നതു്. സ്വാതന്ത്ര്യമായ സംരംഭങ്ങൾ വ്യക്തികൾക്കു് പാടുള്ളതല്ലെന്നും, സകല സംരംഭങ്ങളും സമുദായത്തിന്റെ നാമത്തിൽ സർക്കാർതന്നെ നടത്തണമെന്നുമുള്ള മാർക്ക്സിസ്റ്റുസിദ്ധാന്തമാണു് ഈ ലക്ഷ്യത്തിന്റെ അടിസ്ഥാനം. ആ നില തെററാണെന്നാണു് നെഹ്റു പറയുന്നതു്. ഉല്പാദനവർദ്ധനവും അതുവഴിയായി സാധാരണക്കാരന്റെയുൾപ്പെടെ സകലരുടേയും ക്ഷേമവുമായിരിക്കണം ലക്ഷ്യം. അതു പ്രാപിക്കുവാൻ ഏതെങ്കിലുംവ്യവസായത്തിന്റെ രാഷ്ട്രസാൽക്കരണം കൂടുതൽ പര്യാപ്തമായ മാർഗ്ഗമാണെങ്കിൽ അതു സ്വീകരിക്കണം. സോഷ്യലിസം നടപ്പിൽ വരുത്തുവാൻ ചില തൊഴിലാളിനേതാക്കന്മാർ ബദ്ധപ്പെട്ടുകൊണ്ടിരിക്കുന്ന ബ്രിട്ടണിൽ രാഷ്ട്രസാൽക്കരണത്തിനായി അവർ മുറവിളികൂട്ടിയിരുന്നു. തൊഴിലാളിക്കക്ഷി ഭരണം നടത്തിയപ്പോൾ ചില പ്രധാനവ്യവസായങ്ങൾ വ്യക്തികളിൽനിന്നും സംഘടനകളിൽനിന്നും പിടിച്ചെടുത്തു് രാഷ്ട്രസാല്ക്കരിക്കുകയുണ്ടായി. അതിന്റെ ഫലം രാജ്യത്തിനു് ഉല്പാദനം സംബന്ധിച്ചു് ഗുണകരമല്ലായിരുന്നെന്നു് കാണുകയും, തന്മൂലം രാഷ്ട്രസാൽക്കരണത്തിന്റെ കാര്യത്തിൽ അവിടത്തെ തൊഴിലാളിക്കക്ഷികളുടെയിടയിൽത്തന്നെ ഒരു മനംമടുപ്പുണ്ടായിരിക്കുകയും ചെയ്തിട്ടുണ്ടു്. ആകയാൽ സോഷ്യലിസ്റ്റുകാരുടെ രാഷ്ട്രസാല്ക്കരണഭ്രമം പ്രായോഗികമായി സ്വീകാര്യമല്ല തന്നെ.

### തിരു-കൊച്ചിയിലെ ഇടതുപക്ഷപാർട്ടികൾ

തിരു-കൊച്ചിയിലെ അടുത്ത തിരഞ്ഞെടുപ്പിനായി ഒന്നിച്ചുനിന്നു മത്സരിക്കുവാനും, അതിൽ വിജയംവരിച്ചു് ഭരണം കരസ്ഥമാക്കുവാനും ബദ്ധപ്പെടുന്ന ഇടതുപക്ഷപാർട്ടികൾ കമ്മ്യൂണിസ്റ്റു്, ആർ. എസ്സ്. പി, കെ. എസ്സ്. പി, പി. എസ്സ്. പി എന്നിവയാണല്ലോ. ഇവരിൽ ആദ്യത്തെ മൂന്നും സാരാംശത്തിൽ മാർക്ക്സിസ്റ്റുപാർട്ടികളാണു്. പഴഞ്ചനും കാലത്തിനു യോജിക്കാത്തതും മുദ്രാവാക്യങ്ങളിൽ ഉറപ്പിച്ചിരിക്കുന്നതുമെന്നു മുകളിൽ വിവരിച്ച കാൾമാർക്ക്സിന്റെ സിദ്ധാന്തങ്ങളാണു് അല്പസ്വല്പവ്യത്യാസങ്ങളോടുകൂടി ഈ പാർട്ടികൾ അവരുടെ സാമുദായികസാമ്പത്തിക പ്രവർത്തനങ്ങൾക്കു് മാർഗ്ഗദർശനമായി സ്വീകരിച്ചിരിക്കുന്നതു്. ആ സിദ്ധാന്തങ്ങൾ ഇന്ത്യൻ ജനത ആഗ്രഹിക്കുന്ന ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുവാൻ സഹായിക്കുകയില്ലെന്നു മാത്രമല്ല, വിപരീതഫലം പുറപ്പെടുവിക്കുകയുംചെയ്യും. മാർക്ക്സിസ്റ്റുസിദ്ധാന്തങ്ങൾ സാമുദായികസാമ്പത്തികരംഗങ്ങളിൽ മാർഗ്ഗദർശകമായി സ്വീകരിച്ചു പോരുന്ന റഷ്യയിലും അതിന്റെ ഉപഗ്രഹരാജ്യങ്ങളിലും ചൈനയിലും നാം കാണുന്നതു ക്ഷേമരാഷ്ട്രമല്ല, പ്രത്യുത അടിമരാഷ്ട്രമാണു്. രാഷ്ട്രീയമായ സ്വാതന്ത്ര്യത്തിന്റെ കണികപോലും അവിടങ്ങളിലെ പൗരന്മാർക്കില്ല. സ്വേച്ഛാഭരണം നടത്തുന്ന ഏകകക്ഷിയുടെ സ്വാതന്ത്ര്യനിഷിദ്ധമായ കല്പനകൾ അനുസരിക്കാത്തവർക്കു് പട്ടിണിയും പീഡയുമാണു് അനുഭവപ്പെടുന്നതു്. അവിടങ്ങളിൽ തൊഴിലില്ലായ്മ ഇല്ലെന്നു പറയുന്നതിന്റെ അർത്ഥം, ഫാക്ടറികളിലും ഫാമുകളിലും അധികാരികളുടെ നിർബ്ബന്ധമനുസരിച്ചുള്ള വേല നടക്കുന്നുണ്ടെന്നും, അതിനു സമ്മതമില്ലാത്തവർ തടങ്കൽക്യാമ്പുകളിൽ തടവുകാരായി താമസിച്ചു അടിമവേല ചെയ്യുന്നുണ്ടെന്നും മാത്രമാണു്. ഇത്തരം അടിമരാഷ്ട്രമല്ലല്ലോ തിരു-കൊച്ചിയിലെ ജനങ്ങൾക്കു വേണ്ടതു്. ആകയാൽ ഈ ഇടതുപക്ഷപാർട്ടികൾക്കു് അടുത്ത തിരഞ്ഞെടുപ്പിൽ വോട്ടു നൽകാതിരിക്കേണ്ടതു ക്ഷേമരാഷ്ട്രം ആഗ്രഹിക്കുന്ന സകലരുടേയും കർത്തവ്യമാണു്. ഇടതുപക്ഷപാർട്ടികൾ ഒരിക്കൽ അധികാരത്തിൽ വന്നാൽ അവരെ ആ നിലയിൽനിന്നു് ഇളക്കുവാൻ ഒരിക്കലും സാദ്ധ്യമല്ലെന്നു് മുൻപറഞ്ഞ രാജ്യങ്ങളിലെ അനുഭവം തെളിയിക്കുന്നുണ്ടു്. പി. എസ്സ്. പി. അതിന്റെ ഇപ്പോഴത്തെ രൂപഭേദത്തിൽ മാർക്ക്സിസ്റ്റുസിദ്ധാന്തങ്ങൾ മൊത്തത്തിൽ നിരാകരിക്കുന്നുണ്ടെന്നു സമ്മതിച്ചാൽ തന്നെയും, മാർക്ക്സിസ്റ്റുകളായ മററു മൂന്നു പാർട്ടികളോടും യോജിച്ചു നില്ക്കുന്ന പക്ഷം അവർക്കും വോട്ടു കൊടുക്കാതിരിക്കുകയാണു വേണ്ടതു്.

### കൃതജ്ഞത

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് കൃതജ്ഞത. താമസിച്ചതിൽ ക്ഷമാപണം. J.

ആരോഗ്യപംക്തി

# രക്തസമ്മർദ്ദം

(കെ. ഗോപാലകൃഷ്ണൻ എം. ബി. ബി. എസ്.)

ബ്ലഡ് പ്രഷർ അല്ലെങ്കിൽ രക്തസമ്മർദ്ദം എന്നു കേൾക്കാത്തവരും കേട്ടാൽ ഒന്നു ഞെട്ടാത്ത പ്രായംചെന്നവരും വളരെ ചുരുക്കമാണു്. "എന്താണു് ഈ ബ്ലഡ് പ്രഷർ?" പരിചയമുള്ള ഒരു ഡോക്ടറെ കാണുമ്പോൾ പലരും ആവർത്തിക്കുന്ന ഒരു ചോദ്യമാണിതു്. രക്തം സിരകളിൽ (Arteries) കൂടി പായുമ്പോൾ സിരാഭിത്തിയിൽ (Arterial wall) തട്ടുന്ന ഞെരുക്കത്തെ (Pressure) രക്തസമ്മർദ്ദം അല്ലെങ്കിൽ ബ്ലഡ് പ്രഷർ എന്നു പറയാം. രക്തസമ്മർദ്ദം പലരും തെററിദ്ധരിച്ചിരിക്കുന്നതുപോലെ ഒരു രോഗമല്ല; ഒരു പരിധി വിട്ടു് മീതെ പോകുമ്പോളാണു അതു രോഗമാകുന്നതു്. ആ രോഗത്തെയാണു് രക്താതിസമ്മർദ്ദം (High blood pressure or Hypertension) എന്നു പറയുന്നതു്.

മനുഷ്യഹൃദയം മിനിട്ടിൽ 72 പ്രാവശ്യത്തോളം സങ്കോചിക്കുകയും (Contract) വികസിക്കുകയും (Dilate) ചെയ്യും. ഹൃദയം സങ്കോചിക്കുമ്പോളും വികസിക്കുമ്പോളും സിരാഭിത്തിയിൽ ഏല്ക്കുന്ന സമ്മർദ്ദത്തിനു വ്യത്യാസമുണ്ടാവുന്നതാണു്. ആരോഗ്യവാനായ ഒരു ചെറുപ്പക്കാരന്റെ രക്തസമ്മർദ്ദം അളക്കുകയാണെങ്കിൽ അതു ഏകദേശം 120/80 ആയിരിക്കും. ഇതിൽ ഹൃദയം സങ്കോചിക്കുമ്പോളുള്ള സമ്മർദ്ദത്തിന്റെ അളവാണു് 120 (Systolic Pressure). വികസിക്കുമ്പോളുള്ള അളവാണു് 80 (Diastolic Pressure). ക്ഷോഭിക്കുമ്പോളും വ്യായാമം ചെയ്യുമ്പോളും മേല്പറഞ്ഞ അളവിൽ സ്വല്പം കൂടുന്നതാണു്. പ്രായം ചെല്ലുന്തോറും രക്തസമ്മർദ്ദത്തിന്റെ അളവും ക്രമേണ കൂടും.

പ്രായപൂർത്തിവന്ന ഒരുവന്റെ ബ്ലഡ് പ്രഷർ 160/90 എന്ന അളവിന്റെ മീതെ പൊങ്ങിക്കൊണ്ടിരിക്കുകയാണെങ്കിൽ അയാൾക്കു രക്താതിസമ്മർദ്ദമുണ്ടെന്നു കരുതണം. വയസ്സായ ഒരുത്തനു ഈ രോഗമുണ്ടെന്നു കരുതണമെങ്കിൽ അയാളുടെ ബ്ലഡ് പ്രഷർ 170/100 എന്ന അളവിലും മീതെ പോകേണ്ടതാണു്.

രക്താതിസമ്മർദ്ദത്തിന്റെ കാരണത്തെപ്പററിയുള്ള ശരിയായ അറിവു് ഇതുവരെ പൂർത്തിയായിട്ടില്ല. പല ശാസ്ത്രജ്ഞന്മാരും പല സ്ഥലങ്ങളിലും ഗവേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കയാണു്. സാധാരണ 50 വയസ്സിനു മീതെ പ്രായമുള്ളവരിലാണു് ഈ രോഗം കാണാറുള്ളതു്. ചെറുപ്പക്കാരിലും ഇല്ലാതില്ല. നിസ്സാരകാരണങ്ങൾകൊണ്ടുപോലും വ്യസനിക്കുന്ന പ്രകൃതക്കാരും, പെട്ടെന്നു ക്ഷോഭിക്കുന്നവരും, മദ്യപാനികളും, പുകവലിക്കാരും എളുപ്പത്തിൽ രക്താതിസമ്മർദ്ദത്തിനു വിധേയരാവുന്നതാണു്. രോഗികളിൽ അധികംപേരും തടിച്ച ശരീരമുള്ളവരുമായിരിക്കും. ചില പ്രമേഹരോഗികൾക്കും വൃക്കങ്ങൾക്കു (കിഡ്നി) കേടുള്ളവർക്കും ശരീരത്തിലെ ചില പ്രത്യേകതരം ഗ്രന്ഥികളിൽ (Endocrine glands) തകരാറുള്ളവർക്കും രക്താതിസമ്മർദ്ദമുണ്ടാകാറുണ്ടു്.

### ലക്ഷണം

രോഗിക്കു് ചിലപ്പോൾ തുടക്കത്തിൽ യാതൊരു വിഷമവുമുണ്ടായിരിക്കുകയില്ല. ദേഹത്തിനു യാതൊരു അസുഖവുമില്ലാത്ത രോഗി വല്ല ഇൻഷ്വറൻസിലും മററും ചേരുന്നതിനുവേണ്ടി രക്തസമ്മർദ്ദമെത്രയുണ്ടെന്നു ഡോക്ടറെക്കൊണ്ടു് നോക്കിക്കുമ്പോളാണു് യഥാർത്ഥസ്ഥിതി അറിയുന്നതു്. ഓരോ ദിവസവും തന്നെ മരണത്തോടു് അതിവേഗം അടുപ്പിക്കുകയായിരുന്നു എന്നു അപ്പോളാണു് അയാൾക്കു മനസ്സിലാകുന്നതു്. മിക്കവരിലും തുടക്കത്തിൽത്തന്നെ നേരിയ തലചുററൽ, ചെവിയൂതൽ, ഉറക്കമില്ലായ്മ, നെഞ്ചിടിപ്പു്, സ്വല്പംദൂരം വേഗത്തിൽ നടക്കുമ്പോളുണ്ടാവുന്ന കിതപ്പു് മുതലായ പ്രാരംഭലക്ഷണങ്ങൾ കണ്ടുതുടങ്ങുന്നതാണു്. രാവിലെ തലയുടെ പിൻഭാഗത്തു വിങ്ങിവിങ്ങിയുള്ള വേദന രക്താതിസമ്മർദ്ദത്തിന്റെ പ്രധാനലക്ഷണമാണു്. ചിലർക്കു ഓർമ്മക്കുറവും ഉണ്ടാകാറുണ്ടു്.

രോഗം തുടക്കത്തിൽത്തന്നെ എന്താണെന്നു അറിയാതെ അവഗണിക്കുകയാണെങ്കിൽ, അതോടൊപ്പം കുഴപ്പംപിടിച്ച അനേകം അനുരോഗങ്ങൾ (Complications) വന്നുകൂടുന്നതാണു്. അനുരോഗങ്ങൾ ബാധിച്ചാൽ രോഗിയുടെ നില ഒട്ടും തൃപ്തികരമായിരിക്കുകയില്ല. രക്താതിസമ്മർദ്ദം പ്രധാനമായി വരുത്തിക്കൂട്ടുന്ന ഉപദ്രവം ഹൃദ്രോഗമാണു്. ഹൃദയത്തിന്റെ ഇടത്തുഭാഗത്തെ അറ (Left Ventricle) ക്രമേണ വലുതായി ശ്വാസംമുട്ടലും നീരും വന്നു് പകുതിയിലധികം രോഗികളും മരിക്കാതെ മരിക്കുന്നു. ചില രോഗികൾക്കു പെട്ടെന്നു മൂക്കിൽനിന്നും, ആമാശയത്തിൽനിന്നും വൃക്കങ്ങളിൽ (Kidney) നിന്നും രക്തം സ്രവിച്ചു് അപകടമുണ്ടാവുന്നു. പെട്ടെന്നു ക്ഷോഭിക്കുമ്പോളും, ആയാസപ്പെടുമ്പോളും തലച്ചോറിലുള്ള ചെറിയ സിരകളിൽ ചിലതു അവയിൽക്കൂടി പായുന്ന രക്തത്തിന്റെ ഞെരുക്കം (Pressure) താങ്ങാനാവാതെ പൊട്ടിപ്പോകുന്നു. സഹിക്കവയ്യാത്ത തലവേദനയോടെ പെട്ടെന്നു വീണു് മരിക്കുന്നതു് മേല്പറഞ്ഞപോലെ തലച്ചോറിലെ സിരകൾ (Arteries) പൊട്ടുന്നതുകൊണ്ടാണു്. അതിനു സെറിബ്രൽ ഹെമറേജ് എന്നാണു് പറയുന്നതു്.

രക്തസമ്മർദ്ദമുള്ള ചില രോഗികളുടെ തലച്ചോറിലുള്ള പ്രധാന സിരകളിൽ രക്തം കട്ടിയാവുന്നതു് (ത്രോംബോസിസ്) സാധാരണമാണു്. അങ്ങനെ വരുന്നവർക്കു് പക്ഷവധം എന്ന വാതരോഗം പിടിപെടുന്നു. പക്ഷവധം പിടിപെടുന്നവരുടെ ഒരു വശത്തെ കൈകാലുകൾ തളർന്നു് സ്വാധീനമില്ലാതെ പോകുന്നു. ചിലർക്കു സംസാരിക്കുവാനുള്ള ശക്തികൂടി പൊയ്പ്പോകുന്നു. ചില രോഗികൾക്കു വളരെക്കാലം പറയത്തക്ക യാതൊരു ഉപദ്രവവുമില്ലാതെ പെട്ടെന്നു മേൽ വിവരിച്ച അനുരോഗങ്ങളിൽ ചിലതു പിടിപെട്ടു് മരിച്ചുപോകുന്നതു് സാധാരണമാണു്.

### ചികിത്സ

രക്താതിസമ്മർദ്ദം ഉണ്ടെന്നു തുടക്കത്തിൽത്തന്നെ മനസ്സിലാക്കുകയാണെങ്കിൽ അതിനുവേണ്ട പ്രതിവിധികൾ നേരത്തെ ചെയ്യുവാനും ജീവിതരീതിതന്നെ സ്വല്പം വ്യത്യാസപ്പെടുത്താനും സാധിക്കുന്നതാണു്. അങ്ങനെയുള്ളവരിൽ 80 ശതമാനംപേർക്കും അധികം അപകടം കൂടാതെ വളരെ സംവത്സരങ്ങൾ കഴിക്കുവാൻ കഴിയുന്നതാണു്.

നേരത്തെതന്നെ ചിലരിൽ രോഗത്തിന്റെ പ്രാരംഭലക്ഷണങ്ങൾ കണ്ടുതുടങ്ങിയേക്കും. പക്ഷെ വിദഗ്ദ്ധവൈദ്യസഹായം തേടാതെ, വേറെ വല്ല രോഗങ്ങളാണെന്ന ധാരണയിൽ പലതരത്തിലുള്ള ചികിത്സകൾക്കും വിധേയരാവുന്നു. അവസാനം ചില അനുരോഗങ്ങൾ പിടിപെടുമ്പോളാണു് ആശുപത്രിയിലേക്കു പോകുന്നതു്. അവിടെ വെച്ചു ബ്ലഡ്പ്രഷർ നോക്കുമ്പോളാണു് താൻ വളരെ പഴകിയ രക്താതിസമ്മർദ്ദമുള്ള രോഗിയായിരുന്നു എന്ന കഥ രോഗിക്കു മനസ്സിലാവുന്നതു്.

മദ്ധ്യവയസ്കരായ എല്ലാവരും രണ്ടു മൂന്നു മാസങ്ങൾ കൂടുമ്പോൾ ഒരിക്കലെങ്കിലും ഡോക്ടറെക്കൊണ്ടു് ബ്ലഡ്പ്രഷർ നോക്കിക്കേണ്ടതാണു്. ക്രമമായ പ്രഷറിലും കൂടുതൽ കാണുകയാണെങ്കിൽ ഉടനെ വിദഗ്ദ്ധവൈദ്യസഹായം തേടേണ്ടതാണു്.

അനുരോഗങ്ങൾ ഒന്നുമില്ലെങ്കിൽ പൂർണ്ണവിശ്രമവും ഭക്ഷണക്രമവുംകൊണ്ടു്, ഔഷധങ്ങളുടെ സഹായമൊന്നുമില്ലാതെതന്നെ സുഖം പ്രാപിക്കുവാൻ കഴിയുന്നതാണു്. ഭക്ഷണസാധനങ്ങളിൽ ഉപ്പു വളരെ കുറയ്ക്കണം. വർജ്ജിക്കുന്നതു ഉത്തമമാണു്. മത്സ്യമാംസാദികളും മെഴുക്കമയമധികമുള്ള ഭക്ഷണസാധനങ്ങളും വർജ്ജിക്കേണ്ടതാണു്. ലഹരിപദാർത്ഥങ്ങൾ തീരെ ഉപേക്ഷിക്കണം.

പുതുതായി കണ്ടുപിടിക്കപ്പെട്ടിട്ടുള്ള വേഗോലൈസിൻ (Vagolysine) മുതലായ ഔഷധങ്ങൾ വളരെ ഫലപ്രദങ്ങളാണു്. പക്ഷേ വിദഗ്ദ്ധന്മാരുടെ മേൽനോട്ടത്തിലേ അവ ഉപയോഗിക്കുവാൻ പാടുള്ളൂ. (സഹോദരൻ)

ഫാത്തിമാ മാതാവിന്റെ സഹായത്താലും യൂദാ-തദ്ദേവൂസ്സ് ശ്ലീഹായുടെ മാദ്ധ്യസ്ഥതാലും എന്റെ സുഖക്കേടു് മാറിയതിനു ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

കൊച്ചുത്രേസ്യ
തൊയക്കാവു്

ഒല്ലൂർ പള്ളിയിൽ
വി. റപ്പായേൽ
മാലാഖയുടെ തിരുനാൾ
ഒക്ടോബർ 23, 24—വെള്ളി, ശനി
തീർത്ഥകർക്കു പതിവുള്ള സകല സൗകര്യങ്ങളും ഏർപ്പാടു ചെയ്തിട്ടുണ്ടു്.
പള്ളിവികാരി

# സത്യദീപം

പത്രാധിപന്മാർ

റൈററ് റവ. മോൺസിഞ്ഞോർ ജേക്കബ്ബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 27 || ERNAKULAM, OCTOBER 14, 1953 || No. 9


# വേദപ്രചാരഞായർ

പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ കാര്യദർശിയും പൊന്തിഫിക്കൽ മിഷൻ സഹായസംഘങ്ങളുടെ പ്രസിഡണ്ടുമായ മഹാവന്ദ്യ ദിവ്യശ്രീ ഫിലിപ്പ് ബെർണർദീനി തിരുമേനി ഇക്കൊല്ലത്തെ വേദപ്രചാരഞായർ പ്രമാണിച്ച് അയച്ചിരിക്കുന്ന സന്ദേശം താഴെ ചേർക്കുന്നു:-

ഇരുളടഞ്ഞതും കലങ്ങി മറിഞ്ഞതുമായ ഇന്നത്തെ ലോകത്തിൽ പ്രകാശത്തിന്റെ പ്രസരണകേന്ദ്രവും സമാധാനത്തിനുള്ള പ്രതീക്ഷയും മുക്തിക്കുള്ള മാർഗ്ഗവും കത്തോലിക്കാസഭ മാത്രമാണെന്ന് കൂടുതൽ വ്യക്തമായിക്കൊണ്ടിരിക്കുകയാണ്.

അവളുടെ ഉൽകൃഷ്ടങ്ങളായ ദിവ്യപ്രബോധനങ്ങൾ, പരിശുദ്ധങ്ങളായ നിയമങ്ങൾ, എല്ലാവർക്കും നൽകുന്ന വരപ്രസാദദാനങ്ങൾ ഇവയെല്ലാം മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തെ ദൃഢതരമാക്കുന്ന ഘടകങ്ങളാണെന്നും, വിശ്വാസരഹിതമായ ഒരു ലോകത്തിനു യഥാർത്ഥമായ മഹത്വത്തിലേക്കുള്ള മാർഗ്ഗം നിർദ്ദേശം ചെയ്യുവാൻവേണ്ടി ക്രൈസ്തവസംസ്കാരം പ്രദാനം ചെയ്യുന്ന അമൂല്യദാനങ്ങളാണെന്നും ബുദ്ധിയുള്ളവർക്കെല്ലാം മനസ്സിലാക്കുവാൻ കഴിയും.

അതുകൊണ്ടുതന്നെയാണ് സഭ, ഗുരുവും വഴികാട്ടിയുമെന്ന നിലയ്ക്കുള്ള തന്റെ അവകാശങ്ങൾക്കുവേണ്ടി വാദിക്കുകയും അതോടൊപ്പം അക്കാര്യത്തിൽ അവൾക്കുള്ള ചുമതലകൾ ഏവയെന്നു പ്രഖ്യാപിക്കുകയും ചെയ്യുന്നതു്; അതുകൊണ്ടുതന്നെയാണ് ഈ പഴകിയ ലോകത്തെ "ക്രിസ്തുവിൽ പുനരുദ്ധരിക്കുവാനായി" അവൾ തന്റെ പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുന്നതു്; അതുകൊണ്ടുതന്നെയാണ് വിഘ്നങ്ങളെ വിഗണിച്ചുകൊണ്ട് അവൾ ഇപ്പോഴും അനാഗതരായ ജനപദങ്ങൾക്കിടയിൽ മിഷൻപ്രവർത്തനങ്ങൾ അനുസ്യൂതം തുടർന്നുകൊണ്ടുപോകുന്നതും. അവളുടെ ശത്രുക്കളുടെ അന്ധതയും, ക്രൈസ്തവരുടെതന്നെ അലസമന്ദനോഭാവവും അവൾക്കു മാർഗ്ഗതടസ്സങ്ങളാണെങ്കിലും അവയൊന്നുംതന്നെ അവളുടെ പ്രവർത്തനങ്ങളിൽനിന്നു് അവളെ പിൻതിരിപ്പിക്കുവാൻ പര്യാപ്തങ്ങളല്ല.

പ. പിതാവു് ഒരു പ്രത്യേകാവസരത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: "കത്തോലിക്കാസഭ എല്ലാവരുടേയും സഭയാണ്. അവൾ എല്ലാവർക്കുംവേണ്ടിയാണ് നിലകൊള്ളുന്നതു്. ക്രിസ്തുവിന്റെ സഹോദരീസഹോദരന്മാരെന്ന നിലയിൽ സകല മനുഷ്യരെയും ബന്ധിപ്പിക്കുവാൻ അവൾ ആഗ്രഹിക്കുന്നു. ഓരോരുത്തർക്കും ബോദ്ധ്യംവന്നിട്ടുള്ള ചില സുദൃഢാഭിപ്രായങ്ങളാണല്ലോ അവരുടെ ജീവിതത്തെ നിയന്ത്രിക്കുന്നതു്. ഈ അഭിപ്രായങ്ങൾക്കു രൂപംകൊടുക്കാൻ കെൽപ്പുള്ള അനുരഞ്ജനത്തിന്റേയും പരസ്പരധാരണയുടേയും ഐക്യത്തിന്റേയും ശക്തികളെ സഭയെപ്പോലെ മററാരുംതന്നെ പരമാവധി പ്രയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നില്ല.

സഭയുടെ സാരാംശത്തിൽ വേരുറച്ചുകിടക്കുന്നതും, അതിന്റെ ദിവ്യസ്ഥാപകന്റെ അഭിലാഷങ്ങളോട് അനുയോജ്യമായതുമായ ഈ തത്വങ്ങളിലുള്ള അഗാധമായ ബോദ്ധ്യംനിമിത്തമാണ് കത്തോലിക്കാസഭ വിജ്ഞാനം, തൊഴിൽ, കല, സാമ്പത്തികശാസ്ത്രം, ഭരണതന്ത്രം എന്നിങ്ങനെ മനുഷ്യസാധാരണങ്ങളായ സകല പ്രവർത്തനരംഗങ്ങളിലും പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നതു്.

ഇന്നു് മിഷൻരംഗങ്ങളിൽ അതിന്റെ ധർമ്മഭടന്മാരും വിവിധസ്ഥാപനങ്ങളും വഴിയായി സമരംചെയ്തുകൊണ്ട് പ്രവർത്തനനിരതയായി പ്രശോഭിച്ചുകൊണ്ടിരിക്കുന്ന സഭയെപ്പററി സ്മരിക്കുന്നതുതന്നെ നമുക്കെല്ലാം പ്രത്യേകമായ ഒരാനന്ദമാണ്. അതേ, അവളുടെ സമരം സമാധാനസമരമാണു്; കാരണം അവളുടെ ധർമ്മഭടന്മാരുടെ ഏകായുധം സ്നേഹമാണ്. നന്മചെയ്യുക മാത്രമാണ് അവരുടെ ഏകലക്ഷ്യവും. എങ്കിലും അതൊരു രക്തപങ്കിലമായ കഠിനയുദ്ധംതന്നെയാണ്. കാരണം, നിരായുധരായ ഈ മിഷൻസൈന്യത്തിനു അന്ധകാരശക്തികളുടെ വെറുപ്പും വിദ്വേഷവും എതിർപ്പും അക്രമവുമാണ് അഭിമുഖീകരിക്കേണ്ടിവരുന്നതു്.

അങ്ങനെ, എപ്രകാരം കാൽവരിയിലെ നിഗൂഢമായ അന്ധകാരത്തിൽ മരണവും ജീവനും തമ്മിലുണ്ടായ ദ്വന്ദയുദ്ധത്തിൽ ജീവന്റെ നാഥൻ മൃതനായെങ്കിലും ഉത്ഥാനംചെയ്തു വിജയശ്രീയിൽ വിരാജിക്കുന്നുവോ അതുപോലെതന്നെ ഓരോ കാലഘട്ടത്തിലും തിരുസ്സഭയും സംഘട്ടനത്തെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. സത്യവും അസത്യവും. പുണ്യവും പാപവും, ജീവനും മരണവും തമ്മിലുള്ള ഉഗ്രസംഘട്ടനം അവളെ എല്ലായ്പ്പോഴും അക്രമവിധേയയാക്കുന്നുണ്ട്. എന്നാൽ ഒരിക്കലും അവളുടെമേൽ വിജയംവരിക്കുന്നില്ല.

സഭ ഇന്നു് രക്തപങ്കിലമായ കാൽവരിയുടെ ഉച്ചിയിൽ എത്തിക്കഴിഞ്ഞു, ചൈനയിലും കൊറിയയിലും ഇൻഡോചൈനയിലും. രക്തച്ചൊരിച്ചിലില്ലാത്ത മററു രംഗങ്ങളിലാകട്ടെ കഠിനാദ്ധ്വാനവും തെററിദ്ധാരണകളും അനാസ്ഥയുമാണ് ക്രിസ്തുവിന്റെ ധർമ്മഭടന്മാരായ മിഷനറിമാരെ ആകുലചിത്തരാക്കുന്നതു്.

ഈ വരുന്ന മിഷൻഞായറാഴ്ച —ഒക്ടോബർ18— നമ്മുടെ മിഷനറിമാർമാത്രമല്ല, ഒരു ക്രിസ്ത്യാനിയാണെന്നുള്ള കാരണത്താൽ തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതലകളെപ്പററി ബോധമുള്ള സകലരും പങ്കെടുത്തുകൊണ്ടിരിക്കുന്ന വലിയൊരു യുദ്ധത്തിലേക്ക് വിശ്വാസികളുടെ ശ്രദ്ധയെ സമാകർഷിക്കുന്ന ഒരു സുദിനമാണ്.

നാം മിഷനറിമാരെ വിസ്മരിക്കുകയും പരിത്യജിക്കുകയും ചെയ്തുകൊണ്ട് അവരുടെ യാതനകളെ രൂക്ഷതരമാക്കിത്തീർക്കാതിരിപ്പാൻ ശ്രദ്ധിക്കണം.

യഥാർത്ഥത്തിൽ, നമ്മുടെ വിശ്വാസികൾ മിഷനറിമാരുടെ സുസ്ഥിതിയെക്കുറിച്ച് ഉത്കണ്ഠയുള്ളവരാണ്. അവർ മിഷൻകാര്യങ്ങളിൽ കാണിക്കുന്ന താല്പര്യവും പൊന്തിഫിക്കൽ മിഷൻസംഘങ്ങൾക്ക് അവർ കൊല്ലംതോറും കൂടുതൽകൂടുതലായി നൽകിക്കൊണ്ടിരിക്കുന്ന സംഭാവനകളും ഇതിനൊരു തെളിവാണ്.

എന്നാൽ ഈ പ്രകടനത്തിൽ ആരുംതന്നെ ഭാഗഭാക്കാകാതിരിക്കരുതു് എന്നുള്ളതാണ് ഇന്നത്തെ അടിയന്തിരാവശ്യം.

മിഷൻഞായറാഴ്ചയുടെ പ്രധാനോദ്ദേശം നമ്മുടെ മിഷൻരംഗങ്ങൾ, അവയുടെ അഭിവൃദ്ധി, അവിടങ്ങളിലെ പ്രശ്നങ്ങൾ എന്നിവയെപ്പററിയുള്ള ജ്ഞാനമെല്ലാവർക്കും നൽകുകയെന്നുള്ളതാണ്.

പ്രസംഗമണ്ഡപം, റേഡിയോ, പ്രസിദ്ധീകരണങ്ങൾ, സിനിമ എന്നിവയെല്ലാംതന്നെ ക്രിസ്തുവിന്റെ ആഹ്വാനത്തെ ജനങ്ങളുടെ ചെവികളിൽ മുഴക്കിക്കൊണ്ടിരിക്കണം. "സത്യസഭയിൽപ്പെടാത്ത വേറെയും അനേകം ആടുകൾ എനിക്കുണ്ട്. അവയേയും എനിക്കു നേടണം" എന്നാണല്ലോ അവിടുത്തെ ആഹ്വാനം. അതോടൊപ്പം ഈ പ്രചരണോപാധികൾവഴിയായിത്തന്നെ അക്രൈസ്തവരായ ജനപദങ്ങളുടെ ആദ്ധ്യാത്മികവും സാന്മാർഗ്ഗികവും ഭൗതികവുമായ നിലപാടുകൾ തുറന്നുകാണിക്കുകയുംവേണം. മിഷനറിമാരുടെ ജീവിതചെയ്തികളും മിഷൻപ്രവർത്തനങ്ങളും മതപരവും രാജ്യക്ഷേമപരവുമായ പ്രാധാന്യവും എല്ലാവരേയും ഗ്രഹിപ്പിക്കുകയുംവേണം; മിഷനറിമാരുടെ ആവശ്യങ്ങളുടെ വ്യാഖ്യാതാക്കൾ ആയിരിക്കുകയുംവേണം ഈ പ്രചരണമാർഗ്ഗങ്ങൾ.

നമ്മുടെ അഭിവന്ദ്യമെത്രാന്മാർ ഉൽകണ്ഠാജനകവും അടിയന്തിരവുമായ അപേക്ഷകൾ അയച്ചുകൊണ്ടിരിക്കുന്നു. പള്ളികൾ, സെമ്മിനാരികൾ, ആസ്പത്രികൾ, കുഷ്ഠരോഗാശുപത്രികൾ, സാമൂഹ്യസ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, സ്കൂളുകൾ എന്നിവ സ്ഥാപിക്കുകയോ അഭിവൃദ്ധിപ്പെടുത്തുകയോ വേണമെന്നാണ് ആ അഭ്യർത്ഥനകളിലെ ഉള്ളടക്കം.

വെള്ളപ്പൊക്കം, കൊടുങ്കാററു്, കടലാക്രമണം, ഭൂമികുലുക്കം എന്നിവ വരുത്തിവയ്ക്കുന്ന നാശനഷ്ടങ്ങൾ ഉടനടിയുള്ള സഹായത്തിനായി നിലവിളിക്കുന്നു.

പരിശുദ്ധ പിതാവിനു് സഭയുടെ സന്താനങ്ങൾതന്നെ സാമ്പത്തികമായ സഹായങ്ങൾ നൽകുന്നില്ലെങ്കിൽ തിരുമേനിക്കു് ഈ അഭ്യർത്ഥനകൾക്കു് എങ്ങനെ മറുപടി നൽകുവാൻ കഴിയും?

പൊന്തിഫിക്കൽ മിഷൻ സംഘങ്ങളാണ് സഹായത്തിനായി അഭ്യർത്ഥിച്ചുകൊണ്ട് നീട്ടിപ്പിടിച്ചിരിക്കുന്ന പ. പിതാവിന്റെ കരങ്ങൾ.

വിശ്വാസം, ശരണം, ഉപവി എന്നീ ക്രൈസ്തവപുണ്യങ്ങൾ ബാഹ്യമായും പ്രകടിപ്പിക്കുവാനുള്ള ഒരു ക്ഷണം ആണ് മിഷൻഞായർ.

പ്രാർത്ഥനകൊണ്ടും പണംകൊണ്ടും മിഷനെ സഹായിക്കുന്നതു് നമ്മുടെ കർത്താവിന്റെ കല്പനയിലും സഭയുടെ ദൗത്യത്തിലും നമ്മുടെ കർത്താവിന്റെ തിരുരക്തത്താൽ വീണ്ടെടുക്കപ്പെട്ടിട്ടുള്ള ഒരാത്മാവിന്റെ അമൂല്യമായ വിലയിലും ഉള്ള സജീവവിശ്വാസത്തിന്റെ ഒരു പ്രകടനമാണ്. അതു് പ്രത്യാശയുടെ ഒരു പ്രവൃത്തിയുമാണ്; കാരണം, മിഷൻ രംഗങ്ങളെ സഹായിക്കുന്ന ഏതൊരുവനും, "കരുണയുള്ളവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവർക്കു കരുണ ലഭിക്കും......കൊടുക്കുക, എന്നാൽ നിങ്ങൾക്കും ലഭിക്കും" എന്നുള്ള ദിവ്യരക്ഷകന്റെ വാഗ്ദാനങ്ങളിൽ വിശ്വസിക്കുന്നവനാണ്. അതു് ഉപവിയുടെ ഉന്നതമായ ഒരു പ്രവൃത്തിയുമാണ്; കാരണം, നമ്മുടെ സഹോദരന്റെ ആദ്ധ്യാത്മികവും ഭൗതികവുമായ ആവശ്യങ്ങൾ സാധിക്കുന്നതിനു സഹായം നൽകുകയെന്നുള്ളതു് ദൈവത്തോടുള്ള നമ്മുടെ സ്നേഹത്തിന്റെ പരിപൂർണ്ണമായ ഒരു പ്രകടനവുമാണ്.

ഈ കാരണങ്ങൾകൊണ്ടെല്ലാം മിഷൻഞായർ കത്തോലിക്കാസഭയ്ക്കു് ഏററവും അർത്ഥസമ്പുഷ്ടമായ ഒരു സുദിനമാണ്. ആദ്ധ്യാത്മികമായും പണസംബന്ധമായുമുള്ള സഹായം നൽകിക്കൊണ്ട് അതിൽ പങ്കെടുക്കേണ്ടതു് തങ്ങളുടെ കടമയായി എല്ലാവരും പരിഗണിക്കുകയും വേണം.

ദേശീയഡയറക്ടർമാരോടും അതുപോലെതന്നെ രൂപതാഡയറക്ടർമാരോടും പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ കാര്യദർശിയെന്ന നിലയിലും പൊന്തിഫിക്കൽ മിഷൻസംഘങ്ങളുടെ അദ്ധ്യക്ഷൻ എന്ന നിലയിലും ആത്മാർത്ഥമായ അഭിനന്ദനങ്ങൾ അർപ്പിക്കുവാൻ എനിക്കു് അനല്പമായ സന്തോഷമുണ്ട്. ലോകമെങ്ങുമുള്ള കത്തോലിക്കരോടും അവരുടെ മിഷൻ മനഃസ്ഥിതിയുടെ മഹനീയ തെളിവുകൾ ധാരാളമായി അവർ നൽകിയതിനു് ഞാൻ അത്യഗാധമായി നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു. ഈ മഹനീയസംരംഭത്തിൽ പങ്കാളികളാകുവാനുള്ള നിങ്ങളുടെ ചുമതലയെപ്പററിയുള്ള ബോദ്ധ്യം നിങ്ങൾക്കുണ്ടാകുവാൻ ദൈവത്തിന്റേയും സഭയുടേയും മനുഷ്യരാശി മുഴുവന്റേയും മുമ്പാകെവെച്ച് ഞാൻ നിങ്ങളെ ഉദ്ബോധിപ്പിച്ചുകൊള്ളുന്നു. ഇതിന്റെ വർദ്ധമാനമായ വിജയം ക്രിസ്തുവിന്റെ സാമ്രാജ്യത്തിലേക്കു മനുഷ്യവംശത്തെ മുഴുവനും ജയിച്ചടക്കുവാനുള്ള ദിവ്യവും സുധീരവുമായ പ്രവർത്തനങ്ങൾക്കു കൂടുതൽ പ്രചോദനം നൽകുമെന്നതിൽ തർക്കമില്ല.

† ഫിലിപ്പ് ബെർണർദീനി

("വേദപ്രചാരമദ്ധ്യസ്ഥ"നിലെ പരിഭാഷ)

മേലുദ്ധരിച്ചിരിക്കുന്ന ലേഖനത്തിൽനിന്നു്, വേദപ്രചാരത്തെ സഹായിക്കുന്നതിനുവേണ്ടി ഉദാരമായ സംഭാവനകൾ നൽകുവാൻ നമുക്കുള്ള ചുമതല വ്യക്തമാണ്. അതു് ഏററവും വിശിഷ്ടമായ ഒരു പുണ്യപ്രവൃത്തിയാണെന്നുള്ളതിനു സംശയമില്ല. ഇപ്രകാരമുള്ള സംഭാവനകളും പിരിവുകളും അതാതു രൂപതയിലെ മെത്രാന്മാരുടെ പേർക്കാണ് അയച്ചുകൊടുക്കേണ്ടതു്.

——

## അടുത്ത ആഴ്ചയിൽ

ഒക്ടോബർ

18 ഞാ: പന്തക്കുസ്താ 21-ാം ഞായർ
19 തി: പത്രോസ് അൽകാന്ത്ര
20 ചൊ: യോഹന്നാൻ കാന്തിസ്
21 ബു: ഹിലാരിയോൻ
22 വ്യാ: മറിയം ശാലോം
23 വെ: ദിവ്യരക്ഷകൻ
24 ശ: റപ്പായേൽ

## പ്രസാധകക്കുറിപ്പുകൾ

### തിരു-കൊച്ചി ഗവമ്മെണ്ടുനടപടിയെ പി. സി. സി. അംഗീകരിക്കുന്നു.

തിരു-കൊച്ചിയിലെ കോൺഗ്രസ്സ് ഗവമ്മെണ്ടിന്റെപേരിൽ മുഖ്യമന്ത്രിവിശ്വാസപ്രമേയം അവതരിപ്പിച്ചതിനേയും അതു പരാജയപ്പെട്ടതിനെ തുടർന്നു് അദ്ദേഹത്തിന്റെ ഉപദേശമനുസരിച്ച് രാജപ്രമുഖൻ നിയമസഭ പിരിച്ചുവിടുകയും പുതിയ തിരഞ്ഞെടുപ്പു നിശ്ചയിക്കുകയും അതിനിടയിൽ ഇപ്പോഴത്തെ മന്ത്രിസഭതന്നെ ഭരണം തുടരണമെന്നു തീരുമാനിക്കുകയും ചെയ്തതിനെയുംപററി കമ്മ്യൂണിസ്റ്റ്, ആർ. എസ്. പി, കെ. എസ്. പി, പി. എസ്. പി, തമിഴ് നാട്ട് കോൺഗ്രസ്സ് എന്നീ പാർട്ടികളും ഏതാനും ചില കോൺഗ്രസ്സ് പാർട്ടി അംഗങ്ങളും ഓരോതരം ആക്ഷേപങ്ങൾ മുഴക്കിക്കൊണ്ടിരിക്കുകയാണല്ലോ. തിരു-കൊച്ചിക്കു വെളിയിലുള്ള ഇന്ത്യയിലെ പല പ്രധാനപത്രങ്ങളും ജനപ്രമാണികളും നിയമസഭാസാമാജികന്മാരും തിരു-കൊച്ചി മന്ത്രിസഭയുടേയും രാജപ്രമുഖന്റേയും ഈ നടപടികൾ ശരിവച്ച് ലേഖനങ്ങളും പ്രസ്താവനകളും പുറപ്പെടുവിച്ചിട്ടുണ്ട്. ആക്ഷേപകന്മാരുടെ ന്യായവാദങ്ങൾക്കു് മന്ത്രിമാർ വിശിഷ്യ ശ്രീ പനമ്പിള്ളി പല അവസരങ്ങളിലായി സമാധാനം നൽകിയിട്ടുമുണ്ട്. ഗാന്ധിജയന്തിവാരാഘോഷം പ്രമാണിച്ചു് എറണാകുളത്തു് രാജേന്ദ്രമൈതാനത്തു കൂടിയ പൊതുയോഗത്തിൽ ശ്രീ പനമ്പിള്ളി പ്രസ്തുതാക്ഷേപങ്ങൾക്കു പറഞ്ഞ മറുപടി പ്രത്യേകം ശ്രദ്ധാർഹമാണ്. തിരു-കൊച്ചി പ്രൊവിൻഷ്യൽ കോൺഗ്രസ്സ് കമ്മിററിയുടെ എക്സിക്യൂട്ടീവ് ഒക്ടോബർ 3-ാംനു എറണാകുളത്തു സമ്മേളിച്ച് ഒരു പ്രമേയം പാസാക്കുകയും, അതിൽ മന്ത്രിസഭയുടേയും രാജപ്രമുഖന്റേയും നടപടികളെ പൂർണ്ണമായി അംഗീകരിക്കുകയും ചെയ്തിരിക്കുന്നു.

* * *

### ആക്ഷേപങ്ങൾക്കു് പി. സി. സി. മറുപടി പറയുന്നു

ആക്ഷേപകന്മാരുടെ വാദങ്ങൾക്കു് പി. സി. സി. എക്സിക്യൂട്ടീവ് പ്രസ്തുത പ്രമേയത്തിൽത്തന്നെ മറുപടി നൽകിയിട്ടുണ്ട്. വിശ്വാസപ്രമേയം പരാജയപ്പെട്ടതിനെ തുടർന്നു് നിയമസഭയിലെ മററാരെയെങ്കിലും ഒരു മന്ത്രിസഭയുണ്ടാക്കാൻ രാജപ്രമുഖൻ ക്ഷണിക്കേണ്ടതായിരുന്നുവെന്ന ആക്ഷേപത്തിനു് പ്രമേയം ഇങ്ങനെ മറുപടി നൽകുന്നു:- "കോൺഗ്രസ്സ് പാർട്ടിവിട്ടാൽ പിന്നെ ഭരണഭാരം ഏറെറടുക്കാൻ അർഹതയോ ആത്മാർത്ഥമായ സന്നദ്ധതയോ ഉള്ള പാർട്ടികൾ നിയമസഭയിൽ വേറെ ഉണ്ടായിരുന്നില്ല. ഒരു പൊതുതിരഞ്ഞെടുപ്പിനുവേണ്ടി തങ്ങൾ നിലകൊള്ളുന്നുവെന്നു്, നിയമസഭയിൽ 10 അംഗങ്ങളുള്ള പി. എസ്. പി. യുടെ വക്താവു്, വിശ്വാസപ്രമേയത്തിന്റെ ചർച്ചാവേളയിൽ അധികൃതമായി പ്രസ്താവിച്ചതോടെ ആ നിയമസഭയുടെ വിശ്വാസമുള്ള മറെറാരു മന്ത്രിസഭ ഉണ്ടാകാനുള്ള സാദ്ധ്യത അസ്തമിച്ചുപോയി. പി. എസ്. പി. യേയും കോൺഗ്രസ്സ് പാർട്ടിയേയും കോൺഗ്രസ്സിനെ അനുകൂലിച്ച സ്വതന്ത്രരേയും വിട്ടാൽ പിന്നെ, നിയമസഭയിൽ ബാക്കിയുള്ളതു് 32 ഐക്യമുന്നണിക്കാരും, 9 തമിഴ്നാട്ടുകാരും, 6 സ്വതന്ത്രരുമാണ്. ഇവർ പര

സ്സരം യോജിച്ചുനില്ക്കാത്ത മൂന്നു ഗ്രൂപ്പുകളുമാണ്." നിയമസഭ പിരിച്ചുവിട്ടതിനെ പ്രമേയത്തിൽ ഇങ്ങനെ നീതീകരിച്ചിരിക്കുന്നു:- "വിശ്വാസപ്രമേയത്തിന്റെ പരാജയം ഒരു പുതിയ പൊതുതിരഞ്ഞെടുപ്പിനെ അനിവാര്യമാക്കി. നിയമസഭ പിരിച്ചുവിടാതെ പുതിയ പൊതുതിരഞ്ഞെടുപ്പ് ഇപ്പോൾ നടത്താൻ നിയമമില്ല." പൊതുതിരഞ്ഞെടുപ്പു കഴിയുന്നതുവരെ ഇന്നത്തെ മന്ത്രിസഭ അധികാരത്തിൽ തുടരുന്നതിന്റെ സാധുതയേയും ഔചിത്യത്തേയും പ്രമേയം വിശദീകരിക്കുന്നുണ്ട്. "നിയമസഭ പിരിച്ചുവിട്ടാൽ, അടുത്ത പൊതുതിരഞ്ഞെടുപ്പു കഴിയുന്നതുവരെ, സഭ പിരിച്ചുവിട്ടപ്പോൾ അധികാരത്തിലിരിക്കുന്ന മന്ത്രിസഭ തുടരുന്നതു് ഉത്തരവാദഭരണത്തിന്റെ അടിയുറച്ച വഴക്കമാണ്. ആ ഭരണസമ്പ്രദായം നമ്മുടെ രാജ്യത്തും വന്നിരിക്കുന്ന സ്ഥിതിക്ക് ആ വഴക്കം ഇവിടേയും സ്വീകരിക്കപ്പെടേണ്ടതാണ്." ഒരു അഖിലകക്ഷി മന്ത്രിസഭ പൊതുതിരഞ്ഞെടുപ്പു കഴിയുന്നതുവരെ വേണമെന്നുള്ള ഐ. മു. വിലെ ഒരു ഘടകമായ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വാദത്തിലെ പരസ്പരവൈരുദ്ധ്യം പ്രമേയത്തിൽ ഇങ്ങനെ ചൂണ്ടിക്കാണിച്ചിരിക്കുന്നു:- "ഈ ഇടക്കാലത്തു് ഒരു മന്ത്രിസഭതന്നെയാണ് വേണ്ടതെന്ന തത്വം ഈ വാദത്തിൽ അന്തർഭവിച്ചിരിക്കുന്നു. എന്നാൽ ഇടക്കാലത്തു് അഖിലകക്ഷിമന്ത്രിസഭ ആവശ്യമില്ലെന്ന് ഐക്യമുന്നണിയിലെ മറ്റൊരു ഘടകമായ ആർ. എസ്. പി. പറയുന്നു." ഈ ഇടക്കാലത്തു് അഡ്മിനിസ്ട്രേറ്റർ ഭരണം വേണമെന്നുള്ള വാദത്തേയും പ്രമേയം ഖണ്ഡിക്കുന്നു. "അഡ്മിനിസ്ട്രേറ്റർ ഭരണം ഈവക പരിതസ്ഥിതികളെ ഉദ്ദേശിച്ച് വിഭാവനചെയ്തിട്ടുള്ളതല്ല. നിയമസഭ പിരിച്ചുവിട്ട് ഒരു പൊതുതിരഞ്ഞെടുപ്പ് നടത്തുകയെന്നതു് ഉത്തരവാദഭരണവ്യവസ്ഥയിൽ ഒരു സാധാരണസംഭവം മാത്രമാണ്. ഉത്തരവാദഭരണവ്യവസ്ഥയുടെ ജന്മഭൂമിയായ ഇംഗ്ലണ്ടിൽ നടപ്പുള്ളതു് പൊതുതിരഞ്ഞെടുപ്പു കഴിയുന്നതുവരെ മന്ത്രിസഭ തുടരുകയാണ്." ഇക്കാരണങ്ങളാൽ ആക്ഷേപകന്മാരുടെ വാദങ്ങൾ അടിസ്ഥാനശൂന്യങ്ങളാണെന്നും ചിന്താക്കുഴപ്പം ഉണ്ടാക്കാൻമാത്രം ഉപകരിക്കുന്നതാണെന്നും പ്രമേയം പ്രസ്താവിക്കുന്നു.

* * *

## ഐ. മു. അവിശുദ്ധമായ കൂട്ടുകെട്ടാണെന്ന് പി. എസ്. പി. സിക്രട്ടറി

ഇടതുപക്ഷപാർട്ടികളെല്ലാം ഒറ്റക്കെട്ടായിനിന്ന് അടുത്ത തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനെതിരായി മത്സരിച്ച് വിജയം വരിക്കുവാൻവേണ്ടി പി. എസ്. പി. യെ കൂട്ടുപിടിക്കുന്നതിനുള്ള ഐക്യമുന്നണിനേതാക്കന്മാരുടെ ശ്രമത്തെ തിരു-കൊച്ചിയിലെ പി. എസ്. പി. സിക്രട്ടറിയായ മി: വിൽസൺ ഏറ്റവും ശക്തിയായി എതിർത്തിരിക്കുന്നു. 1951-ൽ ഈ ഐക്യമുന്നണി രൂപമെടുത്തപ്പോൾ "ഈ അവിശുദ്ധമായ കൂട്ടുകെട്ട് ജനവഞ്ചനയാണെന്ന്" താൻ പറഞ്ഞെന്നും, "ഈ ഐക്യമുന്നണിയിൽ കമ്മ്യൂണിസ്റ്റുകാർ ചെയ്തിട്ടുള്ള വഞ്ചനകളുടേയും ജനദ്രോഹങ്ങളുടേയും ഒരു നീണ്ട പട്ടിക ഐക്യകമ്മിറ്റി കൺവീനർ ജോൺ മാഞ്ഞൂരാനും ആർ. എസ്. പി. നേതാവായ ശ്രീ കണ്ണൻനായരും ഇതിനകം ബഹുജനസമക്ഷം സമർപ്പിച്ചിട്ടുള്ളതാണെന്നും" അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു. ഐക്യമുന്നണിയിലെ മൂന്നു പാർട്ടികളും അന്യോന്യം തകർക്കുവാനാണ് ഉറച്ചുശ്രമിക്കുന്നതെന്നും, പി. എസ്. പി. യെ കമ്മ്യൂണിസ്റ്റുകാർക്ക് പണയപ്പെടുത്തുക ജനങ്ങളോടു ചെയ്യാവുന്ന വഞ്ചനയാണെന്നും, "പി. എസ്. പി. നേതാക്കൾ ഇതിലൊന്നും കുടുങ്ങുകയില്ല" എന്നും അദ്ദേഹം ഉറപ്പിച്ചുപറയുന്നു.

ഐക്യമുന്നണി രൂപീകരണത്തിൽ കമ്മ്യൂണിസ്റ്റുകാർക്കുള്ള സ്വാർത്ഥപരമായ ഉദ്ദേശ്യത്തേയും മറ്റും ശ്രീ വിത്സൺ അപലപിച്ചിരിക്കുന്നതിങ്ങനെയാണ്: "കമ്മ്യൂണിസ്റ്റ് ഐക്യമുന്നണിക്ക് ഒരു 30 കൊല്ലത്തെ ചരിത്രമുണ്ട്. 1921-നും 1953-നും ഇടയ്ക്ക് റഷ്യൻ വിദേശനയത്തിന്റെ ഗതിവിഗതികൾക്കൊത്തവണ്ണം ഇന്ത്യയിലുൾപ്പെടെ ലോകത്തിലെങ്ങുമുള്ള കമ്മ്യൂണിസ്റ്റുകൾ ഐക്യമുന്നണി ഉണ്ടാക്കുകയും അവർതന്നെ അവ തല്ലിത്തകർക്കുകയും ചെയ്തിട്ടുണ്ട്. ഈ ഓരോ സന്ദർഭത്തിലും ഐക്യമുന്നണിയിലൂടെ കമ്മ്യൂണിസ്റ്റുകാർ ശ്രമിച്ചിട്ടുള്ളതു് ജനങ്ങളുടെ ജീവൽപ്രശ്നങ്ങളെ മറ്റുള്ളവരുമായി ഒന്നുചേർന്നു പരിഹരിക്കുവാനല്ല, പ്രത്യുത കൂട്ടുകാരെ കുതികാൽനോക്കി വെട്ടി മറിക്കുവാനാണ്."

കമ്മ്യൂണിസ്റ്റുകാരോട് ശ്രീ വിത്സണ് വലിയ വെറുപ്പാണെങ്കിലും ഐക്യമുന്നണിയിലെ മറ്റു രണ്ടു പാർട്ടികളേയും കൂട്ടുപിടിക്കുവാൻ അദ്ദേഹം ശ്രമിക്കുന്നു. "ഇന്നാട്ടിലെ ആർ. എസ്. പി. യോടും കെ. എസ്. പി. യോടും എനിക്കൊരഭ്യർത്ഥനയുണ്ട്. സോഷ്യലിസ്റ്റുകാരെല്ലാം ഒന്നിച്ചുനിന്ന് എല്ലാ പിന്തിരിപ്പൻശക്തികളേയും എതിർത്തു തോല്പിച്ച് ജനാധിപത്യത്തിന്റെ അസ്തിവാരത്തെ ശക്തിപ്പെടുത്തുകയത്രെ ഇന്നത്തെ ചരിത്രപരമായ ആവശ്യം" എന്നദ്ദേഹം പറയുന്നു. ആർ. എസ്. പി. യുടേയും കെ. എസ്. പി. യുടേയും സാമുദായികസാമ്പത്തികസിദ്ധാന്തങ്ങൾ കമ്മ്യൂണിസ്റ്റ് പാർട്ടിയുടേതുപോലെതന്നെ മാർക്സ്യൻ സിദ്ധാന്തങ്ങളാണ്. മാർക്സിസവും ജനാധിപത്യവും തമ്മിൽ യാതൊരു പൊരുത്തവുമില്ല. മാർക്സിസ്റ്റു ഭരണം നടപ്പിലിരിക്കുന്ന രാജ്യങ്ങളിലെ അനുഭവം ഇതിനു തെളിവാണ്. ആകയാൽ സോഷ്യലിസത്തിന്റെ നാമത്തിൽ ശ്രീ വിത്സൺ ആർ. എസ്. പി. യേയും കെ. എസ്. പി. യേയും കൂട്ടുപിടിക്കുവാൻ ശ്രമിക്കുന്നതു് മാർക്സിസത്തിൽനിന്നും വിമോചനം പ്രാപിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന പി. എസ്. പി. യെ വീണ്ടും അതിലേക്കു തള്ളിയിടുന്ന പിന്തിരിപ്പൻ നടപടിയായിരിക്കും.

* * *

## മാർക്സ്യൻ സിദ്ധാന്തം യാഥാർത്ഥ്യവിരുദ്ധമെന്ന് ശ്രീ അയ്യപ്പൻ

കാൾമാർക്സിന്റെ സിദ്ധാന്തപ്രകാരം മനുഷ്യജീവിതത്തിന്റെ അടിസ്ഥാനം മുഴുവനും സാമ്പത്തികമാണ്; സാമ്പത്തികലക്ഷ്യമാണ് അവന്റെ സകല പ്രവർത്തനങ്ങൾക്കും സഹായകമായി നില്ക്കുന്നതു്. മനുഷ്യനെ സാമ്പത്തികജീവിയായിട്ടാണ് മാർക്സ് നിർവ്വചനം ചെയ്തിട്ടുള്ളതുതന്നെ. ഈ സിദ്ധാന്തം യാഥാർത്ഥ്യത്തിനു വിരുദ്ധമാണെന്ന് ഏതു മനുഷ്യന്റേയും അനുഭവം തെളിയിക്കുന്നുണ്ട്. [illegible] കെ. അയ്യപ്പൻ തന്റെ വാരികയായ "സഹോദര"നിൽ എഴുതിയ ഒരു മുഖപ്രസംഗത്തിൽ ഈ വസ്തുത സമ്മതിച്ചിരിക്കുന്നു. ഈ മാർക്സ്യൻ സിദ്ധാന്തത്തിനെതിരായി ഒരു റേഡിയോ സംവാദത്തിൽ ഉന്നയിക്കപ്പെട്ട ന്യായവാദത്തെ ഉദ്ധരിക്കുകയും അതിന് ഒരു മാർക്സ്യൻ പക്ഷക്കാരൻ നൽകിയ സമാധാനം പകർത്തുകയും ചെയ്തശേഷം ആ സമാധാനത്തിന്റെ അയഥാർത്ഥ്യം അദ്ദേഹം ചൂണ്ടിക്കാണിക്കുകയാണ് ചെയ്തിരിക്കുന്നതു്.

"എവറസ്റ്റുകൊടുമുടി കയറുന്നതുകൊണ്ട് എന്തു സാമ്പത്തികമായ പ്രയോജനമാണ്; ഈ ആകാശത്തു കാണുന്ന കോടാനുകോടി നക്ഷത്രങ്ങളുടെ എണ്ണവും വണ്ണവും തൂക്കവും അളക്കാൻ ഒരു കൂട്ടം ആളുകൾ എന്തും എന്തിനു ശ്രമിക്കുന്നു?" എന്നു മാർക്സിസ്റ്റുസിദ്ധാന്തത്തിനെതിരായ ചോദ്യം. അതിനു് മാർക്സിസ്റ്റുപക്ഷവാദിയുടെ ഉത്തരം: "മലകയറ്റത്തിലും നക്ഷത്രമണ്ഡലത്തിലെ രഹസ്യങ്ങൾ ആരായുന്നതിലും ബദ്ധപ്പെടുന്നതു് എന്തോ ഒരാവേശം ശമിപ്പിക്കാനാണെന്നു പറയുന്നതു് ആത്യന്തികമായ അപഗ്രഥനത്തിൽ ശരിയല്ലെന്നു കാണാം. എവറസ്റ്റ് കേറിയ ടെൻസിംഗിനും ഹില്ലേരിക്കും സാമ്പത്തികമായുള്ള സൗകര്യങ്ങൾ കിട്ടിയല്ലോ. ഒരുപക്ഷെ പ്രശസ്തിയുടെ പ്രചോദനം ആയിരിക്കാം അവരെ അതിനു പ്രേരിപ്പിച്ചതു്. പ്രശസ്തി സമ്പത്തായി മാറാൻ അധികനിമിഷം ആവശ്യമില്ല." ഈ മറുപടിയെ ശ്രീ അയ്യപ്പൻ ഇങ്ങനെ വിമർശിച്ചു ഖണ്ഡിച്ചിരിക്കുന്നു. "എവറസ്റ്റ് കയറിയവർക്കു പ്രശസ്തിവന്നു, അതിന്റെ പുറകെ സമ്പത്തും വന്നു എന്നുവച്ച്, അവർ പ്രശസ്തിയോ സമ്പത്തോ ഉദ്ദേശിക്കാതെ കൗതുകംകൊണ്ടോ ആവേശംകൊണ്ടോ ജ്ഞാനതൃഷ്ണകൊണ്ടോ മറ്റോ കയറി എന്നു വരാവുന്നതാണ്. മലകയറ്റകൗതുകം നമ്മിൽ ചിലർക്കും ഉണ്ടല്ലോ. ഇതെഴുതുന്ന ആൾ വളരെ ബുദ്ധിമുട്ടി, എന്നാൽ വലിയ രസത്തിൽ, നെല്ലിയാംപതി മല ഒരിക്കൽ കയറിയതും എട്ടുമൺ കാട്ടിൽ സഞ്ചരിച്ചതും ഓർമ്മവരുന്നുണ്ട്. കൗതുകമല്ലാതെ അതിനു വേറൊരുദ്ദേശവും ഉണ്ടായിരുന്നില്ല. മഹാന്മാരായ ശാസ്ത്രജ്ഞന്മാരിൽ പലരും അവരുടെ ഗവേഷണങ്ങൾ നടത്തുന്നതു ജ്ഞാനതൃഷ്ണകൊണ്ടും, ജ്ഞാനം വളർത്തി അതുവഴി സഹജാതരെ സേവിക്കാൻ വേണ്ടിയുമായിട്ടല്ലാതെ സാമ്പത്തികമായ നേട്ടങ്ങളുദ്ദേശിച്ചല്ല. മാർക്സിന്റെ തന്നെ സാമ്പത്തികശാസ്ത്രത്തിലുള്ള എവറസ്റ്റുകയറ്റവും കടലിൽ മുങ്ങലും നക്ഷത്രലോകസഞ്ചാരവും അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം സാമ്പത്തികാദായത്തിനല്ലെന്നുള്ളതു് ഏതു പരിശോധനയിലും തെളിയുന്നതാണ്."

എത്ര വാസ്തവം! മനുഷ്യന്റെ പ്രവർത്തനോദ്ദേശ്യങ്ങൾ പലതാണ്. അവയിൽ ഏറ്റവും താഴത്തെപടിയിലുള്ളതാണ് സാമ്പത്തികപ്രയോജനം. ആദ്ധ്യാത്മികവും പരോപകാരപ്രദവും ആയ ഉൽകൃഷ്ടോദ്ദേശങ്ങളാണ് മനുഷ്യനിൽ ഏറ്റവും ശക്തിയുള്ളതു്. സാമ്പത്തികപ്രയോജനങ്ങൾ മുഴുവൻ ബലികഴിക്കുവാൻ പ്രേരിപ്പിക്കത്തക്കവണ്ണം അത്ര ശക്തങ്ങളാണവ. ഈ വസ്തുതകൾക്കു കടകവിരുദ്ധമാണു പ്രസ്തുത മാർക്സ്യൻ സിദ്ധാന്തം.

സത്യദീപം വരിസംഖ്യ

പ്രതിവർഷം

ഇൻഡ്യയിൽ ക. 6—8—0

ഇൻഡ്യക്കുപുറമെ " 8—12—0

* * *

## സൊഡാലിറ്റിക്കാർ എം. പി. മാർക്ക് മാർപ്പാപ്പായുടെ വിശ്വലേഖനം അയച്ചുകൊടുത്തു

ബോംബെയിലെ യുവജനസൊഡാലിറ്റിയുടെ സാമുദായികക്ഷേമവിഭാഗം ഇന്ത്യൻ പാർലമെന്റിലെ സാമാജികന്മാർക്ക് "തൊഴിലാളികളുടെ പട്ടയം" എന്നു അപരനാമമുള്ള "റേരും നൊവാരും" എന്ന 13-ാം ലെയോ മാർപ്പാപ്പായുടെ വിശ്വലേഖനത്തിന്റെ 500 പ്രതികൾ സൗജന്യമായി അയച്ചുകൊടുത്തിരിക്കുന്നു. വിശ്വലേഖനം അടങ്ങിയ ചെറുഗ്രന്ഥത്തിൽ ഓരോന്നിലും താഴെക്കാണുന്ന കുറിപ്പും അവർ ചേർത്തിട്ടുണ്ട്.

"ഈ ചെറുപുസ്തകം ഞങ്ങൾ നിങ്ങൾക്കയക്കുന്നതു് ആത്മാർത്ഥവും നിർവ്യാജവുമായ ആഗ്രഹത്തോടുകൂടിയാണ്. നമ്മുടെ രാജ്യത്തിന്റെ നയങ്ങളെ രൂപീകരിക്കുന്നതിൽ നിങ്ങളെ ഇതിന്റെ ഉള്ളടക്കം സഹായിക്കട്ടെയെന്നും, അതുവഴിയായി അഭിവൃദ്ധിയും സുരക്ഷിതത്വവും സമാധാനവും പൗരസഞ്ചയത്തിനു കൈവരുത്തുന്ന സുനിശ്ചിതവും അപകടരഹിതവുമായ പന്ഥാവിലൂടെ ഭാരതമാതാവ് പുരോഗമിക്കട്ടെയെന്നുമാണ് ഞങ്ങളുടെ ആഗ്രഹം."

തൊഴിലാളിപ്രശ്നങ്ങളേയും സാമൂഹികക്ഷേമത്തേയും ഏതാദൃശങ്ങളായ മറ്റു വിഷയങ്ങളേയും പരാമർശിക്കുന്ന ബില്ലുകൾ പാർലമെന്റിൽ ചർച്ചയ്ക്കുവരുമ്പോൾ സാമാജികന്മാർ ഒരുങ്ങിയിരിക്കുവാൻ വേണ്ടിയാണ് സൊഡാലിറ്റിക്കാർ ഇവ അയച്ചുകൊടുത്തതു്. ഇതിനു് അവരെ എത്ര അഭിനന്ദിച്ചാലും മതിയാകുന്നതല്ല. ലോകത്തെ അലട്ടിക്കൊണ്ടിരിക്കുന്ന നാനാതരങ്ങളായ സാമുദായികപ്രശ്നങ്ങളെ ദൈവവെളിപാടിന്റെ സഹായത്തോടുകൂടിയും 2000 കൊല്ലത്തെ പഴമപരിചയത്തോടും പാരമ്പര്യത്തോടുംകൂടിയും ചർച്ചചെയ്ത് സുബദ്ധങ്ങളായ പ്രതിവിധികൾ നിർദ്ദേശിക്കുന്ന വിജ്ഞാനസമ്പത്താണ് ആധുനികമാർപ്പാപ്പാമാരുടെ സാമുദായികവിശ്വലേഖനങ്ങളിൽ അടങ്ങിയിരിക്കുന്നതു്. അവയിലൊന്നുമാത്രമാണ് ഈ സൊഡാലിറ്റിക്കാർ എം. പി. മാർക്ക് ഇപ്പോൾ അയച്ചുകൊടുത്തിരിക്കുന്നതു്. 1891-ൽ എഴുതപ്പെട്ട ആ വിശ്വലേഖനത്തിന്റെ പൂർത്തീകരണമെന്നോണം അതിന്റെ 40-ാം വാർഷികത്തിൽ 11-ാം പീയൂസ് മാർപ്പാപ്പാ പ്രസിദ്ധംചെയ്ത "ക്വാദ്രജസീമോ ആന്നോ" എന്ന വിശ്വലേഖനവും ഇതുപോലെ അവർക്കയച്ചുകൊടുക്കേണ്ടതാണ്. നിരീശ്വരകമ്മ്യൂണിസത്തെ പരാമർശിച്ച് ഈ മാർപ്പാപ്പാതന്നെ എഴുതിയിട്ടുള്ള "ദിവീനി രെദെംതോരിസ്" എന്ന വിശ്വലേഖനവും അവർക്കു ലഭിക്കേണ്ടതാണ്. ഈ മൂന്നു വിശ്വലേഖനങ്ങളെ സാർവ്വരാജ്യതൊഴിലാളിസംഘടന (ഐ. എൽ. ഒ.) അതിന്റെ വാർഷികഗ്രന്ഥത്തിൽ തൊഴിലാളിമുതലാളി പ്രശ്നങ്ങൾക്കു മാർഗ്ഗദർശനം നൽകുന്ന രേഖകളായി പണ്ടേ ശുപാർശചെയ്തിട്ടുണ്ട്. തിരു-കൊച്ചിയിലെ നിയമസഭാസാമാജികന്മാർക്കും തൊഴിലാളിനേതാക്കന്മാർക്കും ഈ വിശ്വലേഖനങ്ങളുടെ ഓരോ പ്രതി സൗജന്യമായി അയച്ചുകൊടുക്കുവാൻ നമ്മുടെ ഏതെങ്കിലും സ്ഥാപനങ്ങൾ സന്നദ്ധരായിരുന്നെങ്കിൽ അതെത്രയോ വലിയ സൽപ്രവൃത്തിയായിരുന്നേനെ.

* * *

## അടുത്ത തിരഞ്ഞെടുപ്പിനുവേണ്ടി പ്രാർത്ഥനാസമരം നടത്താം

"പ്രാർത്ഥിക്കുക, പ്രവർത്തിക്കുക" എന്ന പ്രമാണമാണ് തിരുസ്സഭയിൽ ഏതു കാര്യത്തിന്റെ വിജയത്തിനും സ്വീകരിക്കപ്പെടുന്നതു്. അടുത്തുവരുന്ന നമ്മുടെ പൊതുതിരഞ്ഞെടുപ്പിൽ ഈ പ്രമാണം ഏറ്റവും വിശ്വസ്തതയോടുകൂടി നാം സ്വീകരിക്കേണ്ടിയിരിക്കുന്നു. "പ്രവർത്തിക്കുക" എന്ന കർത്തവ്യം നേതാക്കന്മാരുടെ പക്ഷത്താണ് പ്രധാനമായും ഇരിക്കുന്നതെന്ന് വേണമെങ്കിൽ പറയാം. അതു് അവർ നിർവ്വഹിക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കുകയും ചെയ്യാം. എന്നാൽ "പ്രാർത്ഥിക്കുക" എന്ന കർത്തവ്യം സകലരുടേയും പക്ഷത്തിരിക്കുന്നതാണ്. പ്രാർത്ഥനയുടെ അപ്രതിഹതമായ ശക്തിയിൽ വിശ്വാസമുള്ളവർ മതത്തിന്റെ ആവശ്യകതയിലും നിലനില്പിലും അഭിവൃദ്ധിയിലും പ്രത്യേകതാല്പര്യമുള്ളവരാണല്ലോ. അങ്ങനെയുള്ളവർക്ക് തിരു-കൊച്ചിയിലെ അടുത്ത തിരഞ്ഞെടുപ്പ് വിധിനിർണ്ണായകമായ ഒരു ധർമ്മസമരമായിരിക്കണം. പരിപൂർണ്ണമായ മതസ്വാതന്ത്ര്യം അനുവദിക്കുന്ന കോൺഗ്രസ്സുപാർട്ടിക്കെതിരായി സകല മതസ്വാതന്ത്ര്യത്തേയും നിശ്ശേഷം നശിപ്പിക്കുവാൻ പ്രതമെടുത്തിട്ടുള്ള കമ്മ്യൂണിസ്റ്റുപാർട്ടിയുടെ നേതൃത്വത്തിൽ ഇടതുപക്ഷകക്ഷികളെല്ലാം ഒന്നിച്ചുനിന്നു മത്സരിച്ച് വിജയംവരിച്ച് അധികാരം പിടിച്ചെടുക്കുവാൻ വട്ടംകൂട്ടിക്കൊണ്ടിരിക്കുന്നു. അധികാരം അവരുടെ കൈവശം ചെന്നുചേർന്നാൽ ഇന്നു കാണുന്ന നമ്മുടെ ദേവാലയങ്ങൾ, ആശ്രമങ്ങൾ, കന്യകാലയങ്ങൾ, വിദ്യാലയങ്ങൾ, മുദ്രാലയങ്ങൾ, പ്രസിദ്ധീകരണങ്ങൾ മുതലായി മതജീവിതത്തിന്റെ നിലനില്പിനും പോഷണത്തിനും ആവശ്യകമായ സമസ്തവും ക്രമേണക്രമേണ ഇല്ലാതാകുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. അടുത്ത തിരഞ്ഞെടുപ്പിന്റെ ഈ സ്വഭാവം ദേവാലയങ്ങളിലും ആശ്രമങ്ങളിലും കന്യകാലയങ്ങളിലും വിദ്യാലയങ്ങളിലും വേദോപദേശക്ലാസുകളിലും എന്നുവേണ്ട ജനങ്ങളെ ഉദ്ബോധിപ്പിക്കുവാൻ സൗകര്യമുള്ള സകല സ്ഥലങ്ങളിലുംവച്ച് അവരെ പറഞ്ഞു മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇടതുപക്ഷകക്ഷികൾ തിരഞ്ഞെടുപ്പിൽ പരിപൂർണ്ണമായും പരാജയപ്പെടുവാൻ തക്കവണ്ണം മതത്തിനും സന്മാർഗ്ഗത്തിനും സ്വാതന്ത്ര്യത്തിനും സമാധാനത്തിനുംവേണ്ടി നിലകൊള്ളുന്ന ജനനേതാക്കന്മാർ വ്യക്തിപരമോ വർഗ്ഗീയമോ ആയ സകല സ്വാർത്ഥോദ്ദേശ്യങ്ങളും കൈവെടിഞ്ഞ് പ്രവർത്തിക്കുവാനുള്ള സന്മനസ്സും സന്നദ്ധതയും ഐകമത്യവും ഉള്ളവരായിരിക്കുവാൻവേണ്ടി, ദൈവത്തിന്റേയും നമ്മുടേയും മാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെ മാദ്ധ്യസ്ഥ്യത്തോടുകൂടി ദിവ്യരക്ഷകനോട് പ്രാർത്ഥിക്കുവാൻ സകലരേയും ഉദ്ബോധിപ്പിക്കാം. തിരു-കൊച്ചിയിലെ എല്ലാ ദേവാലയങ്ങളിലും ഈ ഒക്ടോബർമാസത്തിൽ കൊന്തനമസ്കാരം ഏറ്റവും ഭക്തിയോടുകൂടി നടത്തപ്പെടുന്നുണ്ടല്ലോ. ആ പ്രാർത്ഥനകളിലെല്ലാം അടുത്ത പൊതുതിരഞ്ഞെടുപ്പിനെ ഏറ്റവും പ്രധാനമായ ലക്ഷ്യമായി കൺമുമ്പിൽ വയ്ക്കാം. ചുരുക്കത്തിൽ തിരഞ്ഞെടുപ്പു കഴിയുന്നതുവരെ സകല കുടുംബങ്ങളിലും സകല ദേവാലയങ്ങളിലും സകല കത്തോലിക്കാ സ്ഥാപനങ്ങളിലും തീവ്രമായ പ്രാർത്ഥനാസമരം നടത്താം.

## തിരുകൊച്ചിവാർത്തകൾ

### വിളവുമത്സരങ്ങൾ

1951 മുതൽ നെൽകൃഷിയിൽ നടത്തിവരുന്ന വിളവുമത്സരം മരച്ചീനികൃഷിയിലും ഏർപ്പെടുത്തുവാൻ തിരുകൊച്ചിഗവൺമെണ്ടു തീരുമാനിച്ചിരിക്കുന്നു. മേലിൽ താലൂക്കു്, ഡിസ്ട്രിക്ട്, സംസ്ഥാനം എന്നീ അടിസ്ഥാനങ്ങളിൽ മത്സരങ്ങൾ നടത്തപ്പെടുന്നതാണു്. സംസ്ഥാനമത്സരത്തിൽ സമ്മാനാർഹരാകുന്നവർക്കു് കേന്ദ്രം നടത്തുന്ന പണ്ഡിററു് ബിരുദത്തിനു മത്സരിക്കാവുന്നതാണു്. അതിൽ ജയിക്കുന്നവരെ ഡൽഹിയിലേക്കു ക്ഷണിച്ചു് രാഷ്ട്രപതിയോ ഇൻഡ്യൻ പ്രധാനമന്ത്രിയോ ബിരുദദാനം ചെയ്യുന്നതാണു്. താലൂക്കടിസ്ഥാനത്തിൽ ജയിക്കുന്നവർക്കു് 100 കയും സർട്ടിഫിക്കററും, ഡിസ്ട്രിക്ട് മത്സരത്തിൽ ജയിക്കുന്നവർക്കു് 250 ക. യും സർട്ടിഫിക്കററും, സംസ്ഥാനാടിസ്ഥാനത്തിലുള്ള നെല്ലു്-മരച്ചീനി മത്സരത്തിലെ വിജയികൾക്കു് 1000 കയും സമ്മാനം ലഭിക്കും. മത്സരത്തിൽ ചേരണമെന്നുള്ളവർ 1ക. പ്രവേശനഫീസോടുകൂടി അതതു സ്ഥലത്തെ കൃഷി ഇൻസ്പെക്ടർക്കു് അപേക്ഷ അയക്കേണ്ടതാണു്. മുണ്ടകൻ, വിരിപ്പു്, പുഞ്ച ഇവ മൂന്നിനും മത്സരമുണ്ടായിരിക്കും. കർഷകർക്കു് ഇഷ്ടമുള്ള കൃഷിരീതികൾ സ്വീകരിക്കാം. എന്നാൽ അവർ മൊത്തം ചെലവായ തുക അറിയിക്കേണ്ടതാണു്.

### നെഹ്റു തിരുകൊച്ചിയിൽ

തിരഞ്ഞെടുപ്പു പ്രചരണാർത്ഥം പ്രധാനമന്ത്രി പണ്ഡിററു് നെഹ്റു ജാനുവരി ആദ്യത്തിൽ തിരുകൊച്ചിയിലെത്താമെന്നു സമ്മതിച്ചിട്ടുണ്ടെന്നു് മുഖ്യമന്ത്രി എ. ജെ. ജോൺ വെളിപ്പെടുത്തിയിരിക്കുന്നു.

### ശ്രീ കൊട്ടുകാപ്പിള്ളി

മീനച്ചിൽ പാർലമെൻറു് മണ്ഡലം സ്ഥാനാർത്ഥിയായി മത്സരിക്കാൻപോകുന്ന ശ്രീ ജോർജ്ജു് തോമസ് കൊട്ടുകാപ്പിള്ളി പാലാ മുനിസിപ്പൽ പ്രസിഡണ്ടുസ്ഥാനം രാജിവച്ചിരിക്കുന്നു.

### മെഡിക്കൽ കൗൺസിലുകൾ

തിരുകൊച്ചിയിൽ അലോപ്പതിക്കും ഹോമിയോപ്പതിക്കും നാട്ടുവൈദ്യത്തിനും ഓരോ മെഡിക്കൽ കൗൺസിലുകൾ രൂപീകരിക്കപ്പെട്ടിരിക്കുന്നു.

## ഇൻഡ്യാ വാർത്തകൾ

### തൊഴിലില്ലായ്മപരിഹാരാർത്ഥം

തൊഴിലില്ലായ്മ പരിഹാരാർത്ഥം 150 കോടി ക. യുടെ പുതിയ പദ്ധതികൾകൂടി പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നാഷനൽ ഡിവലപ്മെൻറു് കൗൺസിൽ തീരുമാനിച്ചിരിക്കുന്നു. ഇതനുസരിച്ചു് പഞ്ചവത്സരപദ്ധതിയുടെ മൊത്തം ചെലവു് 2219 കോടി ക.യ്ക്കും 2244 കോടി ക. യ്ക്കും മദ്ധ്യേ വരുന്നതാണു്.

### കേന്ദ്രപാർലമെൻറു്

കേന്ദ്രകൗൺസിൽ ഓഫ് സ്റ്റേററിൻെറ 5-ാം സമ്മേളനം നവംബർ 23-ാംനു യും ജനസഭാസമ്മേളനം നവ. 16-ാംനു യും ആരംഭിക്കുന്നതും ഇരുസഭകളും ഡിസംബർ 24-ാംനു വരെ തുടരുന്നതുമാണു്.

### മദ്രാസിൽ 3 മന്ത്രിമാർ കൂടി

മദ്രാസ് മന്ത്രിസഭയിൽ മൂന്നു മന്ത്രിമാരെക്കൂടി ഉൾപ്പെടുത്തിയിരിക്കുന്നതായി ഗവർണ്ണർ ശ്രീ പ്രകാശം ഒരൗദ്യോഗികപ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു. ഒരു മുൻമന്ത്രിയും ലജിസ്ലേററീവ് കൗൺസിലിലെ ഒരംഗവുമായ മി. എം. ഭക്തവത്സലം, ധനകാര്യമന്ത്രിയുടെ പാർലമെൻററി സിക്രട്ടറിയായ മി. കെ. രാജാറാം നായിഡു, ഒരു ഹരിജൻ സാമൂഹികപ്രവർത്തകയായ ശ്രീമതി ജ്യോതി വെങ്കിടാചലം എന്നിവരാണു് പുതിയ മന്ത്രിമാർ. ഇതോടെ മദ്രാസ് മന്ത്രിസഭാംഗങ്ങളുടെ എണ്ണം 12 ആയിത്തീർന്നിരിക്കുന്നു.

---

# 153

(ററി. എം. മത്തായി)

വിശുദ്ധ യോഹന്നാൻെറ സുവിശേഷം ഇരുപത്തിയൊന്നാം അദ്ധ്യായത്തിൽ പതിനൊന്നാം വാക്യമായി താഴെ കാണുംപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: ശെമഓൻ കേപ്പാ കയറി നൂററിയമ്പത്തിമൂന്നു് വലിയ മത്സ്യങ്ങളെക്കൊണ്ടു നിറഞ്ഞിരുന്ന വല കരയിലേക്കു വലിച്ചുകയററി. സുവിശേഷത്തിലെ ഈപ്പറഞ്ഞിട്ടുള്ള നിർണ്ണായകസംഖ്യയെപ്പററി ചിന്തിക്കുമ്പോൾ ജപമാലയിലെ നൂററിയമ്പത്തിമൂന്നു് മണികളെക്കുറിച്ചാണു് ഒരു മരിയാ



ഭക്തനു് ഓർമ്മവരുന്നതു്. ദൈവമാതാവിൻെറ സങ്കീർത്തനമെന്നുകൂടി അപരനാമമുള്ള ജപമാലപ്രാർത്ഥനയിൽ "നന്മനിറഞ്ഞ മറിയമേ!" എന്നാരംഭിക്കുന്ന മാതൃജപങ്ങൾ നൂററിയമ്പത്തിമൂന്നാണു് ആകെയുള്ളതു്. ഇങ്ങനെ സുവിശേഷത്തിലെ മത്സ്യങ്ങളുടെ തിട്ടപ്പെടുത്തിയിട്ടുള്ള എണ്ണം ജപമാലയിലെ നൂററിയമ്പത്തിമൂന്നു് മണികളെപ്പററി ഓർമ്മിക്കുന്നതിനു സഹായിക്കുന്നു.

നൂററിയമ്പത്തിമൂന്നിൻെറ പ്രാധാന്യം മനസ്സിലാക്കി അനുദിനം പൂർണ്ണജപമാല എത്തിക്കുവാൻ പ്രേരിപ്പിക്കുന്ന മററു ചില കണക്കുകൾകൂടി വ്യക്തമാക്കാം. ജപമാലഭക്തിയെ പ്രോത്സാഹിപ്പിക്കുന്നതിനായിട്ടുള്ള ദൈവമാതാവിൻെറ ലൂർദ്ദിലെ ആദ്യദർശനത്തിനും ഒടുവിലത്തെ ദർശനത്തിനും ഇടയ്ക്കുള്ള ദിവസങ്ങൾ നൂററിയമ്പത്തിമൂന്നാണു്. ലൂർദ്ദ് പ്രത്യക്ഷം 1858 ഫെബ്രുവരിമാസം പതിനൊന്നാം തിയതിമുതൽ പത്തൊൻപതു ദർശനങ്ങൾക്കുശേഷം ജൂലായ്മാസം പതിനഞ്ചാംതിയതിയിലത്തെ ദർശനത്തോടുകൂടിയാണു് അവസാനിപ്പിച്ചതു്. ജപമാലരാജ്ഞിയുടെ ഫാത്തിമാദർശനത്തിൻെറ പ്രഥമദിനമായ മേയ്മാസം പതിമൂന്നാംതിയതി മുതൽ ഒക്ടോബർമാസം പതിമൂന്നാം തിയതിയിലത്തെ അവസാനദർശനംവരെയുള്ള ദിവസങ്ങളും നൂററിയമ്പത്തിമൂന്നാണു്. മേൽപ്പറഞ്ഞിട്ടുള്ള ചിന്താവിഷയങ്ങൾ ജീവിതഗ്രന്ഥത്തിലെ ദിനരാത്രങ്ങളാകുന്ന പേജുകളോരോന്നും പൂർണ്ണജപമാലയുടെ മഹനീയചിത്രങ്ങളാൽ ഭംഗിപിടിപ്പിക്കുന്നതിനു നമുക്കോരോരുത്തർക്കും ഉപകരിക്കുമാറാകട്ടെ.

ആധുനികലോകത്തിൻെറ നാനാവിധമായ ദുരവസ്ഥയെപ്പററി ചിന്തിക്കുമ്പോൾ ജപമാലനമസ്കാരത്തിൻെറ മൂന്നിലൊരുഭാഗംകൊണ്ടു് തൃപ്തിപ്പെടുവാൻ മരിയാഭക്തർക്കു കഴിയുന്നതല്ല. ഫാത്തിമായിലെ കൊച്ചുകുട്ടികൾമുഖേന ദൈവമാതാവു് നമ്മോടു കല്പിക്കുന്നതു് പാപപരിഹാരത്തിനും ലോകസമാധാനത്തിനുമായി കൊന്തനമസ്കാരം വളരെയധികമായി ചൊല്ലണമെന്നാണല്ലോ. വിശ്വാസപ്രമാണവും, ഇടയ്ക്കിടെ കർത്തൃപ്രാർത്ഥന, ത്രിത്വസ്തുതി എന്നിങ്ങനെയുള്ള പ്രാർത്ഥനാരത്നങ്ങളും ധ്യാനമാകുന്ന സുവർണ്ണച്ചരടിൽ കോർത്തിണക്കിയിട്ടുള്ളതാണു് നൂററിയമ്പത്തിമൂന്നു മണിജപം. ദൈവമാതാവിനു വളരെയധികം പ്രസാദകരവും നമുക്കു് അനുഗ്രഹപ്രദവുമായ ജപമാലയെ പൂർണ്ണമാക്കിത്തന്നെ ത്രിലോകരാജ്ഞിക്കു് അനുദിനം സമർപ്പിക്കാം. ഏകദേശമായി നൂററിയമ്പത്തിമൂന്നു് വാക്കുകളിലാക്കി എഴുതിയിട്ടുള്ള ഈ ചെറുലേഖനം ജപമാലരാജ്ഞിയുടെ തൃപ്പാദത്തുങ്കൽ സവിനയം സമർപ്പിച്ചുകൊള്ളുന്നു.

## ഇടവകവാർത്തകൾ

വാഴക്കുളം: ജപമാലരാജ്ഞിയുടെ തിരുനാൾ പ്രമാണിച്ചു് ഒക്ടോബർ 4-ാംനു സെൻറു് മേരീസ് റീഡിംഗ് ക്ലബ്ബിൻെറ ആഭിമുഖ്യത്തിൽ കൂടിയ പൊതുയോഗത്തിൽ റവ. ഫാ. ബസാരിയോസ് സി. ഡി. അദ്ധ്യക്ഷത വഹിക്കുകയും മി. എ. ചാണ്ടി ബി. എ. എൽ. ടി. പ്രസംഗിക്കുകയും ചെയ്തു.

—ഓച്ചന്തുരുത്തു്: ഫ്രെഡറിക് ഒസ്സാനാമിൻെറ ചരമശതാബ്ദജൂബിലി ഒക്ടോബർ 4-ാംനു കൊണ്ടാടപ്പെട്ടു. അന്നുച്ചയ്ക്കു് നാനൂറോളംപേർക്കു് സദ്യ നൽകുകയുണ്ടായി.

—പെരുമാനൂർ: കാത്തലിക് യൂത്തു് ക്ലബ്ബിനോടനുബന്ധിച്ചു് രൂപീകരിക്കപ്പെട്ടിരിക്കുന്ന സന്നദ്ധസംഘത്തിൻെറ ഉൽഘാടനം ഒക്ടോബർ 4-ാംനു നടത്തപ്പെട്ടിരിക്കുന്നു.

—പൂവരണി: വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുനാളിനോടനുബന്ധിച്ചു് ഒക്ടോബർ 4-ാംനു ചേർന്ന പൊതുയോഗത്തിൽ റവ. ഫാ. അലക്സാണ്ടർ ചെറുകരക്കുന്നേൽ ആദ്ധ്യക്ഷം വഹിക്കുകയും മെ. ജോസഫ് ചാക്കോ മണിയഞ്ചിറ, എം. എം. മാത്യു മുത്തിമല എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

—കുടമാളൂർ: ഫ്രെഡറിക് ഒസ്സാനാമിൻെറ ചരമദിനം പ്രമാണിച്ചു് വിൻസെൻറു് ഡി പോൾ സഖ്യത്തിൻെറ ആഭിമുഖ്യത്തിൽ 50-ൽപ്പരം സാധുക്കൾക്കു് അരിയും മററു ഭക്ഷണസാധനങ്ങളും വിതരണം ചെയ്തിരിക്കുന്നു.

### ചരമം

കിടങ്ങൂർ: പാറേക്കാട്ടിൽ ഇട്ടിയച്ചൻ കോരതു് 70-ാമത്തെ വയസ്സിൽ ഒക്ടോബർ 6-ാംനു നിര്യാതനായി.

—പൂവരണി: പൈകപ്പള്ളി ഇടവക തോക്കനാട്ടു് ഔസേപ്പു ത്രേസ്യാ 77-ാമത്തെ വയസ്സിൽ ഒക്ടോബർ 6-ാംനു ചരമം പ്രാപിച്ചു.

—പൂഞ്ഞാർ: കുന്നേൽ ഔസേപ്പു വർക്കി 76-ാമത്തെവയസ്സിൽ നിര്യാതനായി.

R. I. P.

---

### പ്രതിമാസഗ്രന്ഥക്ലബ്ബിനു്

## അഭിനന്ദനം

റോമാ

1953 സെപ്ററംബർ 14

പൗരസ്ത്യസഭയ്ക്കുവേണ്ടിയുള്ള
തിരുസംഘത്തിൽനിന്നു്

നിങ്ങളുടെ വിശിഷ്ടമായ ക്ലബ്ബിനു് ഈ തിരുസംഘത്തിൻെറ നേരെയുള്ള ഭക്ത്യാദരങ്ങളുടെ അടയാളമായി നിങ്ങൾ സദയം അതിനു് അയച്ചുതന്ന 9 വാല്യങ്ങൾ കൈപ്പററിയിരിക്കുന്നു.

നിങ്ങളുടെ ദയാപൂർവ്വകമായ വികാരങ്ങളെക്കുറിച്ചുള്ള ഈ തിരുസംഘത്തിൻെറ തീവ്രമായ കൃതജ്ഞത ഞാൻ ഉടനടി പ്രകാശിപ്പിച്ചുകൊള്ളട്ടെ.

നിങ്ങളുടെ ക്ലബ്ബു് ഇതുവരെ നിർവ്വഹിച്ചിട്ടുള്ള വിശിഷ്ടമായ സേവനത്തേയും ഭാവിയിലേക്കു് നിങ്ങൾ പ്ലാൻ ചെയ്തിട്ടുള്ള പദ്ധതിയേയും കുറിച്ചു് പ്രശംസാപരവും പ്രോത്സാഹജനകവുമായ ഒരു വാക്കുകൂടി പറയാതിരിക്കുവാൻ എനിക്കു നിവൃത്തിയില്ല.


വളരെ ബുദ്ധിപൂർവ്വകമായ ശ്രദ്ധയോടുകൂടി തിരഞ്ഞെടുത്തിട്ടുള്ള വസ്തുതകളേയും തത്വങ്ങളേയും വിശദീകരിക്കുന്നതും ആകർഷകമായി പ്രകാശിപ്പിക്കുന്നതുമായ, നിങ്ങളുടേതുപോലുള്ള, പ്രസിദ്ധീകരണങ്ങളെ ഓരോ കുടുംബത്തിലും ഇടവകയിലും സ്ഥാപനത്തിലും പ്രവേശിപ്പിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യേണ്ടതാണെന്നും, നിരീശ്വരപരമായ ഭൗതികസിദ്ധാന്തങ്ങളോടു് പൊരുതുവാൻ അവ ഏററവും ഫലപ്രദമായ മാർഗ്ഗമാണെന്നും എനിക്കു നിശ്ചയമുണ്ടു്.

നിങ്ങളുടെ പ്ലാൻ വളരെ വേഗം വിജയിക്കട്ടെയെന്നും, വളരെയധികം ക്രിസ്ത്യാനികൾക്കും ഇന്ത്യക്കു മുഴുവനും അതു ഗുണകരമായി ഭവിക്കട്ടെയെന്നും ഞാൻ ഏററവും ഹാർദ്ദമായി ആശംസിക്കുന്നു.

പ്രസ്തുതാശംസയുടെ ആത്മാർത്ഥതയ്ക്കുള്ള ചെറിയ തെളിവായി ഞാൻ നിങ്ങളോടു് അഭ്യർത്ഥിക്കുന്നു, ഈ തിരുസംഘത്തിൻെറ ലൈബ്രറിയെ നിങ്ങളുടെ സ്ഥിരവരിക്കാരുടെ ഗണത്തിൽ പെടുത്തണമെന്നു്; അതിനുള്ള വരിപ്പണം ഇതോടൊന്നിച്ചു് അയക്കുകയും ചെയ്യുന്നു.

അത്യുന്നതകർദ്ദിനാൾ സെക്രട്ടറിക്കുവേണ്ടി നിങ്ങളുടെ ഏററവും സേവനസന്നദ്ധതയുള്ള A. Causssa Assossor·

8 o'clock MORNING OR EVENING



Rs 12/8

Liberty REGD.

8 O'CLOCK SHIRT

Certified Washable

Presenting Liberty's new masterpiece — 8 o'clock shirt, made of pre-shrunk, crisp white poplin. Specially styled for your morning and evening wear. This shirt has been specially built to last longer and wear better. Ask your nearest dealer to-day for this new Liberty sensation.

All Liberty Goods Available at
TRICHUR CHAKOLAS SILK HOUSE ERNAKULAM

# കൽക്കദോനിയാ സൂനഹദോസിൻെറ 15–ാം ശതാബ്ദപൂത്തി

### പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ "നിത്യരാജൻ" എന്നാരംഭിക്കുന്ന വിശ്വലേഖനം

(പരിഭാഷകൻ: ഫാദർ തോമസ്സ് വടക്കേക്കൂറി എൽ. ഡി.)

## ഒന്നാംഭാഗം

### എവുത്തിക്കോസിൻെറ അബദ്ധോപദേശം

നാം അനുസ്മരിക്കുന്ന സംഭവങ്ങളുടെ പ്രാരംഭദശയിലേക്കു പിന്തിരിയേണ്ടതു ക്രമാനുസരണമായ നമ്മുടെ പ്രതിപാദനത്തിനു് ആവശ്യമത്രെ. കൽക്കദോനിയാ സൂനഹദോസിൽ ചർച്ചചെയ്യപ്പെട്ട തക്കവിഷയം മുഴുവൻെറയും പ്രണേതാവു കോൺസ്റ്റൻറിനോപ്പിളിലെ വിശ്രുതമായ ഒരു സന്യാസസഭയുടെ ശ്രേഷ്ഠനായിരുന്ന എവുത്തിക്കോസ് എന്ന വൈദികനായിരുന്നു. ക്രിസ്തുവിൽ രണ്ടു വ്യക്തിത്വമുണ്ടെന്നു ശഠിച്ചിരുന്ന നെസ്തോറിയസിൻെറ അബദ്ധോപദേശത്തെ ശക്തിമത്തായി പ്രതിരോധിക്കവെ എവുത്തിക്കോസ് നേരെ വിപരീതമായ ഒരു അബദ്ധോപദേശത്തിൽ നിപതിച്ചു.

"വളരെ അവിവേകിയും അതിവകിഞ്ചിജ്ഞനും" (4) ക്രമാതീതമായി ധാർഷ്ട്യസ്വഭാവിയുമായിരുന്ന അദ്ദേഹം പ്രകടിപ്പിച്ച അഭിപ്രായങ്ങൾ ഈ വിധമായിരുന്നു:- "സമയത്തിൻെറ രണ്ടു നിമിഷങ്ങളെ വേർതിരിച്ചു ഗൗനിക്കേണ്ടതായിട്ടുണ്ടു്. മനുഷ്യാവതാരത്തിനു മുമ്പു ക്രിസ്തുവിൽ ദൈവികം, മാനുഷികം എന്നിങ്ങനെ രണ്ടു സ്വഭാവങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ഐക്യത്തിനുശേഷം ഒരു സ്വഭാവം മാത്രമേ ഉള്ളു. എന്തുകൊണ്ടെന്നാൽ ദൈവവചനം മനുഷ്യത്വത്തെ ഗ്രസിച്ചുകളഞ്ഞു കത്താവിൻെറ ശരീരം കന്യകാമറിയത്തിൽനിന്നു് ഉത്ഭവിച്ചുതാണെങ്കിലും അതു നമ്മുടെ ശരീരത്തിൻെറ സാരാംശത്തോടോ പദാത്ഥത്തോടോ സാധമ്മ്യമുള്ളതല്ലായിരുന്നു. ആ ശരീരം മാനുഷികംതന്നെയായിരുന്നെങ്കിലും സാരാംശത്തിൽ നമ്മുടേതോ, ക്രിസ്തുവിനെ ജഡപ്രകാരം പ്രസവിച്ച കന്യകാമറിയത്തിൻേറതോ പോലെ അല്ലായിരുന്നു(5). ആകയാൽ യഥാത്ഥമായ മനുഷ്യസ്വഭാവത്തിലല്ല ക്രിസ്തു ജനിച്ചതും, പീഡകൾ സഹിച്ചതും, കൃശിക്കപ്പെട്ടതും, കല്ലറയിൽനിന്നു് ഉയിത്തെഴുന്നേററതും."

ഐക്യം സംഭവിക്കുന്നതിനു മുമ്പു ക്രിസ്തുവിൻെറ മനുഷ്യസ്വഭാവം അസ്തിത്വാവസ്ഥയിൽ അല്ലായിരുന്നു എന്ന കാര്യം ഈ പ്രശ്നത്തിൽ എവുത്തിക്കോസിൻെറ ശ്രദ്ധയിൽപ്പെട്ടില്ല. എന്തുകൊണ്ടെന്നാൽ ക്രിസ്തുവിൽ മനുഷ്യസ്വഭാവം ഉത്ഭവിച്ചതു് അവിടുന്നു ഗർഭസ്ഥനായിത്തീന്ന ആ നിമിഷത്തിൽ മാത്രമാണു്. ഐക്യത്തിനുശേഷം രണ്ടു സ്വഭാവങ്ങൾ കൂടികലന്നു് ഏകസ്വഭാവം ഉദ്ഭൂതമായി എന്നു വിചാരിക്കുന്നതും ദോഷത്വമാണു്. എന്തുകൊണ്ടെന്നാൽ സമ്പൂണ്ണവും യഥാത്ഥവുമായ രണ്ടു സ്വഭാവങ്ങൾ—പ്രത്യേകിച്ചു ദൈവസ്വഭാവം അപരിമേയവും അവ്യയവുമാകയാൽ—യാതൊരു വിധത്തിലും ഒന്നായിത്തീരുക സാദ്ധ്യമല്ല.

ഈദൃശ അഭിപ്രായങ്ങളെ പ്രശാന്തമായി വിചിന്തനം ചെയ്യുന്ന ആക്കും ദൈവിക സംവിധാനരഹസ്യം മുഴുവൻ വ്യത്ഥമായ നിഴലിലേക്കു അപ്രത്യക്ഷമാകുന്നതു് നിഷ്പ്രയാസം ദർശിക്കുവാൻ സാധിക്കും.

കാര്യവിവരമുള്ള മനുഷ്യക്കു ഈ അഭിപ്രായം പൂണ്ണമായി നവീനവും, അബദ്ധസമ്പൂണ്ണവും, ദീർഘദർശികളുടെയും സുവിശേഷങ്ങളുടെയും പ്രബോധനങ്ങൾക്കും അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണത്തിനും നിക്യായിൽ സ്ഥിരീകരിക്കപ്പെട്ട വിശ്വാസസത്യത്തിനും നേരേ വിപരീതവും, വലെന്തിനോസിൻെറയും അപ്പൊള്ളിനാരിസിൻെറയും ദുഷിച്ച ഉറവകളിൽ നിന്നു വലിച്ചെടുക്കപ്പെട്ടതുമായ എന്തോ ഒന്നാണെന്നു വ്യക്തമായി ബോദ്ധ്യപ്പെട്ടിരുന്നു. *

ധാർഷ്ട്യത്തോടെ സന്യാസാശ്രമങ്ങളിൽ അബദ്ധോപദേശബീജങ്ങൾ അതിവ്യാപകമായി വിതച്ചുകൊണ്ടിരുന്ന എവുത്തിക്കോസിൽ കോൺസ്റ്റൻറിനോപ്പിൾനഗരത്തിലെ മെത്രാനായ വി. ഫ്ളാവിയൻെറ അദ്ധ്യക്ഷതയിൽ സമ്മേളിച്ച ഒരു പ്രാദേശികസൂനഹദോസിൽവച്ചു ദൊറിലേയമിലെ മെത്രാനായ എവുസേബിയസ് നിയമാനുസരണം പാഷണ്ഡത ആരോപിക്കയുണ്ടായി. എവുത്തിക്കോസ് കുററക്കാരനായി വിധിക്കപ്പെട്ടു. പുനരാവിർഭവിച്ചുകൊണ്ടിരുന്ന നെസ്തോറിയൻ പാഷണ്ഡതയ്ക്കെതിരായി പോരാടിയിരുന്ന തന്നെ സംബന്ധിച്ചു് ഈ വിധി നീതിവിരുദ്ധമാണെന്നുള്ള ഭാവേന എവുത്തിക്കോസ് വലിയ പ്രാമാണ്യമുള്ള ചില മെത്രാന്മാരുടെ വിധി നേടുന്നതിനു് അഭ്യത്ഥിച്ചു. ഇപ്രകാരമുള്ള ഒരു പ്രതിഷേധലേഖനം റോമ്മായിലെ അപ്പൊസ്തോലികസിംഹാസനത്തിൻെറ മെത്രാനായിരുന്ന മഹാനായ വി. ലെയോനും ലഭിക്കയുണ്ടായി. വിശ്രുതവും സുദൃഢവുമായ പുണ്യം, മതകാര്യങ്ങളിലും സമാധാനത്തിലുമുള്ള പ്രബുദ്ധമായ ശുഷ്കാന്തി, സത്യത്തിൻെറയും റോമാസിംഹാസനത്തിൻെറ സ്ഥാനമാഹാത്മ്യത്തിൻെറയും പരിപാലനത്തിലുള്ള നിസ്തന്ദ്രജാഗ്രത, ഭരണനൈപുണ്യം, തത്തുല്യമായി ആകർഷകമായ വാഗ്വൈഭവം എന്നിവയാൽ എല്ലാക്കാലത്തുമുള്ളവരുടെ അക്ഷയമായ പ്രശംസയ്ക്കു പാത്രീഭൂതനായ ഒരാളത്രെ വി. ലെയോൻ. ക്രിസ്തുവിൽ ഇരുസ്വഭാവങ്ങളും ഏകവ്യക്തിത്വവും ഉണ്ടെന്നുള്ള ആ ദിവ്യരഹസ്യത്തെ—മതിയാംവണ്ണം ഒരിക്കലും പ്രകീത്തിക്കുവാൻ സാദ്ധ്യമാകാത്ത ആ രഹസ്യത്തെ—ഭക്തിപ്രചുരമായ പ്രഭാഷണചാതുര്യത്തോടും പ്രഭാഷണചതുരമായ ഭക്തിപ്രചുരിമയോടുംകൂടി തൻെറ പ്രസംഗങ്ങളിലും ലേഖനങ്ങളിലും സ്തുതിച്ചു മഹത്വപ്പെടുത്തുക പതിവായിരുന്ന വി. ലെയോനെക്കാൾ എവുത്തിക്കോസിൻെറ അബദ്ധോപദേശത്തെ വിമർശിച്ചു ഖണ്ഡിക്കുന്നതിനു പ്രാപ്തനും യോഗ്യനുമായ വേറൊരാൾ ഉണ്ടായിരുന്നതായി തോന്നുന്നില്ല. "യേശുക്രിസ്തുവിൽ മനുഷ്യത്വം യഥാത്ഥമായ ദൈവത്വം കൂടാതെയും, ദൈവത്വം യഥാത്ഥമായ മനുഷ്യത്വം കൂടാതെയും അല്ല സ്ഥിതിചെയ്യുന്നതു് എന്നിങ്ങനെ നാം വിശ്വസിച്ചുവരുന്നു. ഈ വിശ്വാസത്താലത്രെ കത്തോലിക്കാസഭ ജീവിക്കയും വളരുകയും ചെയ്യുന്നതു്." (6)

### എഫേസൂസിലെ "തസ്കരസംഘം"

റോമ്മാ മാർപ്പാപ്പായുടെ ആനുകൂല്യം സിദ്ധിക്കുമെന്നു് ഒട്ടും പ്രതീക്ഷയില്ലാതിരുന്നതിനാൽ എവുത്തിക്കോസ് എന്ന സന്യാസിശ്രേഷ്ഠൻ കൗശലവും വഞ്ചനയും പ്രയോഗിക്കുവാൻ മുതിന്നു. തൻെറ ആപ്തമിത്രവും തെവോദോസിയോസ് ദ്വിതീയൻ ചക്രവത്തിയുടെ സമ്പ്രീതിക്കു പാത്രീഭൂതനുമായിരുന്ന ക്രിസാഫിയസിൻെറ സഹായത്തോടുകൂടി തക്കവിഷയത്തെ സംബന്ധിച്ചു് ഒരു പുനഃപരിശോധന നടത്തുന്നതിനും, അലക്സാണ്ഡ്റിയാ മെത്രാനായ ദിയസ്കോറോസിൻെറ ആദ്ധ്യക്ഷത്തിൽ എഫേസൂസിൽ വേറൊരു സൂനഹദോസു് സമ്മേളിക്കുന്നതിനുംവേണ്ട ഒത്താശകൾ ആ ചക്രവത്തിയിൽനിന്നു് എവുത്തിക്കോസ് സമ്പാദിച്ചു. എവുത്തിക്കോസിൻെറ ഉററമിത്രവും, എന്നാൽ കോൺസ്റ്റൻറിനോപ്പിളിലെ മെത്രാനായ ഫ്ളാവിയനോടു ശത്രുതയിൽ വത്തിച്ചിരുന്നവനുമായ ഈ ദിയസ്കോറോസാവട്ടെ വിശ്വാസസത്യസംബന്ധമായി അബദ്ധജടിലമായ ഏതോ സാമ്യത്താൽ വഞ്ചിതനായി തൻെറ മുൻഗാമിയായിരുന്ന കൂറിലോസു് ക്രിസ്തുവിൽ ഏകവ്യക്തിത്വമേ ഉള്ളു എന്ന വിശ്വാസസത്യത്തെ സ്ഥാപിച്ചതുപോലെ ക്രിസ്തുവിൽ "ഐക്യത്തിനുശേഷം ഒററ സ്വഭാവമേ ഉള്ളു എന്ന ഉപദേശത്തെ സവ്വശക്തിയും പ്രയോഗിച്ചു സ്ഥാപിക്കുവാൻ അഭിലഷിക്കുന്നതായി പരവുരു പ്രസ്താവിച്ചിരുന്നു. സമാധാനം സ്ഥാപിക്കണമെന്നുദ്ദേശിച്ചു മഹാനായ വി. ലെയോൻ എഫേസൂസിലേക്കു തൻെറ പ്രതിനിധികളെ അയക്കുന്നതിനു വിസമ്മതിച്ചില്ല. മററു പല ലേഖനങ്ങളുടെ കൂട്ടത്തിൽ ഈ പ്രതിനിധികൾ ലെയോൻെറ രണ്ടു ലേഖനങ്ങളും കൊണ്ടുവരുകയുണ്ടായി. അവയിൽ ഒന്നു സൂനഹദോസിനും, എവുത്തിക്കോസിൻെറ അബദ്ധോപദേശങ്ങളെ സമഗ്രമായും സമത്ഥമായും വിമർശിച്ചു ഖണ്ഡിച്ചിരുന്ന മറേറതു ഫ്ളാവിയനുമാണു് അയക്കപ്പെട്ടിരുന്നതു്.

എന്നാൽ "തസ്കരസംഘം" എന്നു ലെയോൻ ന്യായാനുസരണം നാമകരണം ചെയ്തിട്ടുള്ള എഫേസൂസിലെ ഈ സൂനഹദോസിൽ ദിയസ്കോറോസിൻെറയും എവുത്തിക്കോസിൻെറയും ആജ്ഞാനുസരണം സംഗതികളെല്ലാം ബലംപ്രയോഗിച്ചു നടത്തപ്പെടുകയാണുണ്ടായതു്. സമ്മേളനത്തിൽ മാർപ്പാപ്പായുടെ പ്രതിനിധികൾക്കു് പ്രഥമസ്ഥാനം നിരാകരിക്കപ്പെട്ടു; പ്രധാനാചാര്യനായ മാർപ്പാപ്പായുടെ ലേഖനങ്ങൾ വായിക്കുന്നതിനെ നിരോധിച്ചു; മെത്രാന്മാരുടെ സമ്മതി വഞ്ചനയും ഭീഷണിയും പ്രയോഗിച്ചു തട്ടിയെടുത്തു; മററു പലരോടുകൂടെ ഫ്ളാവിയനിലും പാഷണ്ഡത ആരോപിതമായി. ആചാര്യസ്ഥാനത്തുനിന്നു സ്ഥാനഭ്രംശം ചെയ്യപ്പെട്ട അദ്ദേഹം കാരാഗൃഹത്തിൽ ബന്ധിതനാകയും, അവിടെ വച്ചു നിഹതനാകയും ചെയ്തു.

ദിയസ്കോറോസിൻെറ ഉന്മത്തധാർഷ്ട്യം റോമ്മായിലെ അപ്പൊസ്തോലികപരമാധികാരത്തെ ശപിക്കുവാൻ തുനിയുക എന്ന അവാച്യമായ പാതകം ചെയ്യത്തക്കവണ്ണം അത്രയ്ക്കു പിന്നിട്ടു് അതിരുകടന്നു. നിയമരഹിതമായ ആ സമ്മേളനത്തിൽ നടന്ന അക്രമപ്രവൃത്തികളെപ്പററി ഹില്ലാരി എന്ന ആറാംപട്ടക്കാരൻ മുഖേന ലെയോനു് അറിവുലഭിച്ച ക്ഷണത്തിൽ ആ സൂനഹദോസിൽ തീരുമാനിച്ചതും ചെയ്യപ്പെട്ടതുമായ സകലതിനെയും അദ്ദേഹം തള്ളിക്കളയുകയും, അവയെല്ലാം പിൻവലിക്കപ്പെടണമെന്നു് ആജ്ഞാപിക്കയുംചെയ്തു. അതേസമയംതന്നെ ലെയോൻ അത്യധികം ദുഃഖിച്ചു. സ്ഥാനഭ്രഷ്ടരാക്കപ്പെട്ട പല മെത്രാന്മാരിൽനിന്നു തൻെറ ന്യായാസനത്തിലേക്കു തുടച്ചയായി ലഭിച്ച അപ്പീലുകൾ നിമിത്തം അദ്ദേഹത്തിൻെറ ഈ ദുഃഖം വർദ്ധമാനമായിത്തീന്നു.

(തുടരും)

4) Leo the Great to Flavian (EP. 28, I; PL 54, 755. s)

(5) Cf. Flavian to Leo the Great (LP. 26 : PL 54, 745)

* ക്രിസ്തുവിൻെറ പീഡകളും മരണവും വെറും മായാമയം അഥവാ മിഥ്യയായിരുന്നു എന്നും, തന്നിമിത്തം അവ മനുഷ്യരക്ഷയ്ക്കു അപയ്യാപ്തമാണെന്നും അത്രെ വലെന്തിനോസ് ഉപദേശിച്ചിരുന്നതു്. ക്രിസ്തുവിൽ ദൈവത്വമുണ്ടെങ്കിലും പരിപൂണ്ണമനുഷ്യത്വം ഇല്ലെന്നാണു് അപ്പൊള്ളിനാരിസ് പഠിപ്പിച്ചിരുന്നതു്—പരിഭാഷകൻ.

(6) St. Leo the Great (EP.28,5: PL 54, 777).

ഏഷ്യാററിക്കു് മക്കൈൻറൽ ബാങ്കു ലിമിററഡ്

H. O. കൊച്ചി. ബ്രാഞ്ചുകൾ: എറണാകുളം & തൃശ്ശൂർ

തിരു-കൊച്ചി ഗവമ്മെണ്ടിൽനിന്നു സിദ്ധിച്ച 4-9-'53-ലെ L. Dis 5956/53 R. D. ഉത്തരവുപ്രകാരം തുടങ്ങുന്ന

പുതിയ മാസക്കുറി

56 നമ്പ്ര്. നമ്പ്ര് 1-ൽ 2നറുക്കു്. നറുക്കു് 1ക്കു് 100ക. ആകെ സല. 11200ക. ഒരു നറുക്കു് എടുക്കലും ഒരു നറുക്കു് ലേലവും—മററു നിശ്ചയങ്ങളോടുംകൂടി ബാങ്കിൻെറ കൊച്ചി ബ്രാഞ്ചിൽനിന്നും 3—12—1953-ൽ (18—4—1129-ൽ) ഒരു പുതിയ മാസക്കുറി തുടങ്ങുന്നതാകുന്നു. കൂടുതൽ വിവരങ്ങൾക്കു് ഹെഡാഫീസിലോ ബ്രാഞ്ചുകളിലോ ആവശ്യപ്പെടുക.

കൊച്ചി 10-9-'53 | എ. എൽ. ശ്രീധരഷേണായി. ചെയർമാൻ ഓഫ് ദി ബോർഡ് ഓഫ് ഡയറക്ടേഴ്സ്

## പുസ്തകങ്ങളയച്ചുതന്നവക്കു കൃതജ്ഞത

ഞാൻ കഴിഞ്ഞ ആഗസ്റ്റ് 19-ാംതിയതി സത്യദീപത്തിൽ എഴുതിയ അഭ്യത്ഥന അനുസരിച്ചു് പുസ്തകങ്ങളും മാസികകളും അയച്ചുതന്നു് എന്നെ സഹായിച്ച, അടിയിൽ പേരുവിവരം പറയുന്നകത്തോലിക്കാസഭാസ്നേഹികൾക്കു് എൻെറ അകൈതവമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു.

1. എം. സി. ജയിംസ്, മുണ്ടക്കയം.
2. സി. ററി. ജോസഫ്, കൊളമ്പോ.
3. എ. എ. സെബാസ്റ്റ്യൻ, മദ്രാസ്.
4. സൗത്തിൻഡ്യൻ ബാങ്ക് വടക്കാഞ്ചേരി.
5. എബ്രഹാം പഴുമ്പള്ളിൽ, കിടങ്ങൂ, വെള്ളിയനാട്ട്.
6. ഇ. എ. കൊച്ചാപ്പു, എൽത്തുരുത്തു്, തൃശ്ശൂർ.


ഇതു് ഒരു മിഷൻ സ്ഥലമാണു്. അകത്തോലിക്കരായ മററു വായനക്കാരെ ഉദ്ദേശിച്ചുകൂടിയാണു് ഞാൻ വേലചെയ്യുന്നതു്. കത്തോലിക്കാസഭയും വിശ്വാസാചാരങ്ങളും സത്യമാണെന്നു് തെളിയിക്കുന്ന പുസ്തകങ്ങളും മററും കൂടുതൽ ആവശ്യമാണു്. ഇതു് ഒരു സുവിശേഷവേലയായി കരുതി സൗജന്യമായി പുസ്തകങ്ങൾ അയച്ചുതരണമെന്നു് വീണ്ടും അഭ്യത്ഥിക്കുന്നു.

എന്നു് വിനീതവിധേയൻ

എം. ചാക്കോമാസ്റ്റർ

കൈതവനവീട്ടു്,

ളാക്കൂർ, കോന്നി P. O.




കച്ചവടക്കാരുടെ ശ്രദ്ധയ്ക്കു്

വീണ്ടും വിലകൾ കുറച്ചിരിക്കുന്നു

തൃശ്ശൂർ കൊക്കാലെ കമ്മേർസിയൽ റൈസ്സ് മില്ലിൽ

തയാറാക്കുന്ന പ്രസിദ്ധിനേടിയ ഉഴുന്നുമാവു്, കലപ്പില്ലാത്ത ആട്ടമാക്കു് നല്ലെണ്ണ, കീത്തിപ്പെട്ട കന്നുകാലി ആഹാരം, തനി കറാച്ചി പപ്പടക്കാരം, എള്ളുംപിണ്ണാക്കു് ഇതുകൾ ടി കമ്പനിയിലും കമ്പനിക്കാർ ഏപ്പെടുത്തിയ കച്ചവടക്കാർപക്കലും, അഞ്ചുവിളക്കിനടുത്തുള്ള ഞങ്ങളുടെ ഡെപ്പോവിലും കിട്ടുന്നതാണു്.

C. R. M. വിലാസം നോക്കി വാങ്ങിക്കുക.

Phone No.102, P. B. No.47

Tel: CIARYEM

N. B. ഒരിക്കൽ വാങ്ങി പരിക്ഷിപ്പിൻ.

# ആസാമിലെ ആരാമങ്ങളിൽ

(പ്രൊഫസർ ജോസഫ് മീനാട്ടൂർ)

VII


ദിബ്രുഗർ രൂപത

സോദിയാ, ലക്കിമ്പൂർ, ശിവസാഗരം, നാഗാഹിൽസ്, മണിപ്പൂർ എന്ന പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന, 65 000 ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള ഒരു രൂപതയാണ് ദിബ്രുഗർ. ഈ രൂപതാതിർത്തികളിൽ എട്ടുലക്ഷംപേർ വസിക്കുന്നുണ്ടെങ്കിലും മുപ്പത്തിരായിരംപേർ മാത്രമാണ് കത്തോലിക്കർ. രണ്ടായിരത്തഞ്ഞൂറുപേർ മാത്രമാണ് മതപരിവർത്തനത്തിനു പ്രാരംഭമായി വേദോപദേശം സ്വീകരിക്കുന്നതു്. 1951 ൻെറ അവസാനത്തിൽ സ്ഥാപിതമായ ഈ രൂപതയ്ക്കു ബാലാരിഷ്ടതകൾ അനേകമുണ്ട്. സഹായഹസ്തങ്ങൾ വളരെ വിരളവും. ഇവിടെ പതിനേഴു വൈദികരേയുള്ളു. അവരിൽ ഭാരതീയപ്രതിനിധികൾ നാലുമാത്രം. തുണസഹോദരന്മാർ നാലുപേർ. ഈ അതിവിസ്തൃതമായ രൂപതയിൽ മിഷൻകേന്ദ്രങ്ങൾ ഏഴേയുള്ളു.



ഡോൺബോസ്കോയുടെ സലേഷ്യൻസഭയാണ് ഈ രൂപതയുടെ ഭരണഭാരം വഹിക്കുന്നതു്. വൈദികന്മാരുടെ വിരളതനിമിത്തം വരണ്ടുപോയേക്കാവുന്ന ഈ രൂപതയിലെ വിളഭൂമിയിൽ വേലചെയ്യുന്നതിനായി വൈദികരേയും വൈദികവിദ്യാർത്ഥികളേയും കേരളത്തിൽനിന്നു സ്വാഗതംചെയ്യുവാൻ മാർ മരെൻഗോ തിരുമേനി സർവ്വദാ സന്നദ്ധനാണ്. Most Rev. Dr. O. Marengo, S. D. B., Bishop of Dibrugarh, Dibrugarh, Assam എന്ന വിലാസത്തിൽ ദയയായി എഴുതുക.

ഈ രൂപതയിൽ മൂന്നു കന്യകാസഭകളുണ്ട്. ആകെ മുപ്പതു കന്യാസ്ത്രീകളും. മദ്രാസിൽ മാതൃഭവനമുള്ള സലേഷ്യൻ സിസ്റ്റേഴ്സിൻെറ (Daughters of Mary Help of Christians) സഭയിൽ ചേരുവാൻ ആഗ്രഹിക്കുന്ന ബാലികമാർ St. Francis Xavier's Convent, Broadway, Madras ലേക്കു എഴുതണം. Missionary Sisters of Mary Help of Christians എന്ന രൂപതയുടെ സ്വന്തമായ കന്യാസഭയ്ക്കു രണ്ടു മഠങ്ങളുണ്ട്. ഷില്ലോംഗ് രൂപതയുമായി ഭാഗമിട്ടു പിരിഞ്ഞുപോന്നപ്പോൾ വീതപ്രകാരം ദിബ്രുഗറിനു കിട്ടിയവയാണ് ഈ കന്യാലയങ്ങൾ. Sisters of Maria Bambina എന്നു സാധാരണമായി അറിയപ്പെടുന്ന Sisters of Charity of St. Bartalomea Capitanio നാഗാഗിരിപ്രദേശത്തിൻെറ തലസ്ഥാനമായ കൊഹിമായിലെ സർക്കാർ ആശുപത്രിയിലും ദിബ്രുഗർ മെഡിക്കൽ കോളേജ് ആശുപത്രിയിലും ആതുരശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നു. അവരുടെ മാതൃഭവനം കൃഷ്ണനഗർ രൂപതയിലാണ്. യോഗാർത്ഥിനികൾ മാതൃഭവനത്തിലേക്കു് എഴുതണം.



അംഗമിനാഗന്മാർ

ദിബ്രുഗർ രൂപതയിൽ അസാമിയരും ബംഗാളികളും ആദിവാസികളും മാത്രമല്ല അനേകം മദ്ധ്യേന്ത്യാക്കാരും തെന്നിന്ത്യാക്കാരും ഉണ്ട്. തേയിലത്തോട്ടങ്ങളിലെ ജോലിക്കാരിൽ ഭൂരിപക്ഷവും മദ്ധ്യേന്ത്യാക്കാരും തെന്നിന്ത്യാക്കാരുമത്രെ. തെന്നിന്ത്യാക്കാരിൽ കുറെപ്പേർ മലയാളികളും വളരെപ്പേർ തമിഴരും അനേകർ തെലുങ്കരുമാണ്. മുണ്ടമാർ, ഒറവന്മാർ, സന്താലിമാർ, ചൊട്ടനാഗപൂരക്കാർ ഇവരെല്ലാം മദ്ധ്യേന്ത്യാക്കാരിൽ ഉൾപ്പെടുന്നു.



നാഗാ ഡാൻസ്

അംഗമി, അവോ, സേമാ, ലോട്ടാ തുടങ്ങിയ നാഗവർഗ്ഗക്കാർ ഈ രൂപതയിലാണ്. അവരെക്കൂടാതെ, മാഹ്ളാ, മിറി, മിഷ്മി മുതലായ ആദിവാസികളും ഈ രൂപതയിലുണ്ട്.

ഒരുകാലത്തു മനുഷ്യവേട്ടയ്ക്കു കുപ്രസിദ്ധി സമ്പാദിച്ചിരുന്ന നാഗന്മാരെപ്പററി പല തെററിദ്ധാരണകളും ഉള്ളതായി കാണുന്നു. "നിന്നെപ്പോലെ നിൻെറ അയല്ക്കാരനെ സ്നേഹിക്കുക" എന്ന ദിവ്യോപദേശം നമ്മെക്കാൾ കൂടുതലായി പാലിക്കുന്ന ഒരു കൂട്ടരാണ് അവർ. പക്ഷേ, "അയല്ക്കാരൻ" എന്ന പദത്തിൻെറ നിർവ്വചനത്തിൽ അവർ ശത്രുക്കളെ—അവരെ ദ്രോഹിക്കുന്നവരെ—ഉൾപ്പെടുത്താറില്ലെന്നുമാത്രം. അവർ വേട്ടയാടുന്നതു ശത്രുവർഗ്ഗക്കാരെ മാത്രമത്രെ. അവരോടു സ്നേഹപൂർവ്വം പെരുമാറുന്നവർക്കു അവർ അതിവവിശ്വസ്തരായ ആത്മമിത്രങ്ങളാണ്. വിദേശീയപ്രേഷിതന്മാർ അവരോടു സ്നേഹപൂർവ്വം വർത്തിച്ചതിനാലാണ് അവർ ആ പ്രേഷിതന്മാരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതു്. മുഷ്ക്കന്മാർ സുകരായി, വഞ്ചനയും വലിപ്പവുമായി ചെല്ലുന്നവരുടെ തല ചിലപ്പോൾ അവർ കൊയ്തെടുക്കാറുണ്ടായിരുന്നുവെന്നേയുള്ളു. തൃാഗബുദ്ധിയായ ഒരു പ്രേഷി

(11-ാം പേജ് തുടർച്ച)

വിധമുള്ള ഒരു പരിശോധനയിൽ ഏർപ്പെടുന്ന ബുദ്ധിമാനും നിഷ്പക്ഷമതിയും ആയ ഒരാൾക്കു് തങ്ങൾ എത്തിച്ചേർന്നതുപോലെയുള്ള നിഗമനത്തിൽ എത്താതിരിക്കുവാൻ നിവൃത്തിയില്ലെന്നു പരിഗണിക്കത്തക്കവിധം ഈ വിഷയത്തിലുള്ള അവരുടെ വിശ്വാസം അത്രയ്ക്കു ഗാഢമായിരുന്നു. അതിനാൽ ലൗകികദുരാശകൾക്കു വിധേയരും അഹങ്കാരത്തിനും അത്യാഗ്രഹത്തിനും അടിമപെട്ടിരിക്കുന്നവരും സത്യത്തെ അന്വേഷിക്കാത്ത അവസരസേവകന്മാരും ക്രിസ്തുവിൻെറ സാക്ഷ്യങ്ങളെ തിരസ്കരിക്കുന്നുവെങ്കിൽ മനുഷ്യപ്രകൃതിയേയും ക്രിസ്തുവിൻെറ കർശനമായ കല്പനകളേയുംപററി അറിയാവുന്നവർക്കു് അതിൽ അത്ഭുതം തോന്നുകയില്ല.

(By Fr. Sontag S. J. വിവ: എ. വി. തോമസ്)



ഷില്ലോംഗ് കത്തീഡ്റൽ.
ഇതാണ് ആസാമിലെ ഏററവും വലിയ ദേവാലയം

## * ക്രൂശിതൻ

("ജാലി"ലെ "യേരാക്യേ ചാന്ദ്നീദിൽകഹാ" പോലെ)

കാണുന്നു ഞാൻ കാൽവരി മാമല
സക്രാരീതൻ മുന്നിലായ്— (കാണുന്നു)

പ്രാണൻ പിരിഞ്ഞിടാൻ കേണിടുന്നു നായകൻ, (2)
ദീനദീനമായിതാ. കേൾക്ക കാതിനാൽ തദാ,
ചോരചിന്തിടുന്നതും കാൺക കണ്ണിനാൽ സദാ
വാനത്തിനും ഭൂവിനും പ്രാണദൻ വാണിടുന്നു ക്രൂശിതൻ.

സ്നേഹപ്രഭാവത്താൽ ലോകം സർവ്വമാർത്തുവാൻ (2)
ദേഹവും ദയാനവീതം ദാനമേകി ദൈവജൻ,
കാൽകരങ്ങളാണിയിൽ കോർത്തുതീർത്തപോൽ സുതൻ
മാലാഖമാർ വാഴ്ത്തീടും ശാശ്വതൻ വാണിടുന്നു ക്രൂശിതൻ.

മോക്ഷത്തിനാനന്ദം രൂപംപൂണ്ട ഭൂമിയിൽ (2)
മുന്നുപോലെ വത്സരം മുപ്പതും യഥോചിതം
മേവിലോകതിന്മകൾ പോക്കിട്ട കുഞ്ഞാടുപോൽ
മൃത്യുവിനാൽ ഗ്രസ്തനായ് നിസ്തുലൻ വാണിടുന്നു ക്രൂശിതൻ.

പ്രേമപ്രവാഹത്തിൽ തന്നെത്താൻ മറന്നുതാൻ (2)
ഭൂമിയിൽ പിറന്നനാൾ കണ്ടതില്ല നാമഹോ,
ആമയങ്ങളൊന്നും നോക്കിയില്ല മാനുഷർ
ആ നിർമ്മലൻ കള്ളനെപ്പോലിതാ, വാണിടുന്നു ക്രൂശിതൻ.

സ്വർഗ്ഗപ്രഭാപൂരം ചിന്തും ദിവ്യനായകൻ (2)
നിർഗ്ഗുണർക്കുപോലുമാ നിർവൃതിപ്രദായകൻ,
സദ്ഗുണങ്ങൾ തിങ്ങിടും സർവ്വലോകപാലകൻ,
സ്നേഹാമൃതം തൂകുവാനായിതാ വാണിടുന്നു ക്രൂശിതൻ.

ആദ്യത്തിൽ ആദാമും പിന്നിടുള്ള ലോകരും (2)
ചെയ്തപാപസഞ്ചയം ചിമ്മിയാണു പാലകൻ
ചെന്നതിവിശുദ്ധിതൻ ചക്രതാരശാലയിൽ
ആഹാരവും പാനവും തന്നുതാൻ, വാണിടുന്നു ക്രൂശിതൻ.

ദൈവം കനിഞ്ഞന്നാ മന്നായെന്ന ഭോജനം (2)
തന്നുതൻജനത്തിനായ്, എങ്കിലും മരിച്ചവർ,
ഈയനന്തനന്മയോ ജീവനേകുമെന്നുമേ,
താനായതീങ്ങേകിടാനാണിദം വാണിടുന്നു ക്രൂശിതൻ.
ക്രൂശിതൻ ക്രൂശിതൻ ക്രൂശിതൻ.........

* ഉടൻ പ്രസിദ്ധപ്പെടുത്തുന്ന "മണിവീണ" എന്ന ഗാനകൃതിയിൽനിന്നും.

—വറുഗീസ് ജെ. മാളിയേക്കൽ


തൈക്കാട്ട്മൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ച്: ആലുവാ (റെയിൽവെസ്റ്റേഷനു സമീപം)
എല്ലാ വ്യാഴാഴ്ചയും ഒരുമണിമുതൽ അഞ്ചുമണിവരെ
ഇ. ടി. ആര്യൻമൂസ്സ് അവർകൾ
വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ
പരിശോധിച്ച് ചികിത്സ നിശ്ചയിക്കുന്നതുമാണ്.


ജാപ്പ് പ്രഫസർ
കത്തോലിക്കാ സഭയിലേക്ക്
ടോക്കിയോ കത്തോലിക്കാ

തന് അത്യാനന്ദകരമായിരിക്കും നാഗന്മാരുമായുള്ള സമ്പർക്കം.

ശിവസാഗരം പോലെയുള്ള സമതലങ്ങൾ തിരുവിതാംകൂർ കൊച്ചിയിലെ ചില പ്രദേശങ്ങളുടെ പ്രതീതിയുളവാക്കുന്നതാണെന്നു മുൻപൊരിക്കൽ പറയുകയുണ്ടായല്ലോ.

ഒരു കേരളീയപ്രേഷിതനു ആസാമിലെ ഗിരിപ്രദേശങ്ങളിൽ ആദിവാസികളുടെ കറയകന്ന സഹോദര്യം ലഭിക്കുമെങ്കിൽ, സമതലങ്ങളിൽ കേരളത്തിൻെറ പ്രതീതി അനുഭൂതമാകും.

സർവ്വകലാശാലയിൽ ദീർഘകാലം ഇംഗ്ലീഷ് സാഹിത്യവിഭാഗത്തിൻെറ അദ്ധ്യക്ഷനായിരുന്ന സൂത്തോമു ചിബോ എന്ന പ്രസിദ്ധദേഹം ഈയിടെ കത്തോലിക്കാവിശ്വാസം സ്വീകരിച്ചിരിക്കുന്നു. 60 വയസ്സുള്ള ഈ പണ്ഡിതാഗ്രേസരനെ അവിടത്തെ വേറൊരു പ്രഫസറായ നിക്കൊവൂസ് റോഗെൻ എസ്. ജെ. എന്ന ദേഹമാണ് ജ്ഞാനസ്നാനപ്പെടുത്തിയതു്. തോമസ് എന്ന നാമവും അദ്ദേഹം സ്വീകരിച്ചിരിക്കുന്നു. പ്രസ്തുത കോളെജിലെ 78 പ്രഫസറന്മാരിൽ മുപ്പത്തിമൂന്നും കത്തോലിക്കരാണ്. 1160 അദ്ധ്യേതാക്കളിൽ 327പേർ കത്തോലിക്കരുണ്ട്.



ഖാസി ഡാൻസ്

# വിസ്മൃതനായ ഒരു മലയാളിമഹാൻ

## കോഴിക്കോട്ട് സാമൂതിരിയുടെ സ്പാനിഷ് അംബാസിഡർ

(കെ. ഇ. ജോബ് എം. എ. എൽ. ററി.)

പോർത്തുഗീസ് ഈസ്റ്റിൻഡ്യാ കമ്പനിക്കു കേരളത്തിൽ വളരെ പ്രാബല്യമുണ്ടായിരുന്ന ഒരു കാലഘട്ടമായിരുന്നല്ലോ 16-ാം നൂററാണ്ടു്. ആ ശതാബ്ദത്തിന്റെ ഒടുവിൽ പോർത്തുഗൽ രാജ്യം സ്പെയിൻ രാജാവിന്റെ കീഴിൽ അമർന്നിരുന്നു. ആകയാൽ പോർത്തുഗീസ് മിത്രമായിരുന്ന കോഴിക്കോട്ടു സാമൂതിരി ഒരു നയതന്ത്രപ്രതിനിധിയെ സ്പെയിൻ രാജധാനിയിലേക്കു് അയച്ചുകൊടുത്തിരുന്നു. അദ്ദേഹം ഒരു ഹിന്ദുവായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. ഈ നയതന്ത്രപ്രതിനിധി സ്പെയിനിൽവച്ച് ക്രിസ്തുമതം സ്വീകരിക്കുകയും, John of the Cross = കുരിശിന്റെ യോഹന്നാൻ അഥവാ പോർത്തുഗീസു ഭാഷയിൽ ജോൺ ഡി ക്രൂസ്സ് എന്ന പേരു സ്വീകരിക്കുകയും ചെയ്തു. ഈ വിവരങ്ങൾ സാമൂതിരി അറിഞ്ഞപ്പോൾ, തന്റെ പ്രതിനിധിയെ തിരിയെ കേരളത്തിലേക്കു വിളിക്കുകയും, അദ്ദേഹം നാട്ടിൽ വന്നപ്പോൾ രാജസേവനത്തിൽനിന്നും നിർദ്ദയം പിരിച്ചുവിടുകയും ചെയ്തു. പിന്നീട് അദ്ദേഹം പോർത്തുഗീസ് കമ്പനിക്കാരുടെ കീഴിൽ ഒരുദ്യോഗസ്ഥനായി ജോലി നോക്കിയിരുന്നു. മദ്ധ്യപൂർവ്വദേശങ്ങളിൽനിന്നും പടക്കുതിരകളെ വരുത്തി, ദക്ഷിണഭാരതത്തിലെ നാടുവാഴികൾക്കു വിൽക്കുന്ന ജോലിയായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നതു്. ഇങ്ങനെ ജോലിചെയ്തു ജീവിച്ചുവരവേ, അക്കാലത്തു കടലിൽനിന്നും മുത്തുവാരി വിററു് ഉപജീവനം കഴിച്ചുവന്നിരുന്ന തൂത്തുക്കുടിയിലെ പരവർ എന്ന ജാതിക്കാരുമായി അദ്ദേഹത്തിനു പരിചയമുണ്ടായി. ഈ പരവന്മാർ അക്കാലത്തു ഹിന്ദുമതസ്ഥരായിരുന്നു. അവർക്കു് ഒരു ജാതിത്തലവനും ഉണ്ടായിരുന്നു. അവർക്കു പലപ്പോഴും പരസ്യതീരത്തു വ്യാപാരം നടത്തിയിരുന്ന അറബിനാവികന്മാരിൽനിന്നും സാരമായ ഉപദ്രവങ്ങൾ ഉണ്ടായിക്കൊണ്ടാണിരുന്നതു്. പരാക്രമികളും രണശൂരന്മാരും ബലവാന്മാരുമായിരുന്ന ആ അറബിമുസ്ലീമിങ്ങളെ ചെറുത്തുനില്ക്കുവാൻ ബലഹീനരായ പരവന്മാർക്കു തെല്ലും കഴിഞ്ഞില്ല. അതിനുതക്ക ശക്തി അവർക്കില്ലെങ്കിൽ, പറങ്കിപ്പടയുടെ സഹായം അവർക്കു നേടിക്കൊടുക്കാമെന്നു ജോൺ ഡി ക്രൂസ്സ് വാഗ്ദാനം ചെയ്തു. ഈ സഹായം ലഭിക്കണമെങ്കിൽ പരവന്മാർ ക്രിസ്തുമതം സ്വീകരിക്കണമെന്നും ജോൺ ഡി ക്രൂസ്സ് വ്യവസ്ഥ ചെയ്തു. അവർക്കു് ഈ വ്യവസ്ഥ സമ്മതവുമായിരുന്നു. ആകയാൽ, ജോൺ ഡി ക്രൂസ്സ് വിവരങ്ങളെല്ലാം പോർത്തുഗീസ് കമ്പനിയുടെ മേലധികാരികളെ അറിയിക്കുകയും തൽഫലമായി പരവവർഗ്ഗക്കാർ ഒന്നടങ്കം ജ്ഞാനസ്നാനം സ്വീകരിക്കുകയും ഉണ്ടായി. പക്ഷേ ജ്ഞാനസ്നാനസ്വീകരണം മാത്രം പോരല്ലോ യഥാർത്ഥ ക്രിസ്ത്യാനികളാകാൻ. ആകയാൽ കൂടുതൽ കൂടുതൽ മിഷനറിമാരെ ദക്ഷിണേൻഡ്യയിലേക്കയക്കുവാനുള്ള അഭ്യർത്ഥനകൾ ഇൻഡ്യയിലെ പോർത്തുഗീസ്സ് അധികാരികൾ തിടുക്കമായി റോമയിലേക്കയച്ചുതുടങ്ങി. അക്കാലത്തായിരുന്നു ഇഗ്നേഷ്യസ് ലയോള എന്ന മഹാവിശുദ്ധൻ, ഇന്നു് ലോകപ്രസിദ്ധമായ ജസ്വീററു് സഭ സമാരംഭിച്ചതു്. ആകയാൽ റോമൻ സഭാധികാരികൾ ഇഗ്നേഷ്യസ് ലയോളയെയും സഹപ്രവർത്തകരെയും ഈ വിവരങ്ങളെല്ലാം അറിയിച്ചു. അപ്പോഴാണു് ഫ്രാൻസിസ് സേവ്യർ എന്ന മഹാത്യാഗിവര്യൻ റോമാനഗരം വിട്ടു്, സ്പെയിനിലുള്ള തന്റെ പിതൃഭവനത്തിന്റെ അടുത്തുകൂടി കടന്നു്, തന്റെ മാതാവിനെയും സഹോദരങ്ങളെയും പോലും സന്ദർശിക്കുവാൻ ക്ഷമയില്ലാതെ ഇൻഡ്യയിലേക്കു പുറപ്പെട്ടതു്. അങ്ങനെ വിശുദ്ധ ഫ്രാൻസിസ് സേവ്യറിനെ ഇൻഡ്യൻ മിഷനറിരംഗത്തിലേക്കാനയിക്കുവാൻ സഹായിച്ചതു് കോഴിക്കോട്ടുകാരനായ ഈ ജോൺ ഡി ക്രൂസ്സ് എന്ന മലയാളിമഹാനായിരുന്നു. പോരാ, ഇന്നു് തൂത്തുക്കുടിരൂപതയിൽ കാണുന്ന അനേകായിരം നാട്ടുക്രിസ്ത്യാനികളെ ക്രൈസ്തവസഭയിലേക്കു വഴികാട്ടിയതും ഇപ്പോൾ അജ്ഞാതനായ ആ മലയാളിമഹാൻതന്നെയാണു്.

വിശുദ്ധ ഫ്രാൻസിസ് സേവ്യർ തെക്കെ ഇൻഡ്യയിൽ വന്നശേഷം, അദ്ദേഹത്തിന്റെ ആത്മമിത്രമായി വർത്തിച്ച ചുരുക്കം ചില ഭാരതീയരിൽ ഒരുവനായിരുന്നു ഈ ജോൺ ഡി ക്രൂസ്സ്. വിശുദ്ധന്റെ കാലത്തു് വിജയനഗരസൈന്യം തിരുവിതാംകൂർ ആക്രമിച്ചതും, ആരുവാമൊഴിപ്പാതയിൽവച്ച് കുരിശുരൂപം ഉയർത്തിപ്പിടിച്ച് വിശുദ്ധൻ വടുകപ്പടയെ ഭയവിഹ്വലരാക്കിയതും ഒടുവിൽ കാര്യങ്ങൾ സമാധാനപരമായി തീർന്നതുമെല്ലാം വിവരിച്ച് ജോൺ ഡി ക്രൂസ്സ് ശേഖരിച്ചിരുന്ന രേഖകൾ പോർത്തുഗീസ് അധികാരികളെ അദ്ദേഹം ഏല്പിച്ചതായി തെളിവുകളുണ്ടു്. ഗോവയിലുള്ള ബോം ജേസു ദേവാലയത്തിനുള്ളിൽ ഇടതുവശത്തുള്ള അൾത്താരയിൽ, ആരുവാമൊഴിസംഭവങ്ങൾ വ്യക്തമായി ലോഹവേലയിൽ ചിത്രീകരിച്ചിട്ടുണ്ടല്ലോ. അതിനുള്ള അടിസ്ഥാനരേഖകൾ ജോൺ ഡിക്രൂസ്സിന്റെ എഴുത്തുകളിൽനിന്നും ലഭിച്ചതാണെന്നു വിശ്വസിക്കുവാൻ മാർഗ്ഗമുണ്ടു്. വിനീതനായ വിശുദ്ധൻ തന്റെ ആദ്ധ്യാത്മികശക്തിയെ പ്രദ്യോതിപ്പിക്കുന്ന ഈവക വിഷയങ്ങളെപ്പററി യാതൊന്നും പ്രസ്താവിച്ചുകാണുന്നില്ല. ജോൺ ഡി ക്രൂസ്സാകട്ടെ തന്റെ കൈവശമുണ്ടായിരുന്ന, വിശുദ്ധന്റെ എഴുത്തുകൾ പോർത്തുഗീസ് വൈദികാധികാരികളെ ഏൽപ്പിച്ചതായി രേഖയുണ്ടു്. അദ്ദേഹത്തെപ്പോലെ ആത്മാർത്ഥമായി വിശുദ്ധനോടു സഹകരിച്ചിട്ടുള്ള ദക്ഷിണഭാരതീയർ ചുരുക്കവുമായിരുന്നു. വിശ്വസനീയരേഖകളില്ലാതെ ബോം ജേസു ദേവാലയത്തിലെ ലോഹചിത്രങ്ങൾ ഉണ്ടാകുവാനിടയുമില്ല. അക്കാലത്തു തിരുവിതാംകൂർരാജ്യം വാണിരുന്ന ഉണ്ണികേരളവർമ്മയെപ്പററിയുള്ള വിവരങ്ങൾ വിശുദ്ധനെ അറിയിച്ചതും മററുമെല്ലാം പ്രധാനമായി ഈ ജോൺ ഡി ക്രൂസ്സുതന്നെയായിരുന്നു. വേണാട്ടുരാജകുടുംബവും വിശുദ്ധ സേവ്യറുമായി ഉണ്ടായിട്ടുള്ള നടപടികളിലെല്ലാം ജോൺ ഡി ക്രൂസ്സിനു് ഒരു പ്രധാനപങ്കുണ്ടായിരുന്നു. ജോൺ ഡി ക്രൂസ്സ് വിശുദ്ധനുമായി നടത്തിയിട്ടുള്ള എഴുത്തുകുത്തിൽ പോർത്തുഗീസുഭാഷയിൽ ഉണ്ണികേരളതിരുവടിയെക്കുറിച്ച എഴുതിയിരുന്നതു് "ഉണ്ണികേൾത്രിബറി" എന്നായിരുന്നുപോൽ. ആ പദം വീണ്ടും വ്യത്യാസപ്പെടുത്തിയാണു്, തനി പോർത്തുഗീസുകാരനായ ഫ്രാൻസിസ് സേവ്യർ അന്നത്തെ തിരുവിതാംകൂർ രാജാവിനെപ്പററി "ഇനികവിത്രിബ്രിയം" എന്നു് തന്റെ എഴുത്തുകളിൽ പ്രയോഗിച്ചിട്ടുള്ളതു്. ഇവയൊക്കെയും 1950-ൽ പണ്ഡിതനായ ഒരു ജസ്വീററു് ഗ്രന്ഥകാരൻ രചിച്ച് ഇംഗ്ലണ്ടിൽ മുദ്രണം ചെയ്തിട്ടുള്ള ഫ്രാൻസിസ് സേവ്യറിന്റെ ജീവചരിത്രത്തിൽ വിവരിച്ചിട്ടുണ്ടു്.

ഈ മലയാളിമഹാനെപ്പററി അറിവുള്ളവർ ഇന്നു കേരളക്കരയിൽ എത്രപേരുണ്ടെന്നു രൂപമില്ല. കോഴിക്കോട്ടു കോവിലകത്തെയും പോർത്തുഗീസ് രാജധാനിയിലെയും ചരിത്രലക്ഷ്യങ്ങൾ പരിശോധിക്കുന്നപക്ഷം വിസ്മൃതനായ ഈ മലയാളിമഹാനെപ്പററി കൂടുതൽ വിവരങ്ങൾ നിഷ്പ്രയാസം ഗ്രഹിക്കുവാൻ സാധിക്കും. ദേശാഭിമാനികളായ ചരിത്രഗവേഷകന്മാരുടെ സവിശേഷശ്രദ്ധയെ ഈ വിഷയത്തിലേക്കു സാദരം ക്ഷണിച്ചുകൊള്ളുന്നു.

# ജീവദായകൻ

(തുടർച്ച)

### ആവശ്യമായ വ്യവസ്ഥകൾ

യഥാർത്ഥജീവൻ പ്രാപിക്കുന്നതിനു് ആവശ്യമായി ദിവ്യനാഥൻ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ ഇവയാണു്:

1) ദിവ്യനാഥൻ നിശ്ചയിച്ചിട്ടുള്ള രീതിയിൽ അവിടുത്തോടുള്ള യഥാർത്ഥവും സജീവവുമായ ഐക്യം.

2) സത്യവും സ്നേഹവും നിറഞ്ഞ നമ്മുടെ മാനുഷികജീവിതം.

ക്രിസ്തുവിനോടുള്ള സജീവമായ ഐക്യമാണു് ക്രിസ്തുമതത്തിന്റെ സാരസർവ്വസ്വം. ഈ ഐക്യം എന്തിൽ അടങ്ങിയിരിക്കുന്നുവെന്നും അതെങ്ങനെയാണു് പ്രാപിക്കേണ്ടതെന്നും പിന്നീടൊരിക്കൽ പ്രസ്താവിച്ചുകൊള്ളാം.

നമ്മുടെ മനുഷ്യജീവിതം സത്യത്താലും സ്നേഹത്താലും നിയന്ത്രിതമായിരിക്കണമെന്നു് നമ്മുടെ പ്രകൃതിതന്നെ ആവശ്യപ്പെടുന്നു. ദൈവം നമുക്കു നൽകിയിട്ടുള്ള ശക്തികളിൽവച്ച് ഏററം ഉൽകൃഷ്ടമായതു് ബുദ്ധിയും സ്വതന്ത്രമനസ്സും ആകുന്ന ആദ്ധ്യാത്മികശക്തികളാണു്. ദൈവദൃഷ്ടിയിൽ നാം സ്വീകാര്യരോ പരിത്യാജ്യരോ എന്നു് അവസാനമായി തീരുമാനിക്കപ്പെടുന്നതു് ഈ ശക്തികളെ നാം എങ്ങനെ —ശരിയായോ തെററായോ— വിനിയോഗിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. നമ്മുടെ ബുദ്ധിയേയും മനസ്സിനേയും ദൈവം ഉദ്ദേശിച്ചിട്ടുള്ള വിധം നാം വിനിയോഗിക്കുന്നുവെങ്കിൽ അവിടുന്നു നമ്മുടെ പ്രവൃത്തികളിൽ സംപ്രീതനാകാതിരിക്കയില്ല. ബുദ്ധിയേയും മനസ്സിനേയും ശരിയായി വിനിയോഗിക്കുമ്പോൾ കായികമായ മററു ശക്തികളെ ശരിയായി വിനിയോഗിക്കാതെയിരിക്കയില്ല. സ്വതന്ത്രമനസ്സിനു് എത്രമാത്രം വിധേയമായിരിക്കുന്നു എന്നതിനെ ആശ്രയിച്ചാണു് ധാർമ്മികമായി നമ്മുടെ പ്രവൃത്തികൾ നല്ലതോ ചീത്തയോ ആയിത്തീരുന്നതു്.

### സത്യത്തിനു വിശ്വസ്തമായ ബുദ്ധി

സത്യമാണു ജീവിതത്തിന്റെ പരമമായ അടിസ്ഥാനം. എല്ലാ കാലങ്ങളിലും എല്ലാ വർഗ്ഗങ്ങളിലുംപെട്ട യഥാർത്ഥമതവിശ്വാസികൾ ദൈവത്തെ അനന്തസത്യമായി പ്രഘോഷിച്ചിരുന്നു. ഈശോ തന്നെപ്പററിത്തന്നെ ഇങ്ങനെ പറഞ്ഞിരിക്കുന്നു: "ഞാൻ സത്യമാകുന്നു;" വീണ്ടും, "സത്യത്തിനു സാക്ഷിനൽകുന്നതിനു വേണ്ടിയാണു് ഞാൻ ജനിച്ചിരിക്കുന്നതും ലോകത്തിലേക്കു വന്നിരിക്കുന്നതും. സത്യത്തിന്റേതായുള്ള ഓരോരുത്തനും എന്റെ സ്വരം ശ്രവിക്കുന്നു." (ജോൺ, 14,6; 18,37). ക്രിസ്തുവിന്റെ വഴിയിൽ സത്യം തികച്ചും പരമമാകുന്നു. തന്നെ അനുഗമിക്കുന്നവരിൽനിന്നും ക്രിസ്തു ആദ്യമായി ആവശ്യപ്പെടുന്നതു് അവർ സത്യത്തിന്റെ അനശ്വരമായ യാഥാർത്ഥ്യത്തിൽ അടിയുറച്ചിരിക്കണമെന്നാണു്.

ക്രിസ്തു പഠിപ്പിച്ച മതപരവും ധാർമ്മികവും ആയ സത്യങ്ങളുടെ ഒരു സംക്ഷിപ്തവിവരണം വഴിയേ നൽകുന്നതാണു്. രണ്ടായിരം വർഷങ്ങൾക്കുമുമ്പു ജീവിക്കുകയും പഠിപ്പിക്കുകയും ചെയ്ത ക്രിസ്തുവിന്റെ സന്ദേശം വിശ്വസ്തനായ ഏതെങ്കിലും സാക്ഷിമുഖേന നമുക്കു ലഭിക്കേണ്ടിയിരിക്കുന്നു. ക്രിസ്തു സ്ഥാപിച്ച കത്തോലിക്കാ സഭ താനാണു് ഈ സാക്ഷിയെന്നു് അവകാശപ്പെടുന്നു.

### വിശ്വാസം

ദൈവികമായ പദ്ധതിയിൽ സത്യത്തിനുള്ള പ്രാധാന്യം ഏററം വലുതാണു്. സത്യത്തെപ്പററി പറയുമ്പോൾ വിശ്വാസത്തെപ്പററിയും പ്രതിപാദിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ നേരിട്ടും പ്രകൃത്യായുള്ള അനുഭവംവഴിയും ജ്ഞാനം ആർജ്ജിക്കുവാൻ നിവൃത്തിയില്ലാത്ത നിരവധിസത്യങ്ങൾ ഉണ്ടു്. ഇവയെ വിശ്വാസംവഴി മാത്രമേ നമുക്കു് അറിയുവാൻ സാധിക്കയുള്ളു.

വിശ്വാസം എന്നുപറയുമ്പോൾ നാം അർത്ഥമാക്കുന്നതു് ഇഷ്ടാനുസരണം ആവശ്യംപോലെ എന്തും സമ്മതിക്കുന്നതിനെയല്ല. കണ്ണടച്ചു സമ്മതിക്കുക എന്നു പറയുന്നതുപോലെയാണതു്. സാക്ഷിയുടെ പ്രസ്പഷ്ടമായ വിശ്വസനീയതയെ അടിസ്ഥാനമാക്കി അയാളുടെ പ്രസ്താവനയെ പൂർണ്ണമനസ്സോടെ സമ്മതിക്കുക എന്നാണു് വിശ്വാസം എന്നു പറയുമ്പോൾ ഇവിടെ അർത്ഥമാക്കുന്നതു്. അതിനാൽ ദൈവത്തിന്റെ സാക്ഷ്യം നമുക്കുണ്ടെങ്കിൽ നമ്മുടെ വിശ്വാസം യുക്തിപൂർവ്വമെന്നു മാത്രമല്ല അബദ്ധരഹിതവുമായിരിക്കും.

വിശ്വസ്തരായ സാക്ഷികളുടെ സാക്ഷ്യത്തെ നമ്മുടെ അനുദിനജീവിതത്തിൽ എത്ര പ്രാവശ്യമാണു നാം വിശ്വസിക്കേണ്ടിയിരിക്കുന്നതു്? ഇങ്ങനെ ലഭിക്കുന്ന ജ്ഞാനത്തെ തിരസ്കരിക്ക എന്നതു് എല്ലാ പുരോഗതിയേയും അസാദ്ധ്യമാക്കിത്തീർക്കുകയായിരിക്കും.

### ക്രിസ്തീയവിശ്വാസം

നമ്മുടെ പ്രകൃത്യായുള്ള ജീവിതത്തിനും അഭിവൃദ്ധിക്കും പ്രകൃത്യായുള്ള വിശ്വാസം ഇത്രമാത്രം അനുപേക്ഷണീയമാണെങ്കിൽ നിത്യജീവിതത്തെ സ്പർശിക്കുന്ന അദൃശ്യമായ യാഥാർത്ഥ്യങ്ങളെ സംബന്ധിച്ചു ജ്ഞാനം നൽകുന്ന വിഷയത്തിൽ വിശ്വസനീയനായ ഒരു സാക്ഷിയുടെ ആവശ്യകത എത്ര കൂടുതലായിരിക്കുന്നു? എന്തുകൊണ്ടെന്നാൽ അനശ്വരമായ നമ്മുടെ ആത്മാവു് നമ്മെയും നമ്മുടെ ശാശ്വതമായ സുസ്ഥിതിയേയും പ്രകൃത്യായുള്ള അനുഭവങ്ങൾക്കപ്പുറത്തു സ്ഥിതിചെയ്യുന്ന യാഥാർത്ഥ്യങ്ങളോടു ഘടിപ്പിക്കുന്നു.

### വിശ്വാസവും യഥാർത്ഥജ്ഞാനവും

നമ്മുടെ ഇന്നത്തെ ജീവിതത്തിൽ വിശ്വസനീയരായ സാക്ഷികൾമുഖേന ലഭിക്കുന്ന ജ്ഞാനത്തിനു് നമ്മുടെ സ്വന്തം അനുഭവംകൊണ്ടു ലഭിക്കുന്ന ജ്ഞാനംപോലെതന്നെ സുരക്ഷിതത്വം നാം കല്പിക്കുന്നു. നമ്മുടെ ആദ്ധ്യാത്മികവും അനന്തവുമായ യഥാർത്ഥജീവിതത്തിലും ഇപ്രകാരം തന്നെ ചെയ്യുന്നതിനു് ക്രിസ്തു നമ്മോടു് ആവശ്യപ്പെടുന്നു. ഐഹികങ്ങൾക്കു് അപ്പുറത്തു സ്ഥിതിചെയ്യുന്ന നിത്യയാഥാർത്ഥ്യങ്ങൾ സംബന്ധിച്ചു് വിശ്വസനീയമായസാക്ഷി താനാണെന്നു് ക്രിസ്തു അവകാശപ്പെടുകയും ചെയ്യുന്നു. "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഞങ്ങൾക്കറിയാവുന്നവയെപ്പററി ഞങ്ങൾ പ്രസ്താവിക്കുന്നു, ഞങ്ങൾ കണ്ടവയെപ്പററി ഞങ്ങൾ സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു". (ജോൺ 3, 11). നമ്മോടുകൂടിയുള്ള അവിടുത്തെ ദൃശ്യജീവിതം അല്പകാലത്തേക്കുമാത്രമായിരുന്നതിനാൽ അവിടുത്തെ സാക്ഷ്യം കാലാവസാനത്തോളം പ്രാമാണികമായി നമുക്കു ലഭിക്കുന്നതിനു് ശരിയായ ഏർപ്പാടുകൾ ക്രിസ്തു ചെയ്യുകയുണ്ടായി. "നിങ്ങളെ ശ്രവിക്കുന്നവൻ എന്നെ ശ്രവിക്കുന്നു; നിങ്ങളെ തിരസ്കരിക്കുന്നവൻ എന്നെ തിരസ്കരിക്കുകയും ചെയ്യുന്നു." (ലൂക്കാ 10,16).

### ക്രിസ്തുവിന്റെസഭ സജീവസാക്ഷി

തന്റെ ജീവിതത്തിന്റേയും പ്രബോധനങ്ങളുടേയും സജീവസാക്ഷ്യം നമുക്കു നൽകിക്കൊണ്ടിരിക്കുന്നതിനു് ക്രിസ്തു ഒരു സംഘം സ്ഥാപിച്ചു. ഈ സംഘത്തെ "എന്റെ സഭ" എന്നു് അവിടുന്നു വിളിച്ചു. ഇതേപ്പററി കൂടുതലായി പിന്നീടു പ്രതിപാദിക്കുന്നതാണു്. തന്റെ സാക്ഷ്യത്തിന്റെ യാഥാർത്ഥ്യത്തിനു് ക്രിസ്തുവും സഭയുടേതിനു് സഭയും നൽകുന്ന സാക്ഷ്യങ്ങളെ അടുത്തതായി നമുക്കു പരിശോധിക്കാം.

ഇവിടെ അർത്ഥവത്തായ ഒരു വസ്തുതയെ ചൂണ്ടിക്കാണിക്കമാത്രം ചെയ്യുന്നു. ക്രിസ്തുവിനേയും അവിടുത്തെ സന്ദേശങ്ങളേയും സംബന്ധിച്ച് സ്വയം വഞ്ചിതരാകുവാൻ അനുവദിച്ചാൽ ക്രിസ്തുവിന്റെ അനുയായികൾക്കു് സർവ്വതും നഷ്ടമാകുന്നു. ഈ വസ്തുതയെ ശരിക്കു മനസ്സിലാക്കിക്കൊണ്ടു് അഗാധപണ്ഡിതരും നിർമ്മത്സരബുദ്ധികളും ആയ നിരവധി സ്ത്രീപുരുഷന്മാർ ക്രിസ്തുവിന്റെ അവകാശവാദങ്ങളെ സനിഷ്കർഷം പരിശോധിക്കുകയും അവയുടെ വിശ്വസനീയതയിൽ സംതൃപ്തരാകുകയും ചെയ്തിട്ടുണ്ടു്. മുൻവിധികൂടാതെ ഈ

(ശേഷം പത്താംപേജിൽ)

Reg. M. No. 2293

# Sathya Deepam

Vol. 27 | Ernakulam October 14, 1953 | No. 9

## വിവിധവൃത്താന്തങ്ങൾ

### മാർഷൽ ടിറ്റോ
### മലങ്കോവിന്റെ വലംകൈ

24 കൊല്ലങ്ങളോളം യൂറോപ്യൻരാജ്യങ്ങളിൽ വ്യാപാര ഇടപാടുകൾക്കായി താമസിച്ചിട്ടുള്ള വില്യം സ്മിത്തു് എന്നൊരമേരിക്കൻ ന്യൂയോർക്കിലെ വിദേശകാര്യക്കമ്മിറ്റിമുമ്പാകെ മൊഴികൊടുക്കുകയിൽ പറഞ്ഞു: "ടിറ്റോക്കുമുമ്പു് യൂഗോസ്ലാവിയായിലെ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ജനറൽ സെക്രട്ടറിമാരായിരുന്ന മൂന്നുപേരും വധിക്കപ്പെടുകയാണുണ്ടായതു്. 1938-ൽ യൂഗോസ്ലാവിയ പീറ്റർ രാജാവിന്റെ ഭരണത്തിലായിരിക്കയിൽത്തന്നെ, അവിടത്തെ കമ്മ്യൂണിസ്റ്റു നേതാവായി ടിറ്റോയെ നിയമിച്ചതു മലങ്കോവാണു്. ടിറ്റോ സ്റ്റാലിനുമായി പിണങ്ങിപ്പിരിഞ്ഞിരിക്കയായിരുന്നുവെങ്കിലും, മലങ്കോവു് അധികാരത്തിൽ വന്നതുമുതൽ റഷ്യയും യൂഗോസ്ലാവിയായും തമ്മിൽ ഒത്തിണങ്ങിയിരിക്കയാകുന്നു. മലങ്കോവിന്റെ ദൂതന്മാർ ഇടമുറിയാതെ ടിറ്റോയുമായി സമ്പർക്കം പാലിച്ചുവരുന്നുണ്ടു്. ടിറ്റോക്കു് ഇനിമേൽ അമേരിക്കൻസഹായം നൽകുന്നകാര്യം വളരെ കരുതലോടെ ചെയ്യേണ്ടിയിരിക്കുന്നു. യൂഗോസ്ലാവിയായിൽ പരിപൂർണ്ണസ്വാതന്ത്ര്യം അനുവദിച്ചുകൊണ്ടു്, റഷ്യയോടുള്ള ബന്ധം വിട്ടിരിക്കുന്നു എന്നു നമ്മെ ബോദ്ധ്യപ്പെടുത്താൻ ടിറ്റോയോടു് ആവശ്യപ്പെടണം. ടിറ്റോയെ സഹായിക്കുന്നതുനിമിത്തം യൂറോപ്പിലെ സ്വതന്ത്രരാജ്യങ്ങളെ നാം നമ്മിൽനിന്നു അകറ്റുകയാണു ചെയ്യുന്നതു്. നാം കമ്മ്യൂണിസത്തെ ദ്വേഷിക്കുന്നു എന്നു പ്രഖ്യാപിക്കയും, ടിറ്റോയുടെ കമ്മ്യൂണിസ്റ്റുഭരണത്തെ പിന്താങ്ങുകയും ചെയ്യുന്നതു എങ്ങനെയാണെന്നു അവർക്കു മനസ്സിലാക്കാൻ കഴിയുന്നില്ല. അമേരിക്കൻ സഹായംകൊണ്ടല്ലെങ്കിൽ ടിറ്റോക്കു ഇപ്പോൾ ഭരണക്കൂടത്തിലിരിക്കാൻ സാധിക്കുമായിരുന്നില്ല......"

### അമലോത്ഭവജൂബിലി
### സ്മാരകദേവാലയം

ദൈവജനനിയുടെ അമലോത്ഭവപ്രഖ്യാപനത്തിന്റെ ശതാബ്ദജൂബിലി 1954 ലാണല്ലോ. അതിന്റെ സ്മാരകമായി അമേരിക്കൻ ഐക്യനാടിന്റെ തലസ്ഥാനമായ വാഷിംഗ്ടണിൽ അമലോത്ഭവനാമത്തിലുള്ള ഒരു വലിയ പള്ളി പണികഴിക്കുന്നതിനു് അവിടത്തെ മെത്രാന്മാർക്കൂടി തീരുമാനിച്ചിരിക്കുന്നു. 80 ലക്ഷം ഡോളറാണു് അതിലേക്കു് ഏകദേശം അടങ്കൽ നിശ്ചയിച്ചിരിക്കുന്നതു്. ഈയാണ്ടവസാനത്തോടെ അതിനുവേണ്ടി ഒരു പണപ്പിരിവു നടത്താൻ നിശ്ചയിച്ചിരിക്കുന്നു.' അടുത്തകൊല്ലം പണി ആരംഭിക്കുന്നതാണു്.

### മെഡിക്കൽ മിഷൻ സഹോദരികളുടെ പ്രവർത്തനങ്ങൾ

കഴിഞ്ഞകൊല്ലം അവസാനത്തിൽ ലോകമൊട്ടുക്കു് ആകെ 15 ആസ്പത്രികൾ മാത്രമാണു അവർക്കുണ്ടായിരുന്നതു്. 125 സിസ്റ്റേഴ്സാണു് അതിലെല്ലാംകൂടി ജോലിചെയ്തിരുന്നതു്. എങ്കിലും രണ്ടുലക്ഷത്തി അറുപതിനായിരം രോഗികളെ അവർ ശുശ്രൂഷിക്കയുണ്ടായി. രണ്ടായിരത്തി അമ്പതു മേജർ ഓപ്പറേഷനും, ഏഴായിരത്തോളം മൈനർ ഓപ്പറേഷനും നടന്നിട്ടുണ്ടു്. 5847 പ്രസവക്കേസുകളാണു് ആകെ ഉണ്ടായിട്ടുള്ളതു്. 187 നഴ്സുമാർക്കു പരിശീലനം നൽകി പുറത്തേക്കു് അയച്ചിട്ടുണ്ടു്. പാകിസ്ഥാനിലുള്ള റവൽപ്പിൻഡി ആസ്പത്രി ഇക്കാര്യത്തിൽ അദ്വിതീയമായ സേവനമത്രെ അനുഷ്ഠിക്കുന്നതു്. തന്നാണ്ടു് അവിടെ 31 നഴ്സുമാർക്കു പരിശീലനം നൽകുകയുണ്ടായി. 15 പാകിസ്ഥാൻയുവതികളെ മിഡ്വൈഫുജോലിയും പരിശീലിപ്പിച്ചയച്ചിട്ടുണ്ടു്. പാകിസ്ഥാനിൽ നഴ്സുമാരുടെ അഭാവം അത്യന്തം ശോചനീയമാകുന്നു. ഒൻപതുകോടി ജനങ്ങൾക്കു ആകെ 700 നഴ്സുമാർ മാത്രമേ അവിടെയുള്ളു.

### കമ്മ്യൂണിസ്റ്റ് ജർമ്മനി അമേരിക്കൻ ഭക്ഷ്യസഹായം നിഷേധിച്ചതു്

കിഴക്കേ ജർമ്മനിയിലെ അനേകകോടി ജനങ്ങൾ പട്ടിണികൊണ്ടു നട്ടംതിരിയുന്നതു കണ്ടാണല്ലോ പ്രസിഡണ്ടു ഐസനോവർ ഒരു കോടി അമ്പതുലക്ഷം ഡോളറിന്റെ ഭക്ഷ്യവിഭവങ്ങൾ അവർക്കു നൽകാൻ തീരുമാനിച്ചതു്. എന്നാൽ അവിടത്തെ കമ്മ്യൂണിസ്റ്റുകാർ ആ ദാനം നിഷേധിക്കയാണു ചെയ്തതു്. ലോകമൊട്ടുക്കുള്ള പത്രങ്ങൾ ഈ ക്രൂരകൃത്യത്തെ അപലപിക്കുന്നതു കാണ്മാൻ രസമുണ്ടു്. പശ്ചിമജർമ്മനിയിലെ "ടെലെഗ്രാഫ്" പത്രം ചോദിക്കുന്നു: "രണ്ടാംലോകയുദ്ധത്തിനിടയ്ക്കും അതുകഴിഞ്ഞും അമേരിക്കൻ ഭക്ഷ്യദാനങ്ങൾ വാങ്ങി വിശപ്പടക്കിയപ്പോൾ റഷ്യയുടെ ഈ അഭിമാനതള്ളൽ എവിടെയായിരുന്നു?" "ഡെർടാഗ്" എന്ന പത്രം പറയുന്നു: "സ്വന്തം കുറ്റംകൊണ്ടാണു ജർമ്മനിയിൽ ഭക്ഷ്യക്ഷാമം നേരിട്ടതെന്നു സോവ്യറ്റുഗവർമ്മെന്റു് ഇപ്പോൾ സമ്മതിക്കുന്നുണ്ടു്. ഇരുമ്പഴിക്കുള്ളിൽ കുടുങ്ങിയിരിക്കുന്ന ജനാവലിയുടെ കാര്യത്തിൽ അവർക്കു എത്രമാത്രം ചുമതലാബോധമുണ്ടെന്നു് ഈ ദിവസങ്ങളിൽ തെളിഞ്ഞിരിക്കുന്നു." "മാഞ്ചെസ്റ്റർ ഗാർഡിയൻ" പറയുന്നതായതു്: "പട്ടിണികിടന്നു ചാകാൻ തുടങ്ങുന്നവർക്കു വച്ചുനീട്ടിയ ദാനം തിരസ്കരിച്ചതിന്റെ ഭവിഷ്യത്തു് എന്തൊക്കെയായിരിക്കുമെന്നു കണ്ടുതന്നെ അറിയണം." ആഥെൻസിലെ "എത്ത്നിലോസ് കിറിക്സ്" പത്രം പ്രസ്താവിക്കുന്നു: "ജനങ്ങൾ ചാകാതെ സൂക്ഷിക്കുന്നതിനുപകരം തങ്ങളുടെ അഹന്ത പാലിക്കുന്നതിനു കമ്മ്യൂണിസ്റ്റുകാർ ചെയ്ത ഈ ശ്രമത്തിനു അവർ എന്തു സമാധാനം പറയുമെന്നു മനസ്സിലാകുന്നില്ല. കിഴക്കേ ജർമ്മനിയിലെ ജനങ്ങൾ ഇതിനു തിരിച്ചടികൊടുക്കാതെ അടങ്ങുമെന്നോ?" "കലേസർ പോസ്റ്റു്" ആശ്ചര്യം പ്രകടിപ്പിക്കുന്നു: അമേരിക്കൻ സഹായം നിഷേധിച്ച കമ്മ്യൂണിസ്റ്റുഗവർമ്മെന്റു് പടിഞ്ഞാറേ ജർമ്മനിയിൽ തെണ്ടാനിറങ്ങിയിരിക്കുന്നതു എന്തൊരു ഗജമണ്ടത്തരമാണു്!"

### കാർഡിനൽ മിൻസെന്തിയുടെ മാതാവിനു നൽകിയ സന്ദർശനങ്ങൾ

1949 ഫെബ്രുവരി മുതൽ 1953 വരെ 11 പ്രാവശ്യം സ്വപുത്രനെ ജയിലിൽവച്ചു സന്ദർശിപ്പാൻ ധന്യയായ ഈ മാതാവു് അനുവദിക്കപ്പെട്ടു. തോക്കെടുത്ത രണ്ടു ഭടന്മാരും, ഒരു പോലീസുമേധാവിയും ഈ സന്ദർശനങ്ങളിലെല്ലാം സന്നിഹിതരായിരുന്നു. അമ്മയ്ക്കു് ഇരിപ്പിടം നൽകി. എന്നാൽ പുത്രൻ നില്ക്കുന്നതിനേ അനുവദിച്ചുള്ളു. കുടുംബകാര്യം സംബന്ധിച്ച സംഭാഷണങ്ങളല്ലാതെ ഒന്നും അനുവദിക്കപ്പെട്ടിരുന്നില്ല. മൂന്നാമത്തെ സന്ദർശനാവസരത്തിൽ കർദ്ദിനാൾ തിരുമേനി അത്യന്തം അവശനായി കാണപ്പെട്ടു. വിഷബാധയുണ്ടായതായി തള്ളയ്ക്കു തോന്നി. ധീരവതിയായ ആ മാതാവു പോലീസുദ്യോഗസ്ഥനോടു പറഞ്ഞു: "നിങ്ങൾ എന്റെ മകനു യാതൊരു വൈദ്യസഹായവും നൽകുന്നില്ലയോ? നിങ്ങൾക്കു നല്ല ഡോക്ടറന്മാരെ വരുത്താൻ കഴിവില്ലെങ്കിൽ, എന്റെ ചെലവിൽ ഞാൻ ഒരു സ്പെഷ്യലിസ്റ്റിനെ കൊണ്ടുവരാം." "വേണ്ടപോലെയൊക്കെ ഞങ്ങൾ ചെയ്യുന്നുണ്ടു്" എന്നു രോഷാകുലനായി അയാൾ മറുപടി പറകയും, സന്ദർശനം തൽക്ഷണം അവസാനിപ്പിക്കുകയുമാണു് ചെയ്തതു്. ഏതായാലും അന്നുമുതൽ അദ്ദേഹത്തിനു കൂടുതൽ ആനുകൂല്യങ്ങൾ ലഭിച്ചെന്നു പ്രത്യക്ഷമായി. കൂടുതൽ ആരോഗ്യവാനായി അദ്ദേഹം കാണപ്പെട്ടു. സന്ദർശനവേളകളിൽ പിന്നീടു് അദ്ദേഹത്തിനും സീറ്റു് നൽകപ്പെട്ടു. സന്ദർശനസമയം 15 മിനിറ്റിൽനിന്നു 30 മിനിറ്റായി വർദ്ധിപ്പിച്ചു. "മുറി ചൂടുപിടിപ്പിക്കുന്നതിനു കുറെ വിറകു ഞാൻ അയച്ചുതരട്ടെയോ?" എന്നു ഒരിക്കൽ മാതാവു ചോദിച്ചതിനു് "വേണ്ടമ്മേ, ഇപ്പോൾ എനിക്കു മുറിയിൽ വേണ്ടപോലെ ചൂടു ലഭിക്കുന്നുണ്ടു്. കുറേ രോമപ്പുതപ്പുകളും തന്നിട്ടുണ്ടു്" എന്നു തിരുമേനിതന്നെ മറുപടിപറഞ്ഞു.

### പറ്റിയ മരുന്നു
### പോളണ്ടുകാരൻ നിർദ്ദേശിക്കുന്നു

കമ്മ്യൂണിസ്റ്റു് പോളണ്ടിൽനിന്നു രക്ഷപെട്ടുപോന്ന ഒരുന്നതസ്ഥാനി ലണ്ടനിൽവച്ചു പ്രസ്താവിച്ചതായതു്: "ഇരുമ്പഴിക്കുള്ളിലെ മതമർദ്ദനപരിപാടികൾക്കു വിരാമം ഇടുവിക്കുന്നതിനു് ഒരു മാർഗ്ഗമേയുള്ളു. പ്രതിഷേധപ്രസ്താവനകൾകൊണ്ടും മറ്റും നീങ്ങുന്ന രോഗമല്ല ഇതു്. സ്വതന്ത്രലോകം ഒന്നടങ്കം അവരോടു ഒരു സാമ്പത്തികബോയ്ക്കോട്ടു് ആരംഭിക്കണം. അസംസ്കൃതസാധനങ്ങൾ യാതൊന്നും അങ്ങോട്ടു കയറ്റിയയക്കരുതു്. സോവ്യറ്റധീനരാജ്യങ്ങൾ ആണ്ടിനാൽ ഇന്നതിന്നതെല്ലാം നിർമ്മിച്ചു റഷ്യയിലേക്കു് അയച്ചുകൊള്ളണമെന്നു കരാറുണ്ടു്. പാശ്ചാത്യരാജ്യങ്ങളിൽനിന്നു സാധനങ്ങൾ ലഭിച്ചല്ലാതെ ഇതു നിറവേറ്റുവാൻ അവർക്കു സാദ്ധ്യമല്ല. അതിനാൽ ഈവഴിക്കു പിടിമുറുകിയാൽ അവർ കൊമ്പുകുത്തുകതന്നെ ചെയ്യും. ഈ ഭീതി അവർക്കു അനല്പമായിട്ടു തട്ടിയിട്ടുമുണ്ടു്. പോളണ്ടിലെ ഉയർന്ന ഒരു കമ്മ്യൂണിസ്റ്റുവക്താവു് ഒരിക്കൽ ഇതു പ്രകടമായി പ്രസ്താവിക്കയുണ്ടായി. യു. എൻ. ഓയിലാകട്ടെ, അഖിലലോക തൊഴിലാളിസംഘടനകളിലാകട്ടെ, പോളണ്ടു മുതലായ കമ്മ്യൂണിസ്റ്റുമേഖലകളിലെ മതപീഡനങ്ങളെപ്പറ്റി കാര്യമായ പ്രതിഷേധമൊന്നും പരസ്യമായി പ്രകടിപ്പിച്ചു കാണാത്തതുതന്നെ ഭാഗ്യമെന്നാണു് അദ്ദേഹം പ്രസ്താവിച്ചതു്. ഇങ്ങനെ ഒറ്റക്കെട്ടായി ഒരു എതിർപ്പുണ്ടായാൽ കുഴങ്ങുകയല്ലാതെ ഗത്യന്തരമില്ലെന്നു് അവർക്കറിയാം."

### ബോംബിനെ ജയിച്ച തിരുസ്വരൂപം

കൊളോൺനഗരത്തിലെ ഒരു പ്രസിദ്ധ കാഴ്ചബംഗ്ലാവു് 1944-ലെ ഒരു വിമാനാക്രമണത്തിൽ നിശ്ശേഷം തകർന്നുവീണു. വിലയേറിയ നിരവധി കലാവൈദഗ്ദ്ധ്യസ്മാരകങ്ങൾ അതിലുണ്ടായിരുന്നു. യാതൊന്നും രക്ഷിച്ചെടുക്കാൻ സാധിച്ചില്ല. ഈയിടെ നഷ്ടശിഷ്ടങ്ങൾ മാന്തിയെടുത്തുചെന്നപ്പോൾ ക്രിസ്തുനാഥന്റെ ഒരു പുരാതനതിരുസ്വരൂപം അഭംഗമായി കണ്ടുകിട്ടിയിരിക്കുന്നു. വെസ്റ്റ്ഫാലിയായിലെ ഗ്രേനിഞ്ചർകുടുംബക്കാർ 17-ാം ശതകത്തിൽ മ്യൂസിയത്തിലേക്കു സംഭാവനചെയ്ത ഈ സ്വരൂപം ബാരോക്കു് എന്ന പ്രസിദ്ധ കലാനിപുണന്റെ കൈവേലയാണു്. കൽത്തൂണിൽ കെട്ടി അടിക്കപ്പെടുന്ന നിലയിലുള്ള കർത്താവിന്റെ പ്രസ്തുത പ്രതിമ ആ കാഴ്ചബംഗ്ലാവിലുള്ളതിൽ ഏറ്റം വിശിഷ്ടമായ ഒരു കലാനിധിയായി കരുതപ്പെട്ടിരുന്നു. അതിനാൽ വിമാനാക്രമണശല്യം ആരംഭിച്ചപ്പോൾ അതു കെട്ടിടത്തിന്റെ താഴെയുള്ള നിലവറയിലേക്കു മാറ്റി സൂക്ഷിച്ചിരുന്നു. മേൽപ്പുര തകർന്നുവീണതോടെ അവിടമെല്ലാം പൊടിഞ്ഞുപോയി എന്നാണു് കരുതിയിരുന്നതു്. എന്നാൽ പരിക്ഷണത്തിൽ ഇപ്പോൾ കണ്ടതു്, മേൽപ്പുരയുടെ ഒരു ഭാഗം ഒരു ശ്രൂപക്കൂടിന്റെ മാതിരിയിൽ മേല്പടി നിലവറയ്ക്കു മീതെ ചെന്നു നില്ക്കുകയും, കല്ലുകട്ടകൾ മുതലായവ ചെന്നു് അതിന്മേൽ തടഞ്ഞു്, അടിയിൽകിടന്ന ശ്രൂപത്തിനു യാതൊരു കേടുപാടുംകൂടാതെ കാക്കുകയും ചെയ്തുവെന്നാണു്. തിരുസ്വരൂപം ആഘോഷപൂർവ്വം ഇപ്പോൾ വേറൊരു സ്ഥലത്തേക്കു മാറ്റി സ്ഥാപിച്ചിരിക്കുന്നു.

### അമേരിക്കൻ കർഷകയുവാക്കന്മാരുടെ ഇൻഡ്യൻ പര്യടനം

ഇൻഡ്യയിൽനിന്നു ഏതാനും കർഷകയുവജനങ്ങൾ അമേരിക്കൻ കൃഷിസമ്പ്രദായങ്ങൾ കണ്ടു മനസ്സിലാക്കുന്നതിനായി അവിടെ ചെന്നു് അവിടത്തെ കൃഷീവലന്മാരുടെ ഗൃഹങ്ങളിൽ താമസിച്ചു. അത്യന്തം ഹാർദ്ദമായ സ്വീകരണമാണു് അവർക്കവിടെ ലഭിച്ചതു്. ഇപ്പോൾ 10 അമേരിക്കൻ യുവാക്കന്മാർ അതുപോലെ ഇവിടെ കുറേനാൾ താമസിച്ചു് ഇവിടത്തെ കാർഷികനടപടികൾ ഗ്രഹിക്കുന്നതിനായി വന്നെത്തിയിരിക്കുന്നു. അവരിൽ പലരും കോളെജുവിദ്യാർത്ഥികളാണു്. അഞ്ചു ദിവസം ഡൽഹിയിൽ കഴിച്ചുകൂട്ടിയശേഷം രാജ്യത്തിന്റെ വിവിധഭാഗങ്ങളിലേക്കു് അവർ പുറപ്പെട്ടിരിക്കുന്നു. കാർഷികമായ നാനാവിധകാര്യങ്ങളെയും അവർ നിരീക്ഷിക്കും. കർഷകകുടുംബങ്ങളിൽത്തന്നെയാണു് അവരുടെ താമസവും. "ഞങ്ങൾ പഠിപ്പിക്കാനല്ല വന്നിരിക്കുന്നതു്, പഠിക്കാനാകുന്നു" എന്നത്രെ അവരുടെ നേതാവു ഡൽഹിയിൽവച്ചു പ്രസ്താവിച്ചതു്.

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1

